# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
ചങ്ങനാശ്ശേരി
കോട്ടയം-686101

ഇ-മെയിൽ: mlcsry.ksad@kerala.gov.in

ഫോൺ : 0481-2400073

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ - സി.വൈ.എം3/224/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
ചങ്ങനാശ്ശേരി
കോട്ടയം-686101
തീയ്യതി: 02/07/2022
ഇ-മെയിൽ: mlcsry.ksad@kerala.gov.in
ഫോൺ: 0481-2400073

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി

സർ,

വിഷയം : ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) റീജീയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ് കൊല്ലം.
4) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ - സി.വൈ.എം3/224/22 തീയ്യതി: 02/07/2022

## കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 56 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 01-08-2021 | 31-03-2022 |
| ശ്രീമതി സി.ആർ.ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2022 | 31-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-08-2021 | 31-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി രേഖ ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി രാജശ്രീ വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ തോമസ് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ രാജേഷ്കുമാർ പി.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അംബിക വിജയൻ (ഇൻ ചാർജ്ജ്) | ചെയർപേഴ്സൺ | 01-04-2020 | 25-04-2020 |
| ശ്രീ റ്റി.പി.അനിൽകുമാർ(ചാർജ്ജ്) | ചെയർമാൻ | 26-04-2020 | 05-06-2020 |
| ശ്രീ സാജൻ ഫ്രാൻസിസ് | ചെയർമാൻ | 06-06-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | ചെയർമാൻ | 12-11-2020 | 27-12-2020 |
| ശ്രീമതി സന്ധ്യാ മനോജ് | ചെയർപേഴ്സൺ | 28-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അജിത് കുമാർ എൻ | സെക്രട്ടറി(ഇൻ ചാർജ്ജ്) | 01-04-2020 | 01-06-2020 |
| ശ്രീ ഷിബു വി പി | സെക്രട്ടറി | 02-06-2020 | 31-03-2021 |
| ശ്രീ ജേക്കബ് മത്തായി | കൃഷി ഫീൽഡ് ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.പി.ബിജു | സീനിയർ വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ ബാബു കെ.കെ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2020 | 18-02-2021 |
| ശ്രീ എം.ആർ സാന്ദ | ഹെൽത്ത് സൂപ്പർവൈസർ | 19-02-2021 | 31-03-2021 |
| ഡോ സജിത്ത് എസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-05-2020 |
| ഡോ.ഷേർളി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-06-2020 | 14-12-2020 |
| ഡോ.ഗീതാദേവി പി.ജി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 15-12-2020 | 31-03-2021 |
| ഡോ.ആൻസിമോൾ പി.എം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി കെ.കെ.ഉഷാഭായി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ജുമൈലത്ത്.എ | വ്യാവസായ വികസന | 01-04-2020 | 03-01-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ അഭിലാഷ് വർമ്മ | വ്യാവസായ വികസന ഓഫീസർ | 04-01-2021 | 31-03-2021 |
| ശ്രീമതി വിബിത സോമൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ പ്രകാശ് കുമാർ വി | പ്രിൻസിപ്പൽ, ഗവ.എച്ച്.എസ്.എസ്, ചങ്ങനാശ്ശേരി | 01-04-2020 | 31-03-2021 |
| ശ്രീമതി ബിന്ദു എസ് | അസി.എഞ്ചിനീയർ I | 01-04-2020 | 30-06-2020 |
| ശ്രീമതി ബിന്ദു എസ് | അസി.എഞ്ചിനീയർ I | 17-08-2020 | 17-02-2021 |
| ശ്രീ അനൂപ് രാജ് പി ആർ | അസി.എഞ്ചിനീയർ I | 18-02-2021 | 31-03-2021 |
| ശ്രീമതി ശ്രീലക്ഷ്മി എ | അസി.എഞ്ചിനീയർ I I | 01-04-2020 | 31-03-2021 |
| ശ്രീ അനൂപ് രാജ് പി ആർ | അസി.എഞ്ചിനീയർ I I I | 01-04-2020 | 31-03-2021 |
| ശ്രീമതി ലളിത ബി ജി | അസി.എഞ്ചിനീയർ I | 01-07-2020 | 16-08-2020 |
| ശ്രീ സോണി രാജ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 02-11-2020 | 08-02-2021 |
| ശ്രീമതി ബ്ലസ്സി ജോഷി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 09-02-2021 | 31-03-2021 |
| ശ്രീ ഷെജി കെ. എസ്. | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2020 | 08-02-2021 |
| ശ്രീ തൗഫീക്ക് പി ഇസ്മയിൽ | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 09-02-2021 | 31-03-2021 |
| ശ്രീ അജിത് കുമാർ എസ്.എൽ | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajesh Kumar (Auditor, On 15-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Rajesh Kumar (Auditor, On 15-05-2022)<br>Last Updated By: Rajesh Kumar (Auditor, On 15-05-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Rajesh Kumar (Auditor, On 15-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Rajesh Kumar (Auditor, On 15-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Rekha R (Audit Officer (HG), On 16-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Rekha R (Audit Officer (HG), On 22-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rajesh Kumar (Auditor, On 15-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Rajasree .V (Asst. Audit Officer, On 16-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Rekha R (Audit Officer (HG), On 31-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-8 |
| 10 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Rajesh Kumar (Auditor, On 22-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Rajesh Kumar (Auditor, On 16-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-10 |
| 12 | വസ്തുനികുതി നിർണ്ണയം -അപാകതകൾ<br>Written By: Rajasree .V (Asst. Audit Officer, On 11-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-11 |
| 13 | അന്ന, അഭിനയ തീയേറ്റർ - കൃത്യമായ ഏരിയ കണക്കാക്കാതെ നികുതി നിർണ്ണയിച്ചതുമൂലം നഗരസഭയ്ക്ക് നഷ്ടം<br>Written By: Rajasree .V (Asst. Audit Officer, On 11-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-11-1 |
| 14 | ജീവനക്കാരുടെ തൊഴിൽ നികുതി - ഈടാക്കിയില്ല.<br>Written By: Rajesh Kumar (Auditor, On 17-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-12 |
| 15 | ഓഡിറ്റ് ഇംപാക്ട് - തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് -നഷ്ടം ഈടാക്കി.<br>Written By: Rajesh Kumar (Auditor, On 19-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-12-1 |
| 16 | പൊതുലേല നിബന്ധനകൾ പാലിക്കുന്നില്ല<br>Written By: Thomas M (Senior Grade Auditor, On 10-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-13 |

| | | |
|---|---|---|
| 17 | ലേലത്തുക അടവാക്കുന്നതിൽ വീഴ്ച – ഇറച്ചിസ്റ്റാളുകൾ അനധികൃതമായി പ്രവർത്തിച്ചു<br>Written By: Thomas M (Senior Grade Auditor, On 11-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-13-1 |
| 18 | 2020-21 വർഷത്തേയ്ക്കുള്ള ഫീസ് പിരിവ് പൊതുലേലം - ലേലത്തുക ,ജി.എസ്.റ്റി, ഫ്ലഡ് സെസ്സ് എന്നിവ പൂർണ്ണമായി ഈടാക്കിയില്ല.<br>Written By: Thomas M (Senior Grade Auditor, On 10-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-13-2 |
| 19 | പഴയ വാഹനങ്ങളുടെ ലേലം - ലേല നടപടികളിൽ സുതാര്യതയില്ല.<br>Written By: Rajasree .V (Asst. Audit Officer, On 10-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-13-3 |
| 20 | ആക്രി സാധനങ്ങളുടെ ലേലം --ഉപയോഗയോഗ്യമായ ഉപകരണങ്ങൾ ആക്രി എന്ന പേരിൽ വാല്യുവേഷൻ കുറയുന്നു. ലേല നടപടികൾ 5 വർഷമായിട്ടും പൂർത്തിയായില്ല.<br>Written By: Rajasree .V (Asst. Audit Officer, On 10-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-13-4 |
| 21 | വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല - നഗരസഭയ്ക്ക് 7.75 ലക്ഷം രൂപയുടെ വരവ് നഷ്ടം<br>Written By: Thomas M (Senior Grade Auditor, On 10-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-14 |
| 22 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ - നഗരസഭയ്ക്ക് ലഭിക്കുന്നത് തുച്ഛമായ വാടക. കാലോചിതമായ മാറ്റങ്ങൾ അനിവാര്യം.<br>Written By: Rajasree .V (Asst. Audit Officer, On 10-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-14-1 |
| 23 | നഗരസഭയുടെ അധീനതയിലുള്ള നിരവധി കെട്ടിടങ്ങളിലെ വാടകക്കാർ പുതുക്കാതെ കുത്തകക്കാർ തുടരുന്നു.കുടിശ്ശിക 34.82 ലക്ഷം ഈടാക്കി.<br>Written By: Thomas M (Senior Grade Auditor, On 11-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-14-2 |
| 24 | ലൈസൻസ് നേടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് നിയമവിരുദ്ധം<br>Written By: Rajesh Kumar (Auditor, On 19-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-15 |
| 25 | തിയേറ്ററുകൾ, ഹോസ്റ്റലുകൾ - ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു<br>Written By: Rajesh Kumar (Auditor, On 02-06-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-15-1 |
| 26 | അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ നടപ്പാക്കിയ പദ്ധതികൾ -അപാകതകൾ<br>Written By: Rajasree .V (Asst. Audit Officer, On 09-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-16 |
| 27 | സമഗ്രമാലിന്യ നിർമ്മാർജ്ജന പദ്ധതി --എം.ആർ.എഫ് സെന്റർ സ്ഥാപിക്കൽ - പ്രവർത്തനം നടക്കുന്നില്ല. ₹5,67,193 പാഴ്ച്ചെലവ്<br>Written By: Rajasree .V (Asst. Audit Officer, On 09-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-17 |
| 28 | കുടിവെള്ളം വിതരണം - കരാറുകാരന് തുക അധികം നല്കി<br>Written By: Rajasree .V (Asst. Audit Officer, On 08-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-18 |
| 29 | എയ്റോബിക് ബിൻ സ്ഥാപിക്കൽ - തുടർപരിപാലനവും മോണിട്ടറിംഗും ഇല്ലാതെ പദ്ധതി പരാജയം<br>Written By: Rajasree .V (Asst. Audit Officer, On 09-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-19 |
| 30 | ഓഡിറ്റ് ഇംപാക്ട്-- വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി --ചെയ്യാത്ത പ്രവൃത്തിക്ക് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ നല്കിയ ആനുകൂല്യം | 1-20 |

| | | |
|---|---|---|
| | തിരിച്ചടച്ചു.<br>Written By: Rajasree .V (Asst. Audit Officer, On 09-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | |
| 31 | നഗരസഭ ഓഫീസ് കോമ്പൗണ്ടിൽ ട്രാൻസ്ഫോമർ സ്ഥാപിക്കൽ-3.8 ലക്ഷം രൂപ 2018 ൽ കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ചു- പദ്ധതി നടപ്പാക്കിയതിന്റെ വിവരം ലഭ്യമല്ല<br>Written By: Rajasree .V (Asst. Audit Officer, On 09-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-21 |
| 32 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ--കെൽട്രോണിന് അധികം തുക നൽകി.<br>Written By: Rajasree .V (Asst. Audit Officer, On 09-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-22 |
| 33 | നഗരസഭ ക്വാർട്ടേഴ്സ് -വാടക റിക്കവറി അടവാക്കാത്തത് മൂലം നഗരസഭ ഫണ്ടിന് നഷ്ടം<br>Written By: Thomas M (Senior Grade Auditor, On 10-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-23 |
| 34 | നഗരസഭ സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും സർക്കാർ ഫണ്ടിലേയ്ക്ക് തിരികെ അടവാക്കിയിട്ടില്ല.<br>Written By: Thomas M (Senior Grade Auditor, On 11-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-24 |
| 35 | സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷവും പെൻഷൻ ആനുകൂല്യം വിതരണം ചെയ്തത് അംഗികരിക്കുന്നില്ല<br>Written By: Rajasree .V (Asst. Audit Officer, On 17-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-25 |
| 36 | ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച നഗരസഭ ആസ്തികൾ തുടർപ്രവർത്തനമില്ലാതെ നിർജ്ജീവാവസ്ഥയിൽ<br>Written By: Rekha R (Audit Officer (HG), On 12-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-26 |
| 37 | പുതിയ കൗൺസിൽ ഹാളിൽ സൗണ്ട് സിസ്റ്റം, എ.സി, സീലിംഗ്, മറ്റ് പ്രവൃത്തികൾ-പ്രോജക്ട് നിർവഹണത്തിൽ അപാകതകൾ<br>Written By: Rekha R (Audit Officer (HG), On 17-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-27 |
| 38 | വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-പ്രോജക്ട് നിർവഹണത്തിൽ അപാകതകൾ<br>Written By: Rajasree .V (Asst. Audit Officer, On 17-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-28 |
| 39 | എൽ.ഇ.ഡി തെരുവ് വിളക്കുകൾ വാങ്ങൽ -സ്ഥാപനത്തെ ടെർമിനേറ്റ് ചെയ്തു. 2020-21 ൽ സ്ഥാപിച്ച ലൈറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് 2021-22 ൽ മറ്റൊരു സ്ഥാപനത്തിന് കരാർ നല്കി.<br>Written By: Rajasree .V (Asst. Audit Officer, On 26-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-29 |
| 40 | എൽ.ഇ.ഡി ലൈറ്റ് വാങ്ങൽ -ടെണ്ടർ അംഗീകരിച്ച നടപടിക്രമത്തിൽ അപാകതകൾ<br>Written By: Rekha R (Audit Officer (HG), On 30-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-30 |
| 41 | കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ - വാട്ടർ അതോറിറ്റിയിൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.<br>Written By: Rajasree .V (Asst. Audit Officer, On 19-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-31 |

| | | |
|---|---|---|
| 42 | ക്യാൻ കോട്ടയം ,ഫിറ്റ് കോട്ടയം --വിഹിതം നൽകൽ --വിനിയോഗ വിവരം ലഭ്യമല്ല.<br>Written By: Rajasree .V (Asst. Audit Officer, On 08-05-2022)<br>Last Updated By: Rekha R (Audit Officer (HG), On 01-07-2022) | 1-32 |
| 43 | സെൽഫ് ഡിക്ളറേഷൻ ഫോം ലഭ്യമാക്കാതെ ജി.എസ്.റ്റി കോമ്പൻസേഷൻ അനുവദിച്ചു.<br>Written By: Rekha R (Audit Officer (HG), On 12-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-33 |
| 44 | മുൻകൂർ തുകകൾ യഥാസമയം ക്രമീകരിക്കുന്നില്ല.<br>Written By: Thomas M (Senior Grade Auditor, On 11-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-34 |
| 45 | പ്രളയ ഫണ്ട് ഫലപ്രദമായി വിനിയോഗിച്ചില്ല<br>Written By: Rajasree .V (Asst. Audit Officer, On 19-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-35 |
| 46 | ചിറത്തറ കോളനി സമഗ്ര വികസനം - ഫീസിബിലിറ്റി കിട്ടാതെ പദ്ധതി ഉപേക്ഷിച്ചു - പ്രളയ ഫണ്ട് നഷ്ടമായി<br>Written By: Rekha R (Audit Officer (HG), On 11-05-2022)<br>Last Updated By: Rekha R (Audit Officer (HG), On 02-07-2022) | 1-36 |
| 47 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Rekha R (Audit Officer (HG), On 19-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-37 |
| 48 | നിക്ഷേപ പ്രവൃത്തികൾ - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല -21,15,394/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Rajasree .V (Asst. Audit Officer, On 21-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-38 |
| 49 | ABC പദ്ധതിക്ക് വികസനഫണ്ട് വിഹിതം നല്കി വരുന്നു. - പദ്ധതി നടപ്പാക്കുന്നില്ല.<br>Written By: Rajasree .V (Asst. Audit Officer, On 09-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-39 |
| 50 | വേഴയ്ക്കാട്ട് ബസ് സ്റ്റാൻഡ് നവീകരണം ഫൈൻ ഈടാക്കിയില്ല.<br>Written By: Rekha R (Audit Officer (HG), On 31-05-2022)<br>Last Updated By: Rekha R (Audit Officer (HG), On 01-07-2022) | 1-40 |
| 51 | അഗതിരഹിത കേരളം - ചലഞ്ച് ഫണ്ടുപയോഗിച്ചുള്ള സേവനങ്ങൾക്ക് വികസന ഫണ്ട് വിഹിതം ചെലവഴിച്ചു - റീക്കുപ്പ് ചെയ്യേണ്ടതാണ്<br>Written By: Rajasree .V (Asst. Audit Officer, On 09-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-41 |
| 52 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കൽ -അപാകതകൾ<br>Written By: Rajasree .V (Asst. Audit Officer, On 17-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-42 |
| 53 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം ആവിഷ്കരിച്ച പദ്ധതികൾ ഒന്നും നടപ്പാക്കിയില്ല.<br>Written By: Rajesh Kumar (Auditor, On 12-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-43 |
| 54 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി--അവലോകനം<br>Written By: Rajesh Kumar (Auditor, On 12-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 1-44 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |

| | | |
|---|---|---|
| 1 | അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ നടപ്പാക്കിയ പദ്ധതികൾ -അപാകതകൾ<br>Written By: Rajasree .V (Asst. Audit Officer, On 30-05-2022)<br>Last Updated By: Rekha R (Audit Officer (HG), On 02-07-2022) | 3-1 |
| 2 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ - അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Rajasree .V (Asst. Audit Officer, On 30-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 3-2 |
| ഭാഗം 4 | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rekha R (Audit Officer (HG), On 16-05-2022)<br>Last Updated By: Rekha R (Audit Officer (HG), On 16-05-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rekha R (Audit Officer (HG), On 16-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Rekha R (Audit Officer (HG), On 16-05-2022)<br>Last Updated By: Rekha R (Audit Officer (HG), On 16-05-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Rekha R (Audit Officer (HG), On 16-05-2022)<br>Last Updated By: Rekha R (Audit Officer (HG), On 16-05-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Rekha R (Audit Officer (HG), On 16-05-2022)<br>Last Updated By: Rekha R (Audit Officer (HG), On 28-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Rekha R (Audit Officer (HG), On 16-05-2022)<br>Last Updated By: Rekha R (Audit Officer (HG), On 16-05-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Rekha R (Audit Officer (HG), On 16-05-2022)<br>Last Updated By: Rekha R (Audit Officer (HG), On 29-06-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Rekha R (Audit Officer (HG), On 16-05-2022)<br>Last Updated By: Rekha R (Audit Officer (HG), On 16-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rekha R (Audit Officer (HG), On 22-05-2022)<br>Last Updated By: George P Mathew (Deputy Director, On 02-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Rekha R (Audit Officer (HG), On 16-05-2022)<br>Last Updated By: Rekha R (Audit Officer (HG), On 29-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 10.03.2020 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും, പുതുക്കിയ ബജറ്റ് 20.02.2021ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ നഗരസഭയുടെ വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ഒറിജിനൽ ബജറ്റ് തുക | പുതുക്കിയ ബഡ്ജറ്റ് | യഥാർത്ഥത്തിലുള്ളത് |
|---|---|---|---|
| മുന്നിരിപ്പ് | 9,93,14,126 | 8,51,03,925 | 6,97,95,431 |
| വരവ് | 47,28,57,700 | 40,24,61,012 | 34,51,24,540 |
| ആകെ | 57,21,71,826 | 48,75,64,937 | 41,49,19,971 |
| ചെലവ് | 52,53,42,500 | 42,97,48,155 | 34,54,19,909 |
| നീക്കിയിരിപ്പ് | 4,68,29,326 | 5,78,16,782 | 6,95,00,062 |

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 285 - 293 വരെയുള്ള വകുപ്പുകളിലെ നിർദ്ദേശം, കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് റൂൾസ് ചട്ടം 63 എന്നിവ അനുസരിച്ചും സമയക്രമം പാലിച്ചും 5% നീക്കിയിരിപ്പോടു കൂടിയും സ്ഥാപനം ബജറ്റ് തയ്യാറാക്കുന്നുണ്ടെങ്കിലും പരിഹരിക്കപ്പെടേണ്ട പല പോരായ്മകളും ഉണ്ട്. ബജറ്റ് ഫോർമാറ്റ് സിംഗിൾ എൻട്രി സിസ്റ്റത്തിലും സാംഖ്യ സോഫ്റ്റ്‌വെയർ ഡബിൾ എൻട്രി സിസ്റ്റത്തിലും ആയതിനാൽ ബജറ്റ് എസ്റ്റിമേറ്റ്, യഥാർത്ഥ വരവ് - ചെലവ് എന്നിവ തമ്മിലുള്ള ശരിയായ താരതമ്യം വിശകലനം ചെയ്യാൻ സാധ്യമാകാതെ വരുന്നു. കൃത്യമായ താരതമ്യപഠനം നടത്താതെ ബജറ്റ് തയ്യാറാക്കുന്നതിനാൽ ബജറ്റ് പ്രകാരവും വാർഷികകണക്ക് പ്രകാരവുമുള്ള വരവ് - ചെലവ് - നീക്കിയിരുപ്പ് തുകകളിൽ വൻ അന്തരം എല്ലാ വർഷവും നിലനില്ക്കുന്നു. വരവിനങ്ങൾ വർദ്ധിപ്പിക്കാനും പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താനും, ഉള്ള വരുമാന സ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്താനുള്ള ശ്രമവും നിർദ്ദേശവും ബജറ്റിൽ കൂടുതലായി ഉൾപ്പെടുത്തുന്നില്ല. കൃത്യമായ ആസ്തി ബാധ്യതകൾ നിർണ്ണയിച്ച് മുൻവർഷങ്ങളിലെ ബജറ്റും യഥാർത്ഥ വരവ്-ചെലവുകളും കൃത്യമായി പഠനം നടത്തി വരും വർഷങ്ങളിൽ യാഥാർത്ഥ്യത്തോടെ ബജറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | റിമാർക്ക്സ് |
|---|---|---|---|
| 2020-21 | 31.07.2021 | 30.07.2021 | വാർഷിക ധനകാര്യപത്രിക പ്രാഥമിക പരിശോധനയ്ക്കുശേഷം നടത്തിയ വിശദമായ പരിശോധന പ്രകാരം വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചിട്ടുണ്ട്. |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

നഗരസഭയുടെ 2020-21 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) ബി 1 ഷെഡ്യൂളിലെ ജനറൽ ഫണ്ട്, എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെൻഡിച്ചർ തുകകളുടെ കൃത്യതയോ ആധികാരികതയോ വ്യക്തമല്ല. ബി1 ഷെഡ്യൂളിന്റെ ലെഡ്ജർ പ്രകാരം ജനറൽ ഫണ്ട് മുന്നിരിപ്പ് ₹3,33,13,486 ആണ്. എന്നാൽ 2019-20 വാർഷിക കണക്കിൽ ജനറൽ ഫണ്ട് നീക്കിയിരിപ്പ് ₹85,02,264 ആയിരുന്നു.

(2) ബി2 ഷെഡ്യൂളിലെ ഇയർമാർക്ക്ഡ് ഫണ്ട് തുകയുടെ ആധികാരികത വ്യക്തമല്ല. എം.പി/എം.എൽ.എ ഫണ്ട് മുൻവർഷ തുകയായ ₹9,59,790 2020-21ലും ഉൾപ്പെടുത്തിയിരിക്കുന്നു. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ടി അക്കൗണ്ടിലുള്ള നീക്കിയിരിപ്പ് 13,021/-രൂപയാണ്.

(3) ബി3 ഷെഡ്യൂൾ മുൻവർഷത്തെ തുക തന്നെയാണ് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ആയി തൻവർഷവും ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം വിവിധ ഗ്രാന്റുകളിൽ നിന്നും ലഭിച്ച തുകയിൽ ആസ്തി രൂപീകരിക്കുന്നതിനായി ചെലവഴിച്ച തുക ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

(4) പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ചെലവാകാതെ അവശേഷിക്കുന്ന തുക ബി-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നതും ബി-17ൽ നീക്കിബാക്കി കാണിച്ചിട്ടുള്ള തുകയും വ്യത്യസ്തമാകയാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിവിധ അക്കൗണ്ടുകളുടെ ബി-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് തുകയും ബി-17 ഷെഡ്യൂളിൽ നീക്കിയിരിപ്പായ തുകയും തമ്മിൽ വ്യത്യാസം കാണുന്നു.

(5) ഡെപ്പോസിറ്റ് രജിസ്റ്റർ, വർഷം തിരിച്ചുള്ള കണക്ക് എന്നിവ സൂക്ഷിക്കാത്തതിനാൽ ബി-7 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ ബാദ്ധ്യതയായി കാണിച്ചിട്ടുള്ള ₹6.49കോടി ബാലൻസ് പരിശോധിക്കുന്നതിനാവശ്യമായ ഹെഡ്/ലെഡ്ജർ രീതിയിൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഇ.എം.ഡി, മറ്റ് നിക്ഷേപങ്ങൾ, റീട്ടെൻഷൻ, ലൈബ്രറി നിക്ഷേപം തുടങ്ങിയവ മുൻവർഷത്തെ തുക തന്നെ തുടരുകയാണ്. ഡെപ്പോസിറ്റ് റീസീവ്ഡ് ഫ്രം അദേഴ്സ് - ₹99,78,308 ഏതിനത്തിൽ വന്ന തുകയാണ് എന്ന് വ്യക്തമല്ല.

(6) ബി-9 ഷെഡ്യൂളിൽ ഗ്രോസ്സ് സാലറി പേയബിൾ മുൻവർഷത്തെ തുക തന്നെ തൻവർഷവും രേഖപ്പെടുത്തിയിരിക്കുന്നു. ബി-9 ഷെഡ്യൂളിലെ ബാദ്ധ്യത തുകകൾ പരിശോധിക്കാൻ രജിസ്റ്റർ/അനുബന്ധരേഖകൾ, കൃത്യമായ വിവരങ്ങൾ എന്നിവ ലഭ്യമല്ല. ലക്ഷ്വറി ടാക്സ് പേയബിൾ നെഗറ്റീവ് തുക കാണിച്ചിരിക്കുന്നു. ഈ ഹെഡിൽ തുകയില്ലാതെ/രസീത് ഇല്ലാതെ റീഫണ്ട് ചെയ്തതാകാം. 2019-20 അഡ്വാൻസ് കളക്ഷൻ ലൈസൻസ് ഫീസ് ₹21.84 ലക്ഷം രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ 2020-21ൽ വാർഷിക കണക്കിൽ ആർ.പി-37-ൽ ലൈസൻസ് വരവ് ₹5,85,715 മാത്രമാണ്. (കറന്റ് + കുടിശ്ശിക) രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്ത ചെക്കുകൾ സ്റ്റേൽ ചെക്ക് ഹെഡിൽ ഉൾപ്പെടുത്തുന്നില്ല.

(7) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാലും ഡിപ്രീസിയേഷൻ നൽകുന്നതിൽ അവ്യക്തതയും ഉള്ളതിനാൽ ബി 11 ഷെഡ്യൂളിലെ ആസ്തി വിവരങ്ങൾ കൃത്യമല്ല. 7(a) -ബി-11 ഷെഡ്യൂളിൽ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ഇനത്തിൽ രണ്ടു ശീർഷകങ്ങളിൽ തുക ഉൾപ്പെടുത്തിയിട്ടുണ്ട്. ബി-11(എ) ഷെഡ്യൂളിലാണ് ഇത് ഉൾപ്പെടുത്തേണ്ടത്. ഇത് സംബന്ധിച്ച വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

(8) ബി-14 പർച്ചേസ് ഓഫ് മെറ്റീരിയൽ സോഴ്സ് 2,00,000രൂപ എന്നതിന്റെ ലഡ്ജർ പരിശോധിച്ചതിൽ ലഡ്ജറിൽ ഓരോ എൻട്രിക്കും വിവരണം രേഖപ്പെടുത്താതെ തുകകൾ രേഖപ്പെടുത്തുന്നതിനാലും അഡ്ജസ്റ്റിംഗ് എൻട്രികൾ ഇടുന്നതിനാലും യഥാർത്ഥ കണക്കുകളല്ല ഷെഡ്യൂളുകളിൽ പ്രതിഫലിക്കുന്നത്.

(9) ബി-15 ലെ പിരിഞ്ഞു കിട്ടാൻ ശേഷിക്കുന്ന തുകകൾ കൃത്യമല്ല. ഡി സി ബി രജിസ്റ്ററുകൾ, പത്രികകൾ, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കാത്തതിനാലും പരിപാലിക്കാത്തതിനാലും തുകകളുടെ കൃത്യത ഉറപ്പിക്കാൻ സാധിക്കില്ല. ബി-15 പ്രകാരം 18.91 കോടി രൂപയാണ് നഗരസഭയ്ക്ക് ലഭിക്കാനുള്ളത്. ഇതിന്റെ കൃത്യമായ ഇനം തിരിച്ചുള്ള കണക്കുകൾ ഹാജരാക്കിയിട്ടില്ല. ബി-15 ലെ ലൈബ്രറി സെസ്സ് കുടിശ്ശിക വസ്തു നികുതി (തൻവർഷം + കുടിശ്ശിക) ഡിമാന്റ് രേഖപ്പെടുത്തിയപ്പോൾ 5% ലൈബ്രറി സെസ്സ് കൂട്ടിയുള്ള തുക രേഖപ്പെടുത്തിയിട്ടുള്ളത് തെറ്റാണ്.

(10) ബി-18- ലോൺസ്, അഡ്വാൻസ് & ഡെപ്പോസിറ്റ് തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. മിക്ക ഇനങ്ങളിലും മുൻവർഷ നീക്കിയിരിപ്പാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മിസലേനിയസ് അഡ്വാൻസിന്റെ ലഡ്ജർ പ്രകാരം മുന്നിരിപ്പ് ₹29,79,722 എന്നത് ഏതെന്ന് വ്യക്തമല്ല. ഈ ഇനത്തിൽ ആകെ ₹43.40 ലക്ഷം ക്രമീകരിക്കാൻ ഉള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത് വിശദീകരിച്ചിട്ടില്ല. അദർ ലോൺസ് &

അഡ്വാൻസസ് റ്റു എംപ്ളോയീസ് ഹെഡിലും മുന്നിരിപ്പ് ₹35,37,765 ഏതാണെന്ന് വ്യക്തമല്ല. 36.24 ലക്ഷം ലഭിക്കാനുള്ളത് എങ്ങനെയെന്ന് വ്യക്തമാക്കിയിട്ടില്ല.

(11) ബി-21-പ്രൊവിഷൻ ₹72,21,156 കൊടുത്തിരിക്കുന്നത് എപ്രകാരമെന്ന് വ്യക്തമാക്കിയിട്ടില്ല. മുൻവർഷവും ഈ തുകയ്ക്കു തന്നെയാണ് പ്രൊവിഷൻ രേഖപ്പെടുത്തിയിരിക്കുന്നത്.

(12) തൊഴിൽ നികുതി -ജീവനക്കാർ -ആർ പി-1 & I-1 ലെയും തുക വ്യത്യാസപ്പെട്ടിരിക്കുന്നു.

(13) വസ്തു നികുതി -സഞ്ചയ - സാംഖ്യ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല.

(14) അക്രൂവൽ വരവിനങ്ങളുടെ ഡിമാന്റ് കൃത്യമല്ല. (I-1)

(15) I -6 & RP6(1)വികസന ഫണ്ട് (ജനറൽ) വിഭാഗം ചെലവ് ബന്ധപ്പെട്ട എ സി ആർ, വാർഷിക കണക്ക്, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| എ സി ആർ പ്രകാരം | 5,31,51,898 |
| വാർഷിക കണക്ക് | 5,28,51,898 |
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | 5,46,11,898 |
| എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഐ.കെ.എം | 5,46,11,898 |

(16) മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ചെലവ് എ സി ആർ പ്രകാരം ₹1,44,03,697 ഉം വാർഷിക കണക്ക് പ്രകാരം ₹1,34,18,521 ഉം ആണ്. 9,85,176 രൂപയുടെ വ്യത്യാസം. 160100212 എന്ന ഹെഡിൽ I-6ൽ ഫണ്ട് ഫോർ ട്രാൻസ്ഫേർഡ് ഇൻസ്റ്റിറ്റ്യൂഷൻ സ്മോൾ സ്കെയിൽ ഇൻഡസ്ട്രി എന്ന ഇനത്തിൽ ₹9,85,176 ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. ഇത് യഥാർത്ഥത്തിൽ നോൺ റോഡ് ചെലവാണ്. പ്രത്യേക ഹെഡിൽ ഇപ്രകാരം ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല.

(17) തൊഴിൽ രഹിത വേതനം ഫയൽ പ്രകാരം 2020-21ൽ വിതരണം ചെയ്തത് 23,760 രൂപയാണ്. ഈ കണക്ക് വാർഷിക കണക്കിൽ എവിടെയും അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

(18) സ്പെഷ്യൽ ഗ്രാന്റ്, ലൈബ്രറി ഗ്രാന്റ്, അദർ റെവന്യൂ ഗ്രാന്റ് (I6 & RP6) വരവിന്റെ കൃത്യത വ്യക്തമല്ല.

(19) I-17-ഷെഡ്യൂൾ -ഡിപ്രീസിയേഷൻ - വാർഷിക കണക്കിൽ ചേർത്തിട്ടില്ല.

(20) കാഷ് ബുക്ക് - ബാങ്ക് അക്കൗണ്ടുകൾ റീക്കൺസിലിയേഷൻ നടത്തിയിട്ടില്ലാത്തതിനാൽ അക്കൗണ്ട്സ് പ്രകാരമുള്ള നീക്കിയിരിപ്പും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ബാങ്ക് അക്കൗണ്ട് | AFS Balance On 31.03.2021 | Pass Book/ Scroll Balance |
|---|---|---|
| SBI (Own Fund) Main | 1,04,85,867 | 1,01,62,200 |
| ICICI (IHHL Toilet) | 74,96,586 | 85,80,492 |
| COVID 1335 | 2,94,756 | 0 |
| IOB(IHSDP) | 1,13,76,654 | 1,12,76,354 |

(21) RP 29 ൽ ലൈബ്രറി സെസ്സ് ഇനത്തിൽ വരവ് ₹16,66,015 ആണ്. രജിസ്റ്റർ & ഫയൽ പ്രകാരം ₹17,13,411 ആണ്. ലൈബ്രറി കൗൺസിലിലേയ്ക്ക് ആകെ അടയ്ക്കാനുള്ള തുക വാർഷിക കണക്ക് പ്രകാരം ബി-9-ൽ ₹1,30,21,390 ഉം രജിസ്റ്റർ പ്രകാരം ₹1,05,65,204 ഉം ആണ്. വസ്തു നികുതി ഡിമാന്റ് കൃത്യമല്ലാത്തതിനാൽ ലൈബ്രറി സെസ്സ് തുകയും കൃത്യമല്ല.

(22) RP 29 – CGST, SGST, Flood Cess വരവ് -ചെലവ് ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല. കേന്ദ്ര -സംസ്ഥാന ഫണ്ടുകളിൽ അടയ്ക്കാനുള്ള തുക പൂർണ്ണമായി അടയ്ക്കാതെ നഗരസഭ ഫണ്ടിൽ നിലനിർത്തിയിരിക്കുന്നു എന്നാണ് ബി-9 ലെ ബാലൻസ് തുകയിൽ നിന്നും വ്യക്തമാകുന്നത്. വിവിധ ഷെഡ്യൂളുകൾ പ്രകാരമുള്ള തുകകൾ ചുവടെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | RP 29 (വരവ് ഹെഡ്) | RP 29 (ചെലവ് ഹെഡ്) | B-9 |
|---|---|---|---|
| CGST | 6,61,921 | 6,02,492 | 10,69,667(59429) |
| SGST | 6,61,860 | 6,02,492 | 13,25,553(59368) |
| Flood Cess | 73,823 | 60,694 | 25,991(13129) |

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 6,97,95,431 |
| വരവ് | 34,51,24,540 |
| ആകെ | 41,49,19,971 |
| ചെലവ് | 34,54,19,909 |
| നീക്കിയിരിപ്പ് | 6,95,00,062 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 43,203 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 50,25,859 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം (ACR പ്രകാരം) | | 5,40,54,000 | 5,40,54,000 | 5,31,51,898 | 9,02,102 |
| വികസന ഫണ്ട് എസ്.സി.പി (ACR പ്രകാരം) | | 1,49,37,000 | 1,49,37,000 | 1,10,79,770 | 38,57,230 |
| സംരംക്ഷണ ഗ്രാന്റ് റോഡ് (ACR പ്രകാരം) | | 6,59,84,100 | 6,59,84,100 | 6,59,84,100 | 0 |

| | | | | | |
|---|---|---|---|---|---|
| സംരംക്ഷണ ഗ്രാന്റ് നോൺ റോഡ് (ACR പ്രകാരം) | | 1,44,03,827 | 1,44,03,827 | 1,44,03,697 | 130 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 7,91,77,242 | 7,91,77,242 | 5,14,59,140 | 2,77,18,102 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഗ്രാന്റ്) | | 3,14,70,000 | 3,14,70,000 | 1,05,79,424 | 2,08,90,576 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| യു.ഐ.ഡി എസ്.എസ്.എം.റ്റി (ഖരമാലിന്യം) | 19,39,205 | 60,214 | 19,99,419 | 0 | 19,99,419 |
| യു.ഐ.ഡി.എസ്.എസ്.എം.റ്റി(ഇൻഡ്യൻ ബാങ്ക്) | 38,34,746 | 3,05,234 | 41,39,980 | 0 | 41,39,980 |
| യു.ഐ.ഡി എസ്.എസ്.എം.റ്റി (വാട്ടർ സപ്ളൈ) | 3,466 | 108 | 3,574 | 0 | 3,574 |
| ഐ.എച്ച്.എസ്.ഡി.പി(ഫേസ്-1) | 20,26,949 | 45,284 | 20,72,233 | 0 | 20,72,233 |
| ഐ.എച്ച്.എസ്.ഡി.പി(ഫേസ്-2) | 1,10,05,397 | 3,71,293 | 1,13,76,690 | 36 | 1,13,76,654 |
| ഐ.സി.ഡി.എസ് | 10,62,083 | 11,82,990 | 22,45,073 | 8,89,007 | 13,56,066 |
| പി.എം.എ.വൈ | 92,55,850 | 1,21,92,521 | 2,14,48,371 | 42,05,006 | 1,72,43,365 |
| എൻ.യു.എൽ.എം | 1,22,557 | 26,59,641 | 27,82,198 | 24,06,300 | 3,75,898 |
| ഐ.എച്ച്.എച്ച്.എൽ.ടോയിലറ്റ് | 1,00,21,698 | 12,800 | 1,00,34,498 | 25,37,912 | 74,96,586 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| ഇ.എം.എസ്(എസ്.സി) | 9,33,893 | 42,632 | 9,76,525 | 0 | 9,76,525 |
| ഇ.എം.എസ്(ജനറൽ) | 42,26,126 | 3,47,187 | 45,73,313 | 10,30,111 | 35,43,202 |
| എ.യു.ഇ.ജി.എസ് | 5,683 | 1,00,51,479 | 1,00,57,162 | 69,49,385 | 31,07,777 |

അപാകതകൾ

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് വിനിയോഗ പത്രികയിൽ വിവിധ ഫണ്ടുകളുടെ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക വരവ് - ചെലവ് കണക്കിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | ചെലവിനം | വരവ് തുക | ചെലവ് തുക |
|---|---|---|---|
| വികസന ഫണ്ട് | അങ്കണവാടി അധികവേതനം | 21,90,000 | 14,60,000 |
| സംരക്ഷണഗ്രാന്റ് | വോട്ടിംഗ് മെഷീൻ | 1,47,173 | 1,47,173 |

2) വികസന ഫണ്ട് (ജനറൽ) വിഭാഗം ചെലവ് -എ സി ആർ, വാർഷിക കണക്ക്, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| എ സി ആർ പ്രകാരം | 5,31,51,898 |
| വാർഷിക കണക്ക് | 5,28,51,898 |
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | 5,46,11,898 |
| എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഐ.കെ.എം | 5,46,11,898 |

2) കേന്ദ്ര/സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ അലോക്കേഷൻ, നീക്കിയിരിപ്പ് തുകകൾ മാത്രമാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

3) വിവിധ അക്കൗണ്ടുകളുടെ നീക്കിയിരുപ്പ് തുക കൃത്യമായി ബാങ്ക് സ്റ്റേറ്റുമെന്റുകളുമായി

പൊരുത്തപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ സ്ഥാപനം ഹാജരാക്കിയ കണക്കുകളാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|
| 426 | 32,13,44,463 | 358 | 20,81,18,029 | 68 |

വിവിധ ഫണ്ടിനങ്ങളിലുള്ള വകയിരുത്തലിന്റെയും വിനിയോഗത്തിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | വകയിരുത്തൽ (തുക രൂപയിൽ) | വിനിയോഗം (തുക രൂപയിൽ) |
|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം-സാധാരണ വിഹിതം) | 7,48,00,159 | 5,46,11,898 |
| വികസന ഫണ്ട് (എസ്.സി.പി) | 2,07,53,456 | 1,10,79,770 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 9,17,30,335 | 6,20,38,564 |
| പ്രത്യേക ഗ്രാന്റ് | 35,00,000 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1,19,23,990 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 76,76,571 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 8,42,33,708 | 6,59,84,100 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 1,86,05,044 | 1,44,03,697 |
| മറ്റുള്ളവ | 81,21,200 | 0 |
| ആകെ | 32,13,44,463 | 20,81,18,029 |

ആകെ വകയിരുത്തിയ ഫണ്ടിന്റെ 65 % ചെലവഴിച്ചിട്ടുണ്ട്. പ്രത്യേക ഗ്രാന്റ്, സംസ്ഥാനാവിഷ്കൃത ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട്, മറ്റുള്ളവ എന്നിവയ്ക്ക് വകയിരുത്തിയ തുക ചെലവഴിച്ചിട്ടില്ല. മെയിന്റനൻസ് ഗ്രാന്റ് പൂർണമായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വികസനഫണ്ട് (എസ്.സി.പി), ധനകാര്യകമ്മീഷൻ ഗ്രാന്റിനങ്ങളിൽ ലഭിച്ച തുകയിൽ യഥാക്രമം ₹37,58,720 ,₹4,86,08,678 വർഷാവസാനം ലാപ്സായിട്ടുണ്ട്. പദ്ധതി നിർവ്വഹണ നടപടികളിലെ കാലതാമസവും ട്രഷറി നിയന്ത്രണവും മൂലം പല പ്രോജക്ടുകളുടേയും ബില്ലുകൾ പാസ്സാക്കാത്തതും ഫണ്ടുകൾ നഷ്ടപ്പെടുന്നതിന് കാരണമാകുന്നു. ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രൊജക്ടുകളുടെ വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ പ്രൊജക്ട് | നടപ്പാക്കിയവ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ,ആയുർവേദം | 2 | 2 | 19,00,000 | 19,00,000 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 2 | 4,00,000 | 3,94,319 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ | 6 | - | 28,10,000 | 0 |

| | | | | |
|---|---|---|---|---|
| ഓഫീസർ | | | | |
| കൃഷി ഓഫീസർ | 12 | 11 | 84,94,975 | 51,55,132 |
| സെക്രട്ടറി | 38 | 35 | 3,76,66,931 | 2,72,63,880 |
| സീനിയർ വെറ്റിനറി സർജൻ | 5 | 3 | 15,06,200 | 1,90,000 |
| ക്ഷീരവികസനം | 4 | 4 | 12,00,000 | 5,35,824 |
| പ്രോജക്ട് ഓഫീസർ, ദാരിദ്രനിർമ്മാർജ്ജന സെൽ | 20 | 17 | 1,49,60,700 | 90,95,559 |
| ഹെൽത്ത് ഓഫീസർ | 22 | 14 | 4,16,49,904 | 80,05,547 |
| മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ) | 5 | 2 | 30,50,000 | 19,43,164 |
| പ്രിൻസിപ്പൽ,ഗവ.ഹയർസെക്കണ്ടറി സ്കൂൾ | 3 | 3 | 6,80,000 | 6,59,844 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 6 | 74,59,889 | 64,31,135 |
| അസി.എഞ്ചിനീയർ | 300 | 258 | 19,89,50,864 | 14,63,96,189 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 6,15,000 | 1,47,436 |
| ആകെ | 426 | 358 | 32,13,44,463 | 20,81,18,029 |

ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രോജക്ടുകളൊന്നും നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കിയത് ഗുരുതരമായ വീഴ്ചയാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ്+പലിശ | ആകെ | ചെലവ് | | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | | | ഭരണച്ചെലവ് | ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | |
| 5,683 | 1,00,51,479 | 1,00,57,162 | 4,84,000 | 64,65,385 | 31,07,777 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്തക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 23,760 | 33 |
| കർഷക തൊഴിലാളി വേതനം | 35,33,900 | 713 |
| വിധവാ പെൻഷൻ | 2,19,60,900 | 4216 |
| വാർദ്ധക്യകാല പെൻഷൻ | 4,26,73,000 | 7757 |
| വികലാംഗ പെൻഷൻ | 58,03,800 | 1078 |
| അവിവാഹിതർക്കുള്ള പെൻഷൻ | 7,66,400 | 145 |

## 1-8 ആഭ്യന്തര നിയന്ത്രണം

1) പൊതുവായ ആഭ്യന്തര നിയന്ത്രണം:

നഗരസഭയിലെ ചെലവുകൾ സംബന്ധിച്ച പരമപ്രധാന രേഖയായ വൗച്ചറുകൾ തീർത്തും അശാസ്ത്രീയവും അപൂർണ്ണവുമായ രീതിയിലാണ് സൂക്ഷിച്ചു വരുന്നത്. വൗച്ചറുകൾ സാംഖ്യ പ്രകാരമുള്ള വൗച്ചർ നമ്പരിന്റെ ക്രമത്തിൽ ചിട്ടപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2) അക്കൗണ്ടുകളിന്മേലും പണം കൈകാര്യം ചെയ്യുന്നതിന്മേലുള്ള നിയന്ത്രണം

വിവിധ അക്കൗണ്ടുകളുടെ നീക്കിയിരുപ്പ് തുക കൃത്യമായി ബാങ്ക് സ്റ്റേറ്റുമെന്റുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. 1973-74 മുതലുള്ള അഡ്വാൻസ് തുകകൾ ക്രമീകരിക്കാൻ ശേഷിക്കുന്നുണ്ട്.

3) പ്രധാന വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് നിർണ്ണയം സംബന്ധിച്ച നിയന്ത്രണം

വസ്തു നികുതി പരിഷ്കരണത്തിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. സഞ്ചയ – സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയാകാത്തതിനാൽ വസ്തു നികുതി സംബന്ധിച്ച കൃത്യമായ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ ലഭ്യമാകുന്നില്ല. ഡേറ്റാ എൻട്രി നടത്തുന്നതിൽ പിഴവുകൾ സംഭവിക്കുന്നു. കൃത്യമായ ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സിന്റെ ഒഴികെയുള്ള ഇതര ജീവനക്കാരുടെ തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ലാത്തതിനാൽ റവന്യൂ വരുമാനത്തിൽ കുറവുണ്ടാകുന്നു. വാർഡുതല ഡിമാന്റ് രജിസ്റ്ററുകളിൽ കൃത്യമായ വിവരങ്ങൾ ചേർക്കുകയോ പുതുക്കുകയോ ചെയ്യാത്തതിനാൽ ഡിമാന്റ്, കളക്ഷൻ വിവരങ്ങളിൽ കൃത്യതയില്ല. ലൈസൻസ് നേടാതെയും തൊഴിൽ നികുതി ഒടുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. കടമുറികളുടെ വാടക വർഷങ്ങളായി കുടിശ്ശികയായി തുടരുന്ന സാഹചര്യം ഉണ്ട്. വാടകക്കാരുമായി കരാറുകൾ ചമയ്ക്കുന്നതിൽ ഗുരുതരമായ വീഴ്ചകൾ സംഭവിക്കുന്നു. ലേല നിബന്ധനകൾ പൂർണമായി പാലിക്കപ്പെടുന്നില്ല. ലേലം സംബന്ധിച്ച കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4) നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം/ആസ്തികളിന്മേലുള്ള നിയന്ത്രണം

പ്രോജക്ടുകൾ ലക്ഷ്യം കൈവരിക്കുന്നില്ല. മരാമത്ത് പ്രവൃത്തിയിൽ യഥാസമയം കരാർ ചമയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിക്കുന്ന ആസ്തികൾ തുടർപ്രവർത്തനം ഇല്ലാതെ നിഷ്ക്രിയമാകുന്ന സാഹചര്യം ഉണ്ടാവുന്നു.

മേൽ വിഷയത്തിലേയ്ക്ക് നഗരസഭാധികൃതരുടെയും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കൃത്യമായ ഇടവേളകളിൽ നടത്തിയിരുന്നു. 2020-21ലെ വാർഷിക ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് അവസാനിക്കുന്നതിനുമുമ്പ് 24.03.2022-ൽ 2.40 Pm-ന് നഗരസഭയിലെ ക്യാഷ് പിരിവുള്ള മൂന്ന് കൗണ്ടറുകളിലെ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ക്യാഷ് ബാലൻസ് ഭൗതികപരിശോധന നടത്തി. പരിശോധനയിൽ ₹24,287 ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ /തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14-11-2011 മുതൽ 16-11-2011 വരെ | 2010-11 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7/8/2019 മുതൽ 30/8/2019 വരെ | 2017-18 & 2018-19 | LBA(HQ)/II/I/8A-50/2019-2020/390, Dtd, 26.09.2019. |

## 1-11 വസ്തുനികുതി നിർണ്ണയം -അപാകതകൾ

1)വാണിജ്യാവശ്യത്തിനായി പ്രവർത്തിക്കുന്ന കെട്ടിടം വാസഗൃഹനിരക്കിൽ തെറ്റായി അസസ്സ്ചെയ്തിരിക്കുന്നു. വസ്തുനികുതിയിനത്തിൽ നഗരസഭയ്ക്ക് നഷ്ടം

36/285, 34/339(2) എന്നീ കെട്ടിടങ്ങൾ യഥാക്രമം എസ്.വിജയമോഹൻ, പോൾ ജോസഫ് എന്നിവരുടെ ഉടമസ്ഥതയിലുള്ളതാണ്. സഞ്ചയയിൽ ഫോം 6 പ്രകാരം ഇവ വാസഗൃഹമായിട്ടാണ് അസസ്സ് ചെയ്തിരിക്കുന്നത്. എന്നാൽ ടി നമ്പർ കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളായി പ്രവർത്തിക്കുന്നു എന്ന് ലൈസൻസ് അപേക്ഷയിൽ നിന്നും വ്യക്തമാകുന്നു. വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വാസഗൃഹം നിരക്കിൽ അസസ്സ് ചെയ്തതിനാൽ വസ്തുനികുതിയിനത്തിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./കെട്ടിടം നം./ഉടമസ്ഥന്റെ പേര് | ഫോം 6 പ്രകാരം തറവിസ്തീർണ്ണം, ഉപയോഗക്രമം, | യഥാർത്ഥ ഉപയോഗക്രമം, നിരക്ക്, ഈടാക്കേണ്ടിയിരുന്ന തുക | നഷ്ടം 2016-17 മുതൽ പ്രതിവർഷ ഇളവുകളും |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | ഈടാക്കുന്ന തുക | | വർദ്ധനവുകളും കണക്കാക്കാതെ |
| 1 | 34/339/(2), പോൾ ജോസഫ് | 15m2 പാർപ്പിടാവശ്യം 15@12=180 | വാണിജ്യാവശ്യത്തിനുള്ള 100m2 താഴെ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഗോഡൗണുകൾ 15@50=750 | 570/- |
| 2 | 36/285, എസ്.വിജയമോഹൻ | 40m2 പാർപ്പിടാവശ്യം 40@12=480 | വാണിജ്യാവശ്യത്തിനുള്ള 100m2 താഴെ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഗോഡൗണുകൾ 40@50=2000 | 1,520/- |

വസ്തുനികുതിയിനത്തിൽ മാത്രം പ്രതിവർഷം 2090/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. തെറ്റായി നികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നം. 51/2020-21/04.05.2022- ന് മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് നികുതി പുനർ നിർണ്ണയം നടത്തി നഷ്ടം ഈടാക്കേണ്ടതും പുതുക്കിയ വസ്തു നികുതിക്ക് ആനുപാതികമായി സർവീസ് സെസ്സും ലൈബ്രറിസെസ്സും ഈടാക്കേണ്ടതാണ്.

2) വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടം വിഭജിച്ച് അസസ്സ് ചെയ്തത് മൂലം നഗരസഭയ്ക്ക് നഷ്ടം

34/225(1),(2),(10) മുതൽ (15) വരെ നമ്പരുള്ള ഒരേ ഉടമസ്ഥന്റെ കെട്ടിടങ്ങൾ പ്ലിന്ത് ഏരിയ ഒന്നിച്ച് കണക്കാക്കി അസസ്സ് ചെയ്യാതെ വിഭജിച്ച് അസസ്സ് ചെയ്തതിനാൽ നികുതി നഷ്ടം സംഭവിച്ചിട്ടുണ്ട്. 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 4 പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരാളിന്റെ ഉടമസ്ഥതയിൽ തന്നെ ആകുകയും തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പരുകൾ നൽകിയിട്ടുണ്ടെങ്കിൽ ഓരോ ഭാഗത്തേയും വെവ്വേറേ കെട്ടിടങ്ങളായി കണക്കാക്കി വസ്തു നികുതി ചുമത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുമുണ്ട്. എന്നാൽ കാരണങ്ങൾ രേഖപ്പെടുത്താതെ താഴെപ്പറയുന്ന കെട്ടിടം വിഭജിച്ച് അസസ്സ് ചെയ്തപ്പോൾ വിസ്തീർണ്ണം ഒരുമിച്ച് കണക്കാക്കാതിരുന്നതുമൂലം നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം/കെട്ടിട നം./ഉടമസ്ഥന്റെ പേര് | നികുതി കണക്കാക്കിയത്/വിസ്തീർണ്ണം | നികുതി കണക്കാക്കേണ്ടത് | കുറവ് |
|---|---|---|---|
| ശ്രീ ജോസഫ് തോമസ്/34/225(1), (2), 10 മുതൽ 15 വരെ | 261.32@50രൂ=13066 | 261.32@80രൂ=20906 | 7840/- |

34/225(1), (2), (10) മുതൽ (15) വരെ നമ്പർ നൽകിയ കെട്ടിടം ശ്രീ ജോസഫ് തോമസിന്റെ ഉടമസ്ഥതയിലുള്ളതാണ്. ആകെ 261.32m2 വിസ്തീർണ്ണമുള്ള കെട്ടിടം വിഭജിച്ച് അസസ്സ് ചെയ്തപ്പോൾ 100m2 ന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്ന തരത്തിൽ കെട്ടിട നികുതി നിരക്ക് @ ₹80 ന് പകരം 100m2 ന് താഴെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിട നികുതി നിരക്ക് @ ₹50/- പ്രകാരമാണ് അസസ്സ് ചെയ്തത്.

ഇപ്രകാരം വസ്തുനികുതിയിനത്തിൽ മാത്രം ഓരോ വർഷവും 7,840രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. തെറ്റായി നികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നം 51/2020-21 /04.05.2022 ന് മറുപടി ലഭ്യമാക്കിയില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധന നടത്തി സമാനമായ രീതിയിൽ അപാകതകൾ വന്നിട്ടുള്ള പക്ഷം നികുതി നഷ്ടം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

എന്നാൽ ശ്രീ ആന്റണി തോമസിന്റെ ഉടമസ്ഥതയിലുള്ള 34/225(3) മുതൽ (9) വരെയുള്ള കെട്ടിടങ്ങൾ (126.74m2) വിഭജിച്ച് അസസ്സ് ചെയ്തിട്ടുണ്ടെങ്കിലും 100m2 ന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള വസ്തു നികുതി നിരക്ക് (80/-) പ്രകാരം തന്നെയാണ് അസസ്സ് ചെയ്തിട്ടുള്ളത്.

3) 2019-20 ഓഡിറ്റ് റിപ്പോർട്ടിൽ ഖ.1.13.1 മുതൽ 1.13.6 വരെയുള്ള വസ്തുനികുതി സംബന്ധിച്ച പരാമർശങ്ങളിൽ തുടർനടപടി സ്വീകരിച്ച വിവരവും അറിയിച്ചിട്ടില്ല. അപാകത പരിഹരിച്ച് നികുതി പുനർ നിർണ്ണയം നടത്തി നഷ്ടം ഈടാക്കേണ്ടതും പുതുക്കിയ വസ്തു നികുതിക്ക് ആനുപാതികമായി സർവീസ് സെസ്സും ലൈബ്രറിസെസ്സും ഈടാക്കേണ്ടതാണ്. ഇപ്രകാരം എല്ലാ വാർഡിലെയും നികുതി നിർണ്ണയം പരിശോധിച്ച് കൃത്യമാണെന്ന് ഉറപ്പ്

വരുത്തേണ്ടതുമാണ്.

**1-11-1 അനു, അഭിനയ തീയേറ്റർ - കൃത്യമായ ഏരിയ കണക്കാക്കാതെ നികുതി നിർണ്ണയിച്ചതുമൂലം നഗരസഭയ്ക്ക് നഷ്ടം**

ഫയൽ നം. ആർ2/12209/20

ശ്രീ ജോർജ് മാളിയേക്കലിന്റെ ഉടമസ്ഥതയിലുള്ള അനു, അഭിനയ തീയേറ്ററിൽ അനധികൃത നിർമ്മാണം നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി 14.09.2020 ന് റവന്യൂ ഓഫീസറുടെ സാന്നിധ്യത്തിൽ നഗരസഭ ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ, രണ്ട് തീയേറ്ററും വിവിധ നിലകളിലായി കൃത്യമായ അളവെടുക്കാൻ സാധിക്കാത്ത രീതിയിലുള്ള നിർമ്മാണം ആയതിനാൽ ഏകദേശ ഏരിയ അളവ് 2585m2 എന്ന് നിർണ്ണയിച്ചു. തീയേറ്റർ റിനോവേഷൻ നടത്തിയെങ്കിലും ഘടനാപരമായ മാറ്റമോ, കൂട്ടി ചേർക്കലോ നടത്തിയിട്ടില്ല എന്നും റവന്യൂ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

രണ്ട് തീയേറ്ററിനും ഓരോ നമ്പർ വീതം നല്കി (29/219, 29/220) ആകെ 500m2 ഏരിയ രേഖപ്പെടുത്തി അതനുസരിച്ചുള്ള നികുതിയാണ് നികുതി പരിഷ്കരണം കഴിഞ്ഞിട്ടും ഈടാക്കിയിരുന്നത്. എന്നാൽ 9/2020 ലെ പരിശോധനയിൽ 7 കെട്ടിട നമ്പർ നല്കി പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ സഞ്ചയയിൽ നികുതി അസ്സസ്സ് ചെയ്ത് ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും നികുതി അടവാക്കിയിട്ടില്ല. നികുതി അസ്സസ്സ് ചെയ്യുന്ന വിഷയത്തിൽ നിലവിലും വ്യക്തത വരാത്തതിനാൽ ഫയൽ തീർപ്പാക്കിയിട്ടില്ല.

1990 കളിൽ നിർമ്മിച്ച കെട്ടിടത്തിന്റെ ഏരിയ അസ്സസ്സ്മെന്റ് രജിസ്റ്ററിൽ തെറ്റായി എഴുതി ചേർത്തതോ പിന്നീട് വന്ന പിശകോ ആണെങ്കിൽ പോലും തീയേറ്റർ ചെക്കിംഗ്, ഡിമാന്റ് നോട്ടീസ് നല്കൽ, നികുതി പരിഷ്കരണം എന്നിവ നടന്നിട്ടും 2020 വരെ ഈ വിഷയം റവന്യൂ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെട്ടില്ല എന്നത് ഉദ്യോഗസ്ഥരുടെ ഭാഗത്തെ വീഴ്ചയായി സെക്രട്ടറി തന്നെ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പുതിയതായി കണക്കാക്കിയ പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തിയിട്ട് 2 വർഷം കഴിഞ്ഞിട്ടും ഈ വിഷയത്തിൽ കത്തിടപാടുകൾ നടത്തുന്നതല്ലാതെ വിഷയം തീർപ്പാക്കിയിട്ടില്ല. (ഒരേ കാര്യങ്ങൾ ഓരോ സെക്ഷനിലും എഴുതി ഫയൽ തീർപ്പാക്കൽ അനന്തമായി നീളുന്നു) ആദ്യകാലം മുതൽ തന്നെ തീയേറ്ററുകളുടെ ഏരിയ ഇത്രയുമായിരിക്കെ നികുതി പരിഷ്കരണം നടന്നിട്ടും കൃത്യമായ പരിശോധന നടത്താത്തതുമൂലം വസ്തുനികുതിയിനത്തിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചത് ആ കാലയളവിലെ ഉദ്യോഗസ്ഥരുടെ ബാധ്യതയാകുന്നതാണ്. നിലവിലുള്ള സർക്കാർ നിയമങ്ങളും വസ്തുനികുതി പരിഷ്കരണ ചട്ടങ്ങളും പ്രകാരം 2016-17 ഒന്നാം അർദ്ധവർഷം മുതൽ നികുതി നിർണ്ണയിച്ച് വ്യക്തിയിൽ നിന്നും ഈടാക്കാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നഷ്ടം ഒടുക്കേണ്ടതാണ്.

വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി നിർണ്ണയത്തിൽ നിന്നും പ്ലിന്ത് ഏരിയ അടിസ്ഥാനത്തിലുള്ള നികുതി പരിഷ്കരണം 01.04.2016 മുതൽ നഗരസഭകളിൽ ബാധകമാക്കിയപ്പോൾ വ്യാപാര-വാണിജ്യ സമുച്ചയങ്ങൾ, തീയേറ്ററുകൾ പോലെയുള്ള വലിയ കെട്ടിടങ്ങൾ എന്നിവയുടെ ഏരിയ കൃത്യമായി പരിശോധിച്ച് ഉറപ്പാക്കി നികുതി നിർണ്ണയം നടത്താത്തതിനാൽ നഗരസഭയ്ക്ക് വരവിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ അപാകത ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നഗരസഭാ പരിധിയിലുള്ള മറ്റ് തീയേറ്ററുകൾ /വാണിജ്യ സ്ഥാപനങ്ങൾ എന്നിവയുടെ പ്ലിന്ത് ഏരിയ കൃത്യമാണെന്ന് ഉറപ്പാക്കി വസ്തുനികുതിയിനത്തിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിക്കുന്നില്ല എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

അപാകതകൾ പരാമർശിച്ച് 08.04.2022 ൽ നല്കിയ എൻക്വയറി നം. 40/20-21 ന് മറുപടി ലഭ്യമാക്കിയില്ല.

**1-12 ജീവനക്കാരുടെ തൊഴിൽ നികുതി - ഈടാക്കിയില്ല.**

2020-21 വർഷം ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും നഗരസഭാ പരിധിയിലുള്ള ധാരാളം സ്ഥാപനങ്ങളിലേയും ഓഫീസുകളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി ചട്ടങ്ങൾ) ചട്ടം 4 പ്രകാരം തൊഴിൽ നികുതി ഈടാക്കാതിരുന്നതുമൂലം നഗരസഭയുടെ തനതുവരുമാനത്തിന് നഷ്ടം സംഭവിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് | സ്ഥാപനം/ഓഫീസ് | തൊഴിൽ നികുതി ഒടുക്കാത്ത 2020-21 അർദ്ധവർഷം |
|---|---|---|---|
| 1 | III | മാനേജർ<br>ഏതൻസ് ഐസ് ക്രീം പാർലർ, ചങ്ങനാശ്ശേരി | I & II |
| 2 | IV | പുഞ്ചിരി ഡെന്റൽ ക്ലീനിക്ക്, ചങ്ങനാശ്ശേരി | I |
| 3 | " | സാൻ പോപ്പുലർ ഫിനാൻസ് | I & II |
| 4 | " | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & ടൂർസ് സ്റ്റഡീസ് | I & II |
| 5 | " | ഫൈൻ ടെക് കോമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് | I |
| 6 | " | റിലയൻസ് റീടെയിൽ കോർപ്പറേറ്റ്, മാറാട്ട് ടവർ | I |
| 7 | " | റിലയൻസ് റീടെയിൽ ട്രെൻസ്<br>സെൻട്രൽ ജംഗ്ഷൻ, ചങ്ങനാശ്ശേരി | I |
| 8 | " | മാനേജർ<br>അപ്സരാ തിയേറ്റർ, ചങ്ങനാശ്ശേരി | *I & II* |
| 9 | " | മാനേജർ<br>ഐശ്വര്യാ സിൽക്സ്, ചങ്ങനാശ്ശേരി | *I & II* |
| 10 | " | പ്രൊപ്രൈറ്റർ<br>ചെറുകര മാർജിൻഫ്രീ സൂപ്പർ മാർക്കറ്റ് | *I & II* |
| 11 | " | പ്രൊപ്രൈറ്റർ<br>കുര്യൻ ഒപ്റ്റിക്കൽസ്<br>മണമേൽ ടവർ | *I & II* |
| 12 | " | മെഡിക്കൽ ഓഫീസർ<br>ഹോമിയോപ്പതി മൾട്ടി സ്പെഷ്യാലിറ്റി ഹോസിപിറ്റൽ ഓഫ് റിസർച്ച് സെന്റർ | *I & II* |
| 13 | " | മാനേജർ<br>ആക്സിസ് ബാങ്ക് | *II* |
| 14 | " | റ്റോജോ തോമസ്<br>ട്രാവൽ ഏജൻസി | *I & II* |
| 15 | " | Max Value Credit Investment Ltd | *II* |
| 16 | V | പ്രിൻസിപ്പാൾ<br>സെന്റ്. തെരേസാസ് ഹയർ സെക്കന്ററി സ്കൂൾ | *II* |
| 17 | " | ഡോ. ബാബൂസ് ഡയഗനോസ്റ്റിക്ക് സെന്റർ &<br>മൾട്ടിസ്പെഷ്യാലിറ്റി ഡെന്റൽ ക്ലീനിക്ക്, വാഴപ്പള്ളി | *I & II* |
| 18 | " | റ്റി.വി.എസ്, ഐയങ്കാർ & സൺസ് പ്രൈവറ്റ് ലിമിറ്റഡ് | *I & II* |
| 19 | VII | ഹെഡ്മാസ്റ്റർ<br>സെന്റ് ആൻസ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ | *II* |
| 20 | " | മാനേജർ<br>മഞ്ചേരിക്കളം ഹൈപ്പർ മാർക്കറ്റ് | *II* |
| 21 | " | ഹെഡ്മാസ്റ്റർ<br>സെന്റ് ആൻസ് ഗേൾസ് എൽ.പി/യു.പി | *II* |
| 22 | " | മുത്തൂറ്റ് ഫിനാൻസ് | *I & II* |

| | | | |
|---|---|---|---|
| 23 | IX | പ്രിൻസിപ്പാൾ<br>കാർമ്മൽ ജ്യോതി പബ്ലിക്ക് സ്കൂൾ | I & II |
| 24 | " | പ്രൊപ്രൈറ്റർ<br>അഹല്യ ഏജൻസി, ചങ്ങനാശ്ശേരി | II |
| 25 | XI | അസിസ്റ്റന്റ് എഞ്ചിനീയർ<br>വാട്ടർ സപ്ലൈ പി.എച്ച്. സെക്ഷൻ ഓഫീസ് | I |
| 26 | " | പ്രൊപ്രൈറ്റർ<br>സിറ്റി ടെക്സ്റ്റൈൽസ് | I & II |
| 27 | " | ആന്റണി ജോസഫ്<br>കുറ്റികണ്ടം ബിൽഡേഴ്സ് | I & II |
| 28 | " | റീജിയണൽ മാനേജർ<br>മണപ്പുറം ഫിനാൻസ് ലിമിറ്റഡ്, റീജിയണൽ ഓഫീസ് | II |
| 29 | " | മാനേജർ<br>മണപ്പുറം ഫിനാൻസ് ലിമിറ്റഡ്<br>കുരിശുമൂട് | I |
| 30 | XIII | മാനേജർ<br>കോട്ടയം ജില്ലാ സഹകരണബാങ്ക്, ചങ്ങനാശ്ശേരി മെയിൻ ബ്രാഞ്ച് | I |
| 31 | " | മാനേജിംഗ് പാർട്ണർ<br>സുരേഷ് നേഴ്സിംഗ് ഹോം, പെരുന്ന | I |
| 32 | " | സീനിയർ സൂപ്രണ്ട്<br>അസി. എഡ്യൂക്കേഷൻ ഓഫീസ്<br>ചങ്ങനാശ്ശേരി | I |
| 33 | " | മാനേജർ<br>യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ | I |
| 34 | " | സ്റ്റേഷൻ മാസ്റ്റർ<br>സൗത്തേൺ റെയിൽവേ | I & II |
| 35 | " | ഡോ. രാജു<br>ഹോമിയോപ്പതി സൂപ്പർ സ്പെഷ്യാലിറ്റി | I |
| 36 | " | ബിജു ആർ<br>സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I | II |
| 37 | " | എൻ.യു.എൽ.എം. സ്റ്റാഫ് | I & II |
| 38 | XIV | പ്രിൻസിപ്പാൾ<br>എൻ.എസ്.എസ്. ഹയർ സെക്കന്ററി സ്കൂൾ | II |
| 39 | " | മാനേജർ<br>മണപ്പുറം ഫിനാൻസ് ലിമിറ്റഡ്<br>ഉദയഗിരി ഹോസ്പിറ്റലിനു എതിർവശം | II |
| 40 | " | പ്രിൻസിപ്പാൾ<br>എൻ.എസ്.എസ്. ഹിന്ദു കോളേജ് | II |

| | | | |
|---|---|---|---|
| 41 | " | സെക്രട്ടറി<br>പ്ലാനിംഗ് & ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്<br>എൻ.എസ്.എസ്. ഹെഡ് ഓഫീസ് | I & II |
| 42 | " | മാനേജർ<br>ധന്യ & രമ്യ തിയേറ്റർ | I & II |
| 43 | " | ഹെഡ്മാസ്റ്റർ<br>എൻ.എസ്.എസ്. ഹയർ സെക്കന്ററി ബോയ്സ് സ്കൂൾ | II |
| 44 | " | എൻ.എസ്.എസ്.ഹെഡ് ഓഫീസ്<br>ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ് | I |
| 45 | " | മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സ്റ്റഡി സെന്റർ, പെരുന്ന | I |
| 46 | " | പ്രിൻസിപ്പാൾ<br>എൻ.എസ്.എസ്. വി.എച്ച്.എസ്. പെരുന്ന | II |
| 47 | " | മാനേജർ<br>നിർമ്മൽ ബാങ്ക് കമ്മോഡിറ്റീസ് ലിമിറ്റഡ് | I & II |
| 48 | " | മാനേജർ<br>ശ്രീ ശങ്കര ആയുർവേദ ഹോസ്പിറ്റൽ, പെരുന്ന | I & II |
| 49 | " | അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി<br>എൻ.എസ്.എസ്. ഹെൽത്ത് സർവ്വീസ് | I |
| 50 | " | പ്രിൻസിപ്പാൾ<br>ഡോ. സക്കീർഹുസൈൻ ഐ.റ്റി.ഐ. | I |
| 51 | " | പ്രിൻസിപ്പാൾ<br>ഡോ. സക്കീർഹുസൈൻ ബാലവിഹാർ | I |
| 52 | " | മാനേജർ<br>വിജയാ ബാങ്ക് | II |
| 53 | " | ഡെപ്യൂട്ടി റബ്ബർ പ്രോഡക്ഷൻ കമ്മീഷണർ<br>റബ്ബർ ബോർഡ് ഓഫീസ് | I & II |
| 54 | " | അഡിക്കോ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്<br>കച്ചേരിപ്പടി | I |
| 55 | " | മാനേജർ<br>ഡ്രീംസ് ഇൻഡ്യ സർവ്വീസ്, പെരുന്ന | I |
| 56 | " | മാനേജർ<br>ഐ.സി.എൽ ഫിനാൻസിംഗ് ലിമിറ്റഡ് | I |
| 57 | XIX | സുരേഷ്<br>റ്റോഡി ഷോപ്പ് | I & II |
| 58 | " | മെഡിക്കൽ ഓഫീസർ<br>ഗവ. ഹോമിയോ ഡിസ്പെൻസറി | II |
| 59 | XX | മാനേജർ<br>സരയൂ ഫാഷൻ | I |
| 60 | " | പ്രിൻസിപ്പാൾ | I |

| | | | |
|---|---|---|---|
| | | ഡോ. സക്കീർ ഹുസൈൻ മെമ്മോറിയൽ ഭാരതീയ വിദ്യാലയ വിഹാർ | |
| 61 | " | പെരുന്ന ശ്രീ സുബ്രഹ്മണ്യൻ സ്വാമി ക്ഷേത്രം | I & II |
| 62 | " | മാനേജർ<br>ബജാജ് മോട്ടോർസ് | I & II |
| 63 | " | മാനേജർ<br>കോഫി ഹൗസ് | I |
| 64 | " | മാനേജർ<br>റാൽക്കോ ഡിസ്ട്രിബ്യൂട്ടേഴ്സ് | I & II |
| 65 | XXIII | സെക്രട്ടറി<br>സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | I |
| 66 | XXIV | ഹെഡ്മാസ്റ്റർ<br>എൻ.എസ്.എസ്. യു.പി സ്കൂൾ<br>പുഴവാത് | II |
| 67 | XXVIII | ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ്<br>ഫസ്റ്റ് ക്ലാസ് ജുഡീഷ്യറി ഓഫീസ്, ചങ്ങനാശ്ശേരി | II |
| 68 | XXIX | അഡ്മിനിസ്ട്രേറ്റർ<br>എൻ.എസ്.എസ്. മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ, ചങ്ങനാശ്ശേരി | II |
| 69 | " | മാനേജർ<br>അനു തിയേറ്റർ | I & II |
| 70 | " | മാനേജർ<br>കോഫി ഹൗസ്, ചങ്ങനാശ്ശേരി | I |
| 71 | " | സ്റ്റേഷൻ ഓഫീസർ<br>ഫയർ & റെസ്ക്യൂ സ്റ്റേഷൻ<br>ചങ്ങനാശ്ശേരി | I |
| 72 | " | റെസിഡന്റ് റ്റ്യൂട്ടർ<br>പോസ്റ്റ് മെട്രിക്ക് ഹോസ്റ്റൽ<br>ചങ്ങനാശ്ശേരി | II |
| 73 | " | നീതി ഡയഗനോസ്റ്റിക്ക് സെന്റർ<br>സലീം കോംപ്ലക്സ്, ചങ്ങനാശ്ശേരി | II |
| 74 | XXX | മാനേജർ<br>ഹോട്ടൽ ബ്ലൂ സ്റ്റാർ, ചങ്ങനാശ്ശേരി | I & II |
| 75 | " | മാനേജർ<br>ഹോട്ടൽ ആർക്കാലിയ, ചങ്ങനാശ്ശേരി | I & II |
| 76 | " | മാനേജർ<br>പി.എസ്.പി. സാരീസ് & റെഡിമെയ്ഡ് | I & II |
| 77 | " | നം.1 ടെക്സ്റ്റൈൽസ്<br>സെൻട്രൽ ജംഗ്ഷൻ | II |

| | | | |
|---|---|---|---|
| 78 | " | മാനേജർ<br>സാഫിയ ഹുസൈൻ പെട്രോൾ പംബ് | I & II |
| 79 | " | മാനേജർ<br>ജനപ്രിയ സിൽക്ക്സ്, ചങ്ങനാശ്ശേരി | I & II |
| 80 | " | പ്രോജക്ട് ഓഫീസർ<br>ജില്ലാ ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ഓഫീസ് | I |
| 81 | " | ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് ഓഫീസ് ഓഫ് ദ<br>ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ്, ചങ്ങനാശ്ശേരി | II |
| 82 | " | കോമേഴ്സ്യൽ ടാക്സ് ഓഫീസർ<br>കോമേഴ്സ്യൽ ടാക്സ് ഓഫീസ്<br>ചങ്ങനാശ്ശേരി | II |
| 83 | " | രജിസ്ട്രാർ<br>സബ് രജിസ്ട്രാർ ഓഫീസ്, ചങ്ങനാശ്ശേരി | II |
| 84 | " | സ്പെഷ്യൽ തഹസിൽദാർ<br>സ്പെഷ്യൽ തഹസിൽദാർ ഓഫീസ്<br>ചങ്ങനാശ്ശേരി | I & II |
| 85 | " | ഓഫീസ് ഓഫ് ദ ചീഫ് ജനറൽ മാനേജർ<br>ബി.എസ്.എൻ.എൽ കേരള ടെലികോം സർക്കിൾ | II |
| 86 | " | ത്രിവേണി സൂപ്പർമാർക്കറ്റ്<br>റവന്യൂ ടവർ, ചങ്ങനാശ്ശേരി | I & II |
| 87 | " | എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>കെ.എസ്.എച്ച്.ബി, ചങ്ങനാശ്ശേരി | I & II |
| 88 | " | മാനേജർ<br>ഹോട്ടൽ ന്യൂ ആര്യാസ് | I & II |
| 89 | " | സെക്രട്ടറി<br>വ്യാപാരഭവൻ, വട്ടപ്പള്ളി | I & II |
| 90 | " | മാനേജർ<br>കൊശമറ്റം ഫിനാൻസ് | II |
| 91 | " | സെക്രട്ടറി<br>ഗവ. എംപ്ലോയീസ് കോപ്പറേറ്റീവ് ബാങ്ക് | I & II |
| 92 | " | ഒപ്പോ ഇലക്ട്രോണിക്സ് (കേരള) പ്രൈവറ്റ് ലിമിറ്റഡ് | II |
| 93 | XXXIII | സീനിയർ സൂപ്രണ്ട്<br>സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ്<br>റീജിയണൽ ഓഫീസ്, ചങ്ങനാശ്ശേരി | II |
| 94 | XXXIV | ജില്ലാ പോലീസ് ചീഫ്<br>ചങ്ങനാശ്ശേരി ട്രാഫിക്ക് പോലീസ് സ്റ്റേഷൻ | I |
| 95 | " | മാനേജർ<br>പ്രിസിഡൻസി ബാർ, ചങ്ങനാശ്ശേരി | I & II |
| 96 | " | മാനേജർ | I & II |

| | | | |
|---|---|---|---|
| | | രമ്യ ഗ്യാസ് ഏജൻസീസ്, ചങ്ങനാശ്ശേരി | |
| 97 | " | പ്രൊപ്രൈറ്റർ<br>കെ.ആർ. ബേക്കേഴ്സ്(പി)ലിമിറ്റഡ് | I & II |
| 98 | " | മാനേജർ<br>മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് | II |

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ നഗരസഭയുടെ 2020-21 ലെ തൊഴിൽ നികുതി (ജീവനക്കാർ) രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. ജീവനക്കാരിൽ നിന്നും നികുതി ഈടാക്കാതിരുന്നതിനുള്ള വിശദീകരണവും നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി 47/2020-21/26.04.2022 ന് മറുപടി ലഭ്യമാക്കിയില്ല. വരവ് നഷ്ടത്തിന് മതിയായ വിശദീകരണം നല്കാത്ത പക്ഷം നഷ്ടം സെക്ഷൻ ക്ലർക്ക്, റവന്യൂ ഉദ്യോഗസ്ഥർ, സെക്രട്ടറി എന്നിവരുടെ ബാധ്യതയായിരിക്കുന്നതാണ്.

## 1-12-1 ഓഡിറ്റ് ഇംപാക്ട് - തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് -നഷ്ടം ഈടാക്കി.

2020-21വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി പത്രികകൾ പരിശോധിച്ചതിൽ അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കാത്തതുമൂലം നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവന ക്കാരുടെ പേര്/ തസ്തിക | അർദ്ധ വാർഷിക വരുമാനം (ഒന്നാം അർദ്ധവർഷം) | ഈടാ ക്കേണ്ട നികുതി | ഈടാ ക്കിയ നികുതി | കുറവ് | അടവാക്കിയ തുക, രസീത് നം./തീയതി |
|---|---|---|---|---|---|---|---|
| 1 | സപ്ലൈകോ, ചങ്ങനാശ്ശേരി | അനീറാ എസ്, അസിസ്റ്റന്റ് സെയിൽസ് മാനേജർ | 1,25,796 | 1,250 | 1,000 | 250 | 250/101690 /02.06.2022 |
| 2 | ടി | വിശാഖ് കെ.എസ്, അസിസ്റ്റന്റ് സെയിൽസ് മാനേജർ | 1,29,396 | 1250 | 1000 | 250 | 250/101596 /31.05.2022 |
| 3 | ടി | കിച്ചുമോൻ, അസിസ്റ്റന്റ് സെയിൽസ് മാനേജർ | 1,25,796 | 1250 | 1000 | 250 | 250/101595 /31.05.2022 |
| | | ആകെ :-750/- | | | | | |

മറുപടി ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നം.52/2020-21/09.05.2022 ന് 750/- രൂപ നഷ്ടം ഈടാക്കിയതായി രേഖകൾ സഹിതം 09.06.2022 ൽ സെക്രട്ടറി മറുപടി ലഭ്യമാക്കി.

## 1-13 പൊതുലേല നിബന്ധനകൾ പാലിക്കുന്നില്ല

2020-21 വർഷത്തെ പൊതുലേല ഫയൽ (ആർ 5/18726/19) പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന പൊതുലേല നിബന്ധനകൾ പാലിക്കുന്നില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടു.

1) ലേല നിബന്ധന (4) പ്രകാരം 1 ലക്ഷം രൂപയിൽ കൂടുതൽ വരുന്ന തുകയ്ക്ക് തഹസീൽദാരിൽ നിന്ന് ലഭിക്കുന്ന

സോൾവൻസി സർട്ടിഫിക്കറ്റോ/ബാങ്ക് ഗ്യാരന്റിയോ നിർബന്ധമായും ലേല/ക്വട്ടേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്. കൂടാതെ ₹1,00,000 വരെയുള്ള ലേലങ്ങളുടെ മുഴുവൻ ലേലത്തുക ലേലം ഉറപ്പിച്ച ഉടൻ നഗരസഭയിൽ ഒടുക്കേണ്ടതാണ്. എന്നാൽ ആയത് പാലിക്കുന്നില്ല.

2) ലേല നിബന്ധന (10) പ്രകാരം ഏറ്റവും കൂടിയ തുക ലേലം/ക്വട്ടേഷൻ സമർപ്പിക്കുന്ന ആളിന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതും ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നവർ 7 ദിവസത്തിനകം നഗരസഭ ഓഫീസിൽ നിന്ന് നിർദ്ദേശിക്കുന്ന പ്രകാരമുള്ള കരാർ ഉടമ്പടി ₹200 വിലയുള്ള മുദ്രപ്പത്രത്തിൽ ഹാജരാക്കേണ്ടതുമാണ്. എന്നാൽ ലേലം ഉറപ്പിച്ച എല്ലാ ഇനങ്ങളുടെയും കരാർ ഉടമ്പടി സ്വീകരിച്ചിട്ടില്ല. മുദ്രപത്രം ഹാജരാക്കിയിട്ടുള്ളതിലും യാതൊന്നും രേഖപ്പെടുത്താതെ ശൂന്യമായി ഫയലിൽ സൂക്ഷിച്ചിരിക്കുന്നതുമായാണ് കാണാൻ സാധിച്ചത്. ആയത്, 1959ലെ കേരള സ്റ്റാമ്പ് ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.

3) ലേല നിബന്ധന (12) പ്രകാരം ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേലത്തുക 1 ലക്ഷം രൂപയിൽ കൂടുതൽ വരികയാണെങ്കിൽ 1 ലക്ഷം രൂപയോ ലേലത്തുകയുടെ മൂന്നിലൊന്നോ ഏതാണ് കൂടുതൽ ആയത് ലേല ദിവസം തന്നെ ഒടുക്കേണ്ടതും ശേഷിക്കുന്ന തുക 2020 ഏപ്രിൽ ഒന്നു മുതൽ സെപ്റ്റംബർ 30 വരെയുള്ള കാലയളവിൽ 6 ഗഡുക്കളായി അടയ്ക്കേണ്ടതുമാണ്.

4) ലേലനിബന്ധന (13) പ്രകാരം ഗഡുക്കളായി അടയ്ക്കുന്ന തുക ഓരോ മാസവും 5-ാംതീയതിയ്ക്ക് മുമ്പായി അടവാക്കേണ്ടതും അല്ലാത്തപക്ഷം മാസം തോറും 1% പലിശ ഈടാക്കേണ്ടതുമാണ്. എന്നാൽ ഈ നിബന്ധന പാലിക്കപ്പെടുന്നില്ലായെന്ന് വ്യക്തമായിട്ടുണ്ട്.

മേൽ അപാകതയിന്മേലുള്ള വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നം.24/2021-22 /07.03.2022 ന് മറുപടി ലഭ്യമാക്കിയില്ല.

ലേലവ്യവസ്ഥകൾ കർശനമായി പാലിക്കാത്തതുമൂലം നഗരസഭയ്ക്കും സർക്കാരിനും വരുന്ന നഷ്ടങ്ങൾക്ക് ഓഫീസ് ഉത്തരവു പ്രകാരം ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുന്നതാണ്. ആയതിനാൽ ലേലവ്യവസ്ഥകൾ കർശനമായി പാലിക്കപ്പെടുന്നതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-13-1 ലേലത്തുക അടവാക്കുന്നതിൽ വീഴ്ച – ഇറച്ചിസ്റ്റാളുകൾ അനധികൃതമായി പ്രവർത്തിച്ചു

2019-20 വർഷത്തേക്ക് നടന്ന പൊതുലേലത്തിൽ ഹിദായത്ത് നഗറിൽ പ്രവർത്തിക്കുന്ന ഇറച്ചിസ്റ്റാളുകളുടെ നടത്തിപ്പിന് ചുവടെ ചേർക്കുന്ന വ്യക്തികൾ അവകാശം നേടിയിട്ടുള്ളതാണ്.

| ക്രമ നം. | ഇറച്ചിസ്റ്റാളുകളുടെ വിവരം | ലേലം കൊണ്ടയാളുടെ പേരും വിലാസവും | ലേലത്തുക |
|---|---|---|---|
| 1 | ഹിദായത്ത് നഗർ -1 | ശ്രീ മുജീബ്, പുതുപ്പറമ്പിൽ, തൃക്കൊടിത്താനം | 29,500 |
| 2 | ഹിദായത്ത് നഗർ -2 | ശ്രീ ഷെഫീക്ക്, ഷെഫീക്ക് മൻസിൽ തൃക്കൊടിത്താനം | 29,500 |

ടിയാളുകളിൽ ഹിദായത്ത് നഗർ-1 ഇറച്ചിസ്റ്റാൾ ലേലം കൊണ്ട ശ്രീ മുജീബ് 21/01/2021-ൽ ₹5000/-(രസീത് നം.108233/21.01.2021) മാത്രമാണ് നാളിതുവരെ അടവാക്കിയിട്ടുള്ളത്. ലേലത്തുകയും ജി.എസ്.റ്റി-യും നഗരസഭയിൽ ഒടുക്കാതിരിക്കയും നഗരസഭയുടെ അനുവാദമില്ലാതെ സ്റ്റാളുകൾ പ്രവർത്തിപ്പിക്കുകയും ചെയ്യതിനാൽ 04.08.2021 ൽ ടി സ്റ്റാളുകളിലെ കച്ചവടം ഒഴിപ്പിച്ച് സീൽ ചെയ്തിട്ടുള്ളതാണ്. 2019-20ലെ ലേലം 31.03.2020 വരെ മാത്രമെ പ്രാബല്യത്തിലുള്ളൂ എന്നറിയാമായിരുന്നിട്ടും ലേലത്തുക അടവാക്കാതെ സ്റ്റാളുകൾ 04.08.2021 വരെ പ്രവർത്തിച്ചത് നഗരസഭാധികൃതരുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

കോവിഡ് ലോക്ക്ഡൗൺ സമയത്ത് പോലും ഭക്ഷ്യ വസ്തുക്കളുടെ കച്ചവടം നിരോധിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ ഇറച്ചിസ്റ്റാളുകൾ ടി കാലയളവിൽ പ്രവർത്തിപ്പിച്ചിട്ടുള്ളതാണ് എന്ന് വ്യക്തമാണ്. നഗരസഭയുടെ അനുവാദമില്ലാതെ ഇത്രയും നാൾ സ്റ്റാളുകൾ നടത്തിയതിന് ടിയാളുകൾക്ക് എതിരെ എടുത്ത നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറി നം.25/2020-21/27.03.2022 ന് മറുപടി ലഭിച്ചില്ല. ഈടാക്കാനവശേഷിക്കുന്ന ജി.എസ്.ടി, ഫ്ളഡ്സെസ്സ് എന്നിവ ലേലം കൊണ്ടവരിൽ നിന്നും ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13-2 2020-21 വർഷത്തേയ്ക്കുള്ള ഫീസ് പിരിവ് പൊതുലേലം - ലേലത്തുക ,ജി.എസ്.റ്റി, ഫ്ലഡ്

സെസ്സ് എന്നിവ പൂർണ്ണമായി ഈടാക്കിയില്ല.

ചങ്ങനാശ്ശേരി നഗരസഭയുടെ അധികാര പരിധിയിലുള്ള പ്രദേശങ്ങളിൽ 2020-21 വർഷത്തിൽ വിവിധയിനങ്ങളുടെ ഫീസ് പിരിവ് നടത്തുന്നതിന് പൊതു ലേലത്തിലൂടെ അവകാശം കിട്ടിയ ചില വ്യക്തികൾ ലേലത്തുക പൂർണ്ണമായി ഒടുക്കിയിട്ടില്ലായെന്ന് ലേല രജിസ്റ്റർ/ഫയൽ എന്നിവ പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലേലയിനം | ലേലം കൊണ്ടയാളുടെ പേരും മേൽവിലാസവും | ലേലത്തുക | GST | F.C | അടവാക്കിയ | | | അടവാക്കാൻ ബാക്കിയുള്ള | | | എഗ്രിമെന്റ് വച്ചതിന്റെ വിവരം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | ലേലത്തുക | GST | F.C | ലേലത്തുക | GST | F.C | |
| 1 | നം. 1 ബസ് സ്റ്റാൻഡ് ഫീസ് കളക്ഷൻ | ശ്രീ ജേക്കബ് ആന്റണി മാളിയേക്കൽ തുക്കൊടിത്താനം പി.ഒ | 1,81,000 | 32,580 | 1810 | 1,15,000 | - | - | 66,000 | 32,580 | 1,810 | ഇല്ല |
| 2 | നം.2 ബസ് സ്റ്റാൻഡ്, കംഫർട്ട് സ്റ്റേഷൻ | ബിനീഷ് ചെറിയാൻ പുല്ലുകാട്ടു പറമ്പിൽ | 27,000 | 4,860 | 270 | 9,000 | - | - | 18,000 | 4,860 | 270 | ഇല്ല |
| 3 | ഇറച്ചി സ്റ്റാൾ, ഫാത്തിമാപുരം | സഞ്ചു ചാക്കോ ചെറിയ ഉണ്ടത്തിൽ | 40,000 | 7,200 | 400 | 20,000 | - | - | 20,000 | 7,200 | 400 | ഉണ്ട് |
| | ആകെ | | 2,48,000 | 44,640 | 2,480 | 1,44,000 | - | - | 1,04,000 | 44640 | 2,480 | |

ടി തുകകൾ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനും തുക ഈടാക്കാൻ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ അറിയിക്കാനും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.23/2020-21, തീയതി-07.03.2022 ന് മറുപടി ലഭ്യമാക്കിയില്ല. മുൻ വർഷങ്ങളിൽ ലേലയിനത്തിലുള്ള കുടിശ്ശികയുടെ വിവരം കൃത്യമായി കണക്കാക്കിയിട്ടില്ല. ക്രമ നം.(3) പ്രകാരമുള്ള നഷ്ടത്തുക ₹27,600 (20,400+7,200(GST)+400(FC)കരാർ വ്യവസ്ഥകൾ പ്രകാരവും കരാർ ചമച്ചിട്ടില്ലാത്ത ക്രമ നം.(1), (2) പ്രകാരമുള്ള നഷ്ടത്തുക ₹1,23,520 (84,000+37440(GST)+2080(FC) ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13-3 പഴയ വാഹനങ്ങളുടെ ലേലം - ലേല നടപടികളിൽ സുതാര്യതയില്ല.

ഫയൽ നം.ഇ3/8421/14

നഗരസഭയിലെ പഴയതും ഉപയോഗയോഗ്യമല്ലാത്തതുമായ വാഹനങ്ങളുടെ ലേലം ചെയ്യുന്നതിന് തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ട 6 വാഹനങ്ങളും 2013-14, 2014-15, 2016-17 കാലയളവ് മുതൽ ഉപയോഗശൂന്യമാണെന്ന് ഓവർസിയറുടെ 17/10/2019ലെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ജെ.സി.ബി, പവർ ടില്ലർ, ടിപ്പർ എന്നിവയുടെ വാല്യൂവേഷൻ 2014ൽ പി.ഡബ്ല്യൂ.ഡി മെക്കാനിക്കൽ ഡിവിഷൻ നൽകിയത് അനുസരിച്ച് 2016ൽ ലേലം നടന്നിട്ടുണ്ട്.

| | | |
|---|---|---|
| 1 | KL05 K-9109 | ടിപ്പർ |
| 2 | KL33A-443 | ആംബുലൻസ് |
| 3 | KL33A- 4467 | ACE |
| 4 | KL 33A -4478 | ACE |

| | | |
|---|---|---|
| 5 | KL5E -6095 | ടിപ്പർ |
| 6 | KL01-AB 2225 | ടിപ്പർ |

മേൽപ്പറഞ്ഞ വാഹനങ്ങൾ ഉപയോഗശൂന്യമായതിനാൽ ലേലം ചെയ്യുന്നതിന് 21.03.2016ലെ കൗൺസിൽ തീരുമാനം നം.20 പ്രകാരം അംഗീകരിച്ചതായി ഫയലിൽ കാണുന്നു. ഫയൽ പരിശോധിച്ചതുമായി ബന്ധപ്പെട്ട് കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. 03/16ലെ കൗൺസിൽ തീരുമാന പ്രകാരം ലേലം നടത്താൻ തീരുമാനിച്ചിട്ടും 02/11/2019-ലാണ് വാല്യൂവേഷൻ നിശ്ചയിച്ച നല്കാൻ പി.ഡബ്ല്യൂ.ഡി മെക്കാനിക്കൽ ഡിവിഷന് നഗരസഭയിൽ നിന്നും കത്ത് നൽകിയത്. 13/12/2019ൽ മെക്കാനിക്കൽ ഡിവിഷന്റെ വാല്യൂവേഷൻ പ്രകാരം 07/02/2020ൽ ലേലം നടന്നെങ്കിലും KL05-K-9109 ടിപ്പർ ലോറി മാത്രമാണ് ലേലത്തിൽ പോയത്. (വാല്യൂവേഷൻ-65,000, ലേലം കൊണ്ടത് -₹1,02,000-ശ്രീ.റഷീദ്))

2. മറ്റ് വാഹനങ്ങൾക്ക് ഉയർന്ന തുക ലേലം വിളിച്ച ശ്രീ.ഷെഫീക്ക് റഹ്മാൻ എന്ന വ്യക്തിക്ക് ലേലം ഉറപ്പിച്ച് നൽകിയെങ്കിലും ടിയാൻ 1/3 തുക അടയ്ക്കാൻ തയ്യാറാകാഞ്ഞതിനാൽ 29/05/2020ലെ കൗൺസിൽ തീരുമാനം നം.8 പ്രകാരം പുനർലേലത്തിന് തീരുമാനിച്ചു. 10/02/2021ലെ പുനർലേലം 17/03/2021ലെ കൗൺസിൽ തീരുമാനം നം.8 പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

3. ആദ്യ ലേലത്തിൽ (07/02/2020) രണ്ടാമത് കൂടിയ തുക വിളിച്ച ശ്രീ റഷീദിന് പുനർലേലം നടത്തും മുമ്പ് അറിയിപ്പ് നൽകുകയോ നെഗോസിയേഷന് വിളിക്കുകയോ ചെയ്യാൻ തയ്യാറാകാഞ്ഞതിന്റെ കാരണം വ്യക്തമല്ല. വാല്യൂവേഷൻ നിരക്ക് ₹65,000 രേഖപ്പെടുത്തിയ KL05-K-9109 ടിപ്പർ ലോറി 1,02,000 രൂപയ്ക്ക് ലേലം ഉറപ്പിച്ച് മുഴുവൻ തുകയും അടച്ച വ്യക്തി കൂടിയായിരുന്ന ശ്രീ റഷീദ് .

പുനർലേലത്തിലെ തുകയേക്കാൾ കൂടിയ തുകയായിരുന്ന ശ്രീ റഷീദ് താഴെപ്പറയുന്ന 3 വാഹനങ്ങൾക്ക് 7.2.2020 ൽ ക്വോട്ട് ചെയ്തിരുന്നത്. പ്രത്യക്ഷത്തിൽ തന്നെ 21,000/-രൂപയുടെ നഷ്ടം മൂന്ന് വാഹനങ്ങളുടെ ലേലത്തിൽ സംഭവിച്ചിട്ടുണ്ട്.

| ക്രമ നം | വാഹനം | വാല്യൂവേഷൻ | 07/02/2020 ലെ ലേലത്തിൽ വിളിച്ച കൂടിയ തുക(ഷെഫീക്ക് റഹ്മാൻ) | രണ്ടാമത് വിളിച്ച കൂടിയ തുക(റഷീദ് ) | പുനർലേലം ഉറപ്പിച്ച തുക | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | KL01AB2225 | 26,000 | 55,000 (1/3 തുക അടച്ചില്ല) | 35,000 | 28,000 | 7000 |
| 2 | KL05E6095 | 27,000 | 61,000 (1/3 തുക അടച്ചില്ല) | 40,000 | 29,000 | 11000 |
| 3 | KL33A4478 | 19,000 | 43,000 (1/3 തുക അടച്ചില്ല) | 25,000 | 22,000 | 3000 |

ഹാജരാക്കിയ ലേല ഡയറികൾ അപൂർണ്ണമാണ്. ലേലത്തീയതി, ഇ.എം.ഡി തുക, ലേലത്തിൽ പങ്കെടുത്തവരുടെ പേര്, ഒപ്പ്, സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകൾ എന്നിവയില്ലാതെ കൗൺസിൽ (17/03/21ലെ 8-ം നം.തീരുമാനം) ലേലം അംഗീകരിച്ചത് എപ്രകാരമെന്ന് വ്യക്തമല്ല.

2015-16ൽ ലേലം നടത്താൻ തീരുമാനിച്ച വാഹനങ്ങളുടെ വാല്യൂവേഷൻ നിശ്ചയിച്ചത് 2019ലും ലേലം നടന്നത് 2021ലും ആണ്. ആയത് നഗരസഭയ്ക്ക് നഷ്ടത്തിന് കാരണമായി. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി-49 /2020-21, തീയതി:-27/04/2022 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-13-4 ആക്രി സാധനങ്ങളുടെ ലേലം --ഉപയോഗയോഗ്യമായ ഉപകരണങ്ങൾ ആക്രി എന്ന പേരിൽ വാല്യുവേഷൻ കുറയ്ക്കുന്നു. ലേല നടപടികൾ 5 വർഷമായിട്ടും പൂർത്തിയായില്ല.

ഫയൽ നം.R5/9775/20

നഗരസഭയിലെ പഴയ തടി, സ്റ്റീൽ ഉപകരണങ്ങൾ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ എന്നിവ ലേലം ചെയ്യുന്നതിനുള്ള ലിസ്റ്റ് തയ്യാറാക്കുന്നതിന് ഹെൽത്ത് വിഭാഗത്തിൽ നൽകിയ ആർ5/17301/17-ം നം. ഫയൽ തിരികെ ലഭ്യമാകാത്തതിനാൽ (ഫയൽ കാണാനില്ല എന്ന് ഹെൽത്ത് സൂപ്പർവൈസർ മറുപടി നൽകിയതായി ആർ5/9775/20 നം. പുതിയ ഫയലിൽ പരാമർശിച്ചിട്ടുണ്ട്). 27/07/2020ൽ പുതിയ ഫയൽ ആരംഭിച്ച് ലിസ്റ്റ് തയ്യാറാക്കി 04/08/2020ൽ എഞ്ചിനീയറിംഗ് വിഭാഗം 2,81,512/-രൂപയുടെ വാല്യൂവേഷൻ തയ്യാറാക്കി നൽകി. 6 മാസങ്ങൾക്ക് ശേഷം 18/02/2021ന് ലേലം നടന്നെങ്കിലും വാല്യൂവേഷൻ നിരക്ക് കൂടുതലാണെന്ന കാരണത്താൽ ലേലത്തിൽ ആരും പങ്കെടുത്തില്ല. പുനർലേലം ചെയ്യാൻ സെക്രട്ടറി 19/02/2021ൽ നിർദ്ദേശം നൽകിയെങ്കിലും വാല്യൂവേഷൻ പുന:പരിശോധിക്കാനും, തടി, സ്റ്റീൽ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ തരം തിരിച്ച് ലേലം ചെയ്യാനും നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് 10/21ൽ ഓഫർ ക്ഷണിക്കാൻ തീരുമാനിച്ചു. തടി, സ്റ്റീൽ, ഇലക്ട്രോണിക്സ് സാധനങ്ങൾ എന്നിവ തരംതിരിച്ചാണോ ഓഫർ ക്ഷണിച്ചതെന്ന് ഫയലിൽ വ്യക്തമല്ല.

ഏഴ് ഓഫറുകൾ ലഭിച്ചതിൽ ഇക്ബാൽ പാഷ, പുതുപ്പറമ്പിൽ എന്ന വ്യക്തി കൂടിയ നിരക്ക് ₹1,22,000 ഓഫർ രേഖപ്പെടുത്തിയതായും ഇദ്ദേഹത്തിന്റെ ഓഫർ അംഗീകരിക്കാനും തീരുമാനിച്ച് 15/01/2022ൽ കത്ത് നൽകി. എന്നാൽ രേഖപ്പെടുത്തിയ തുക ₹22,000 മാത്രമായിരുന്നുവെന്ന് ടിയാൻ അറിയിച്ചതിനാൽ അതും ഒഴിവായി. വീണ്ടും ക്വട്ടേഷൻ ക്ഷണിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 14/02/2022ൽ ലേലം നടന്നെങ്കിലും ആരും ലേലം വിളിച്ചില്ല. വാല്യൂവേഷൻ പുനപരിശോധിക്കാൻ കൗൺസിൽ ആവശ്യപ്പെട്ടെങ്കിലും നിലവിലെ മാർക്കറ്റ് റേറ്റിന്റെ അടിസ്ഥാനത്തിൽ വാല്യൂവേഷൻ കണക്കാക്കിയത് വീണ്ടും പരിശോധിച്ച് മാറ്റേണ്ട ആവശ്യമില്ലെന്ന് ഓവർസിയർ റിപ്പോർട്ട് ചെയ്തു. 23/07/2021ന് നടന്ന പുനർലേലത്തിലും ആരും ലേലം വിളിക്കാൻ തയ്യാറായില്ല.

നഗരസഭയുടെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി നഗരസഭ കോമ്പൗണ്ടിലെ ആക്രി സാധനങ്ങൾ കൈയ്യൊഴിയാൻ തീരുമാനിച്ച് 26/03/2022ൽ ഓഫർ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല.

മേൽ പരാമർശിച്ച ലേലവുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ /നിഗമനങ്ങൾ ചുവടെ ചേർക്കുന്നു.

1. 2017 മുതൽ ലേലനടപടി ആരംഭിച്ച ഫയൽ നഷ്ടപ്പെടുകയും 2020-ൽ പുതിയ ഫയലും നടപടികളും ആരംഭിച്ചിട്ടും 04/2022-ലും ലേലനടപടികൾ അന്തിമമാകാതെ നീളുന്നു. നിരവധി തവണ ലേലം, പുനർലേലം, ഓഫർ ക്ഷണിക്കൽ, ക്വട്ടേഷൻ എന്നിവ നടത്തി സമയ നഷ്ടവും സാമ്പത്തിക നഷ്ടവും ഉണ്ടായതല്ലാതെ ലേലനടപടി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല.

2. നഗരസഭയുടെ ഓഫീസ് നവീകരണത്തിന്റെ ഭാഗമായി പുതിയ കൗണ്ടർ സംവിധാനവും വർക്കിംഗ് ടേബിൾ സംവിധാനവും ഏർപ്പെടുത്തിയതിനെ തുടർന്ന് ഓഫീസ് കാര്യാലയത്തിൽ നിന്നും നീക്കം ചെയ്ത തടി/സ്റ്റീൽ ഫർണിച്ചറുകൾ ഒട്ടും സുരക്ഷിതമല്ലാത്ത രീതിയിൽ നഗരസഭയുടെ കാര്യാലയത്തിന് വെളിയിൽ സൂക്ഷിച്ചിരുന്നതായും പഴയ ഫർണിച്ചർ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലെന്നും 2017-18 ഓഡിറ്റ് റിപ്പോർട്ടിലെ ഖ.3-13ൽ പരാമർശിച്ചിരുന്നു. ഓരോ സെക്ഷനിൽ നിന്നും നീക്കം ചെയ്ത ഫർണിച്ചറുകളുടെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാലും 2018-19-ൽ വാല്യൂവേഷൻ എടുത്തിരുന്ന ഫയൽ നഷ്ടപ്പെട്ടതിനാലും 04/08/2020-ൽ എടുത്ത വാല്യൂവേഷനിൽ എല്ലാ ഇനങ്ങളും ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അറിയാൻ സാധിക്കുന്നില്ല. 2018-19 കാലയളവിൽ ആക്രിസാധനങ്ങൾക്ക് വാല്യൂവേഷൻ എടുത്തതായി നോട്ട് ഫയലിൽ അസി.എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുമുണ്ട്. തടി/സ്റ്റീൽ ഫർണിച്ചറുകളുടെയും ഇലക്ട്രോണിക് ഉപകരണങ്ങളുടെയും ഒറിജിനൽ സ്റ്റോക്ക് രജിസ്റ്റർ, ഓരോ സെക്ഷനിൽ നിന്നും ഏറ്റെടുത്ത ഉപകരണങ്ങളുടെ ലിസ്റ്റ്, സാധനങ്ങളുടെ ഒറിജിനൽ വാല്യുവേഷൻ റിപ്പോർട്ട് ഇവ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത പക്ഷം ഫയൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ നഷ്ടപ്പെടുത്തിയതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളും ഫയൽ കണ്ടെത്തുന്നതിന് സ്വീകരിച്ച മാർഗ്ഗങ്ങളും വിശദമാക്കേണ്ടതാണ്.

3. ഈ ഉപകരണങ്ങൾക്ക് ഓരോ വർഷവും ഡിപ്രീസിയേഷൻ കൂടി വരികയും 2017-18ലെ വാല്യൂവേഷൻ

നിരക്കിൽ നിന്നും വളരെ കുറച്ച് ലേലത്തുക ലഭിക്കാനമാണ് സാധ്യത. ഉപയോഗയോഗ്യമായിരുന്ന പല ഉപകരണങ്ങളുടേയും നിലവിലെ സ്ഥിതിയും എപ്രകാരമെന്ന് വ്യക്തമല്ല.

4. 21/10/2021ൽ ഓഫർ ക്ഷണിച്ചതിൽ ₹1,22,000 ക്വോട്ട് ചെയ്ത ശ്രീ ഇക്ബാൽ പാഷയുടെ നിരക്ക് 06/12/2021ലെ കൗൺസിൽ തീരുമാനം നം.26 പ്രകാരം അംഗീകരിക്കുകയും അറിയിപ്പ് നൽകുകയും ചെയ്തു. എന്നാൽ ₹22,000 മാത്രമാണ് ഓഫർ തന്നത് എന്ന് 27/01/2022-ലെ കത്തിൽ ഇദ്ദേഹം അറിയിച്ചു. കൗൺസിൽ അംഗീകരിച്ച് അറിയിപ്പ് നൽകിയ ശേഷം ടിയാൻ ഓഫറിൽ നിന്ന് പിന്മാറാൻ വേണ്ടി തെറ്റായ കാര്യം അറിയിച്ചപ്പോൾ ടിയാനെതിരെ കൗൺസിൽ നിയമനടപടി സ്വീകരിച്ചതായി കാണുന്നില്ല. ടിയാൻ സെക്യൂരിറ്റി നിക്ഷേപം അടച്ചതായും രേഖകളില്ല. 21/10/2021ൽ ക്ഷണിച്ച ഓഫറിൽ നിന്നും പിൻമാറിയ വ്യക്തിക്കെതിരെ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. നൽകിയ ഓഫർ തുക ഗ്രൂപ്പ് തിരിച്ച് കൃത്യമായി ചേർത്തിട്ടുള്ളതിനാൽ പിൻമാറിയതിന്റെ കാരണം അംഗീകരിക്കുവാൻ നിർവ്വാഹമില്ല. ഇ.എം.ഡി തുക അടച്ചതിന്റെ വിശദാംശങ്ങളും ആയത് മുതൽക്കൂട്ടുന്നതിനും നടപടി സ്വീകരിച്ചതായി കാണുന്നില്ല.

5. ഏറ്റവും കൂടിയ തുക രേഖപ്പെടുത്തിയ ആൾ പിൻമാറിയപ്പോൾ രണ്ടാമത് കൂടിയ തുക രേഖപ്പെടുത്തിയ ആളുടെ ഓഫർ പിൻമാറിയ വ്യക്തിയുടെ നഷ്ടോത്തരവാദിത്വത്തിൽ സ്വീകരിക്കാതിരുന്നതിന്റെ കാരണം വിശദമാക്കേണ്ടതാണ്

6. ഇലക്ഷൻ പെരുമാറ്റചട്ടം നിലവിൽ വന്ന് 1 മാസം നടപടികൾ വൈകിയെങ്കിലും പുതിയ ഫയൽ ആരംഭിച്ചിട്ടും ഏകദേശം 2 വർഷമായിട്ടും നടപടികൾ പൂർത്തിയായിട്ടില്ല. 2017 വർഷം മുതൽ കണക്കാക്കിയാൽ 5 വർഷമാണ് ഈ ഉപകരണങ്ങളുടെ കൈയ്യൊഴിയലിന് എടുത്തിട്ടുള്ളത്. നിലവിലും ലേലം നടന്നിട്ടില്ല. നഗരസഭയുടെ എല്ലാ ഫയൽ നടപടികളിലും ഒരേ കാര്യങ്ങൾ എഴുതിക്കൊണ്ട് സമയ നഷ്ടം വരുത്തുന്ന പ്രവണത കാണുന്നു.

7. നഗരസഭ കോമ്പൗണ്ടിൽ നിക്ഷേപിച്ചിരുന്ന ഉപകരണങ്ങൾ നിലവിൽ എവിടേയ്ക്ക് മാറ്റിയെന്ന വിവരവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്റ്റോക്ക് പരിശോധിച്ച് ഉറപ്പുവരുത്തിയ സാക്ഷ്യപത്രവും ഫയലിൽ ഇല്ല.

8. സർക്കുലർ നം.99/2021/ധന. തീയതി. 28/10/2021, സർക്കുലർ നം.25/2022/ധന. തീയതി 22/03/2022 എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ E-auction M/S, MSTC Ltd. മുഖേന നടത്തുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. മറ്റേതെങ്കിലും തരത്തിൽ ലേലം നടത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

9. ഓഫറുകൾ ക്ഷണിച്ചുകൊണ്ടുള്ള പരസ്യങ്ങളിൽ "ഉപയോഗശൂന്യമായ ആക്രിസാധനങ്ങൾ" എന്നാണ് ചേർത്തിരിക്കുന്നത്. ഗുണമേന്മയുള്ളതും ഉപയോഗയോഗ്യമായതുമായ തടി/സ്റ്റീൽ ഫർണിച്ചറുകളെ ആക്രിസാധനങ്ങളായി ചേർത്ത് ഓഫറുകൾ ക്ഷണിച്ചത് കുറഞ്ഞ തുകകൾ ലഭിക്കുവാൻ കാരണമായിട്ടുണ്ട്.

സമഗ്രമായ തുടരന്വേഷണം നടത്തി ഉപകരണങ്ങളുടെ എണ്ണത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് റിപ്പോർട്ട് ചെയ്യേണ്ടതും നഗരസഭയ്ക്കുണ്ടായ നഷ്ടം നിജപ്പെടുത്തി ഉത്തരവാദികളായവരിൽ നിന്നും നഷ്ടം ഈടാക്കുവാനും ലേല നടപടികൾ അടിയന്തിരമായി പൂർത്തിയാക്കാനും കൗൺസിലിനോട് ശുപാർശ ചെയ്യുന്നു. വിശദാംശങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി-43/2020-21, തീയതി:-22/04/2022 ന് മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല - നഗരസഭയ്ക്ക് 7.75 ലക്ഷം രൂപയുടെ വരവ് നഷ്ടം

നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായ വാടക യഥാസമയം പിരിച്ചെടുക്കാത്തത് മൂലം വൻ സാമ്പത്തിക നഷ്ടം നഗരസഭയ്ക്ക് നേരിട്ടതായി വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടു. വാടക മുറിയുടെ വിവരങ്ങൾ, കെട്ടിട നമ്പർ, സെക്യൂരിറ്റി നിക്ഷേപം, വാടകക്കാരന്റെ മേൽവിലാസം എന്നിവ വാടക രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല. മുൻവർഷങ്ങളിലും ഭീമമായ തുക വാടക കുടിശ്ശികയുള്ളതായി ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിരുന്നെങ്കിലും തൻവർഷവും വൻതുക കുടിശ്ശികയായി പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വാടക കൃത്യമായി ഈടാക്കാത്തത് സംബന്ധിച്ചും വാടക കുടിശ്ശിക വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറി നം. 32/2020-21 /23/03/2022- ക്ക് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മുറി നം. | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | അടയ്ക്കാനുള്ള തുക (ജി.എസ്.റ്റി, | റിമാർക്സ് (നഗരസഭയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | ഫൈൻ ഒഴികെ) | |
| I | മുനിസിപ്പൽ ആർക്കേഡ് | | | | |
| 1 | 27 | വി.ഒ.മുഹമ്മദാലി | 3,120 | 9,360 | കടമുറി പൂട്ടി സീൽ വെയ്ക്കുന്നതിനുള്ള നോട്ടീസ് നൽകിയിട്ടുണ്ട് |
| 2 | 34 | പത്മ വി കുമാർ | 5,423 | 65,076 | WP(C) No.10264 Of 212(G) പ്രകാരം കടമുറി പൂട്ടിയെടുക്കുന്നതിന് അധികാരപത്രം നൽകി നടപടി സ്വീകരിച്ചുവരുന്നു. |
| 3 | 35 | അബ്ദുൾ വഹാബ് | 4,920 | 59,040 | കടമുറി ഒഴിപ്പിച്ചു.റവന്യൂ റിക്കവറിക്കുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 4 | 37 | അബ്ദുൾ വഹാബ് | 3,606 | 43,272 | കടമുറി ഒഴിപ്പിച്ചു.റവന്യൂ റിക്കവറിക്കുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 5 | 41 | ജോസഫ് മാത്യു | 2,290 | 27,480 | കടമുറി ഒഴിപ്പിച്ചു.റവന്യൂ റിക്കവറിക്കുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 6 | 40 | എൻ.വി.സുജ | 2,176 | 26,112 | കടമുറി ഒഴിപ്പിച്ചു.റവന്യൂ റിക്കവറിക്കുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| II | ബങ്ക് - നം.1 ബസ് സ്റ്റാൻഡ് | | | | |
| 1 | 8 | ഗോപകുമാർ ജി | 1,200 | 8,400 | കടമുറി പൂട്ടി സീൽ വയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| III | ബങ്ക് -നം.2 ബസ് സ്റ്റാൻഡ് | | | | |
| 1 | 22 | സേവ്യർ ജോസഫ് | 612 | 7,344 | 24/11/2021ൽ നോട്ടീസ് നൽകിയിട്ടുണ്ട് |
| IV | ഷോപ്പിംഗ് സെൻ്റർ , മുനിസിപ്പൽ ഓഫീസിനു സമീപം | | | | |
| 1 | 3 | പി.ബി.ഷാജി | 9,799 | 1,17,588 | 13/12/2021ൽ നോട്ടീസ് നൽകി നടപടി സ്വീകരിച്ചുവരുന്നു |
| V | മിനി ഷോപ്പിംഗ് സെൻ്റർ - സ്റ്റേഡിയത്തിന് സമീപം | | | | |
| 1 | 5 | വി.ജെ.ജോർജ്ജുകുട്ടി | 4,478 | 53,736 | 04/12/2021, 14/01/2022 എന്നീ തീയതികളിൽ നോട്ടീസ് നൽകി നടപടി സ്വീകരിച്ചുവരുന്നു |
| VI | നം.2 ബസ് സ്റ്റാൻഡ് ഷോപ്പ്സ് | | | | |
| 1 | 15 | ജ്യോതിഷ് കെ.ആർ | 3,526 | 42,312 | 13/12/2021, 30/04/2022 എന്നീ തീയതികളിൽ നോട്ടീസ് നൽകി നടപടി സ്വീകരിച്ചുവരുന്നു |
| VII | ബസ് ടെർമിനൽ , പെരുന്ന | | | | |
| 1 | 1&2 | സജീവ് റഷീദ് | 4,976 | 59,712 | 04/20, 05/20 എന്നീ മാസങ്ങളിൽ (ലോക് ഡൗൺ) വാടക ഇളവ് അനുവദിച്ചിട്ടുണ്ട്. ബാലൻസ് തുകയ്ക്കായി നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുള്ളതാണ്. |
| 2 | 9 | വി.എ.അഗസ്റ്റിൻ | 2,471 | 29,652 | കടമുറി പൂട്ടി സീൽ വെയ്ക്കുന്നതിനുള്ള നോട്ടീസ് നൽകിയിട്ടുണ്ട് |
| 3 | 12 | കെ.എ,സജി | 4,158 | 49,896 | ടി കടമുറി ഒഴിഞ്ഞിട്ടുണ്ട്. വാടക കുടിശ്ശിക ഡെപ്പോസിറ്റിൽ നിന്നും കുറവ് ചെയ്ത് തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| VIII | സ്റ്റേഡിയം ഗ്യാലറി - ഷോപ്പിംഗ് സെൻ്റർ | | | | |
| 1 | 8 | തങ്കമ്മ ചാക്കോ | 504 | 1,008 | സ്റ്റേഡിയം ഗ്യാലറി അപകടാവസ്ഥയിൽ ആയതിനാൽ ഗ്യാലറിയിലെ മുഴുവൻ |
| 2 | 13 | ശ്രീകുമാർ | 605 | 7,260 | |

| | | | | | |
|---|---|---|---|---|---|
| 3 | 15 | പുതുജീവൻ ട്രസ്റ്റ് | 127 | 1,524 | ലൈസൻസികളെയും ഒഴിപ്പിച്ച് ഗ്യാലറി പുതുക്കി പണിയുന്നതിന് തീരുമാനിക്കുകയും ടി കടമുറി ഒഴിപ്പിക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതുമാണ്. 1 മുതൽ 7 വരെയുള്ള കടമുറികൾ പുതുക്കി പണിതു. |
| 4 | 17 | റ്റി.ജെ.മൈക്കിൾ | 605 | 7,260 | |
| 5 | 18 | ജോസുകുട്ടി | 138 | 1,656 | |
| 6 | 19 | എ.ആർ.ശശികല | 265 | 3,180 | |
| 7 | 20 | റ്റി.എസ്.ചാക്കോ | 167 | 2,004 | |
| 8 | 31 | റാണി ചാക്കോ | 154 | 1,848 | |
| 9 | 37 | പി.കെ,മോഹൻ | 116 | 1,392 | |
| 10 | 38 | വർഗ്ഗീസ് ആന്റണി | 116 | 812 | |
| 11 | 39 | പ്രസാദ് | 525 | 4,200 | |
| IX | വെജിറ്റബിൾ മാർക്കറ്റ് | | | | |
| 1 | 4c1, C2, C3 | അലക്സ് ജോസഫ് | 1,350 | 16,200 | കടപൂട്ടി സീൽ വെയ്ക്കുന്നതിനുള്ള നോട്ടീസ് നൽകിയിട്ടുണ്ട് |
| X | ഫിഷ് മാർക്കറ്റ് | | | | |
| 1 | 1 | മാർട്ടിൻ ജോസഫ് | 360 | 4,320 | കടപൂട്ടി സീൽ വെയ്ക്കുന്നതിനുള്ള നോട്ടീസ് നൽകിയിട്ടുണ്ട് |
| 23 | 7 | മനോജ് ഇ.ജെ | 3,500 | 42,000 | 02.12.2021 ൽ നോട്ടീസ് നൽകി നടപടി സ്വീകരിച്ചു വരുന്നു |
| XI | ഫിഷ് മാർക്കറ്റ് - റീട്ടെയിൽ ഷോപ്പ് | | | | |
| 1 | 7 | കെ.ജെ.ബാബു | 1,000 | 12,000 | 02.12.2021 ൽ നോട്ടീസ് നൽകി നടപടി സ്വീകരിച്ചു വരുന്നു |
| 2 | 19 | വി.ഡി.ബാബു | 1,000 | 12,000 | 02.12.2021 ൽ നോട്ടീസ് നൽകി നടപടി സ്വീകരിച്ചു വരുന്നു |
| 3 | 20 | ജിജി ജിൻസൺ | 1,000 | 12,000 | 02.12.2021 ൽ നോട്ടീസ് നൽകി നടപടി സ്വീകരിച്ചു വരുന്നു |
| 5 | 30 | സെബാസ്റ്റ്യൻ | 1,000 | 6,000 | 02.12.2021 ൽ നോട്ടീസ് നൽകി നടപടി സ്വീകരിച്ചു വരുന്നു |
| 6 | 35 | വർഗ്ഗീസ് | 1,000 | 12,000 | 06.10.2021, 31.03.2022 എന്നീ തീയതികളിൽ നോട്ടീസ് നൽകി നടപടി സ്വീകരിച്ചു വരുന്നു |
| 7 | 47 | ജോൺസൺ | 1,000 | 12,000 | 02.12.2021 ൽ നോട്ടീസ് നൽകി നടപടി സ്വീകരിച്ചു വരുന്നു |
| 8 | 48 | ഹസ്സൻ കുഞ്ഞ് | 1,200 | 14,400 | 02.12.2021 ൽ നോട്ടീസ് നൽകി നടപടി സ്വീകരിച്ചു വരുന്നു |
| XII | നം.1 ബസ് സ്റ്റാൻറ് -ബങ്ക് | | | | |
| 1 | 2 | ഷമീർ സലിം | 500 | 1,500 | 02.12.2021 ൽ നോട്ടീസ് നൽകി നടപടി സ്വീകരിച്ചു വരുന്നു |
| | | ആകെ | | 7,75,544 | |

നിയമാനുസൃത കരാർ ചമച്ചിട്ടുള്ള കുടിശ്ശികക്കാരിൽ നിന്നും കരാറിലെ വ്യവസ്ഥകൾ പ്രകാരവും ബാക്കി കുടിശ്ശിക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14-1 വർക്കിംഗ് വിമൻസ് ഹോസ്റ്റൽ - നഗരസഭയ്ക്ക് ലഭിക്കുന്നത് തുച്ഛമായ വാടക. കാലോചിതമായ മാറ്റങ്ങൾ അനിവാര്യം.

ഫയൽ നം.R6-1322/91

പെരുന്നയിൽ സ്ഥിതി ചെയ്യുന്ന നഗരസഭയുടെ വനിതാ ഹോസ്റ്റൽ നടത്തിപ്പ് 1992 മുതൽ ജനാധിപത്യ മഹിള അസോസിയേഷനാണ് നൽകിയിട്ടുള്ളത്. ഓരോ 3 വർഷത്തേയ്ക്ക് 20% വാടക വർദ്ധനവിൽ എഗ്രിമെന്റ് കാലാവധി ദീർഘിപ്പിച്ച് നൽകി പ്രവർത്തനം തുടർന്നുവരുന്നു. നിലവിലെ എഗ്രിമെന്റ് പ്രകാരം 2019 ജൂലൈ 25 മുതൽ 2022 ജൂലൈ 24 വരെ പ്രവർത്തന കാലാവധിയുണ്ട്. എഗ്രിമെന്റ് പ്രകാരം പ്രതിമാസം

സർക്കാർ ജീവനക്കാർക്ക് - അടിസ്ഥാന ശമ്പളത്തിന്റെ 5% തുക

പ്രൈവറ്റ്/മറ്റ് സ്ഥാപനങ്ങൾക്ക് -₹216

വിദ്യാർത്ഥികൾക്ക് -₹173

അതിഥികൾക്ക് -₹60 (പ്രതിദിനം) എന്ന ക്രമത്തിലാണ് നിലവിൽ വാടക ഈടാക്കി വരുന്നത്. ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) നഗരസഭ ഹോസ്റ്റൽ നടത്തിപ്പുമായി ബന്ധപ്പെട്ട് ബൈലോ രൂപികരിച്ചിട്ടില്ല.

2) 30.03.2004ലെ 3-ം നം.തീരുമാനപ്രകാരം നിശ്ചയിച്ച തുച്ഛമായ വാടകയുടെ 20% വർദ്ധനവ് 3 വർഷം കൂടുമ്പോൾ വരുത്തുന്ന തുകയാണ് നിലവിൽ മുറി വാടകയായി ഈടാക്കി വരുന്നത്. 2004 വർഷത്തിലെ തീരുമാനപ്രകാരമുള്ള തുച്ഛമായ അടിസ്ഥാന വാടകത്തുക 17 വർഷത്തിനു ശേഷവും പുതുക്കി നിശ്ചയിച്ചിട്ടില്ല.

3) ഒരേ സൗകര്യങ്ങൾ നൽകികൊണ്ട് സർക്കാർ ജീവനക്കാർക്ക് കൂടുതലും അല്ലാത്തവർക്ക് കുറവും തുക വാടക ഏർപ്പെടുത്തിയിരിക്കുന്നതിനാൽ സർക്കാർ ജീവനക്കാർ ആരും തന്നെ ( നഗരസഭാ ജീവനക്കാർ പോലും) ഹോസ്റ്റൽ ഉപയോഗപ്പെടുത്തുന്നില്ല.

4) 1992 മുതൽ ഒരേ സ്ഥാപനത്തിന് തന്നെ ഹോസ്റ്റൽ നടത്തിപ്പ് പുതുക്കി നൽകികൊണ്ടിരിക്കുന്നു. ഹോസ്റ്റൽ നടത്തിപ്പിന് ടെണ്ടർ നടപടി നാളിതുവരെ സ്വീകരിച്ചിട്ടില്ല.
5) ഹോസ്റ്റൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് എടുക്കുന്നില്ല.

2011ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള പട്ടിക II ൽ ക്രമ നം.35 പ്രകാരം ഹോസ്റ്റൽ നടത്തിപ്പിന് ലൈസൻസ് അത്യാവശ്യമാണ്. എന്നാൽ ജനാധിപത്യ മഹിളാ അസോസിയേഷൻ ഹോസ്റ്റൽ നടത്തുന്നതിനുള്ള എഗ്രിമെന്റ് മാത്രമാണ് 3 വർഷം കൂടുമ്പോൾ പുതുക്കുന്നത്. ഹോസ്റ്റൽ നടത്തുന്നതിന് നഗരസഭയിൽ നിന്നും ഓരോ വർഷവും ലൈസൻസ് എടുത്തതായോ പുതുക്കുന്നതായോ ഉള്ള രേഖകൾ ഫയലിൽ കാണുന്നില്ല.

വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നം.26/2020-21/10.03.2022 ന് "നഗരസഭയുടെ വരുമാനത്തിന് പ്രാധാന്യം നല്കാതെ സ്ത്രീ സുരക്ഷയുടെ ഭാഗമായിട്ടാണ് സ്ഥാപനം നടത്തുന്നതെന്നും സ്ത്രീ സുരക്ഷയ്ക്ക് പ്രാധാന്യം നല്കാതെ ടെണ്ടർ നടപടി സ്വീകരിച്ചാൽ 23 വർഷമായി പരാതിയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പേരിന് മങ്ങലേൽക്കുമെന്ന കാരണത്താലാണ് കൗൺസിൽ ജനാധിപത്യ മഹിള അസോസിയേഷന് തന്നെ നടത്തിപ്പ് ചുമതല നല്കുന്നതും" എന്ന മറുപടിയാണ് സെക്രട്ടറി ഹാജരാക്കിയത്.

നഗരസഭയുടെ വരുമാനത്തിന് പ്രാധാന്യം നല്കിക്കൊണ്ടു തന്നെ സ്ത്രീ സുരക്ഷ ഉറപ്പാക്കാവുന്നതാണ്. ടെണ്ടർ നടപടി സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് മങ്ങലേൽപിക്കുമെന്ന മുൻധാരണയും ശരിയല്ല. വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയ ബൈലോ ഇല്ലാതെയും ഒരേ സൗകര്യങ്ങളിൽ വ്യത്യസ്ത മാനദണ്ഡങ്ങളോടെ വാടക നിശ്ചയിച്ച് സ്ഥാപനം പ്രവർത്തിക്കുന്നതും ശരിയായ കീഴ്വഴക്കമല്ല. കൃത്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കേണ്ടതും നഗരസഭയുടെ ആസ്തി ആയി കണക്കിലെടുത്തു തന്നെ സ്ത്രീ സുരക്ഷ ഉറപ്പാക്കിയും കാലോചിതമായ മാറ്റങ്ങൾ വരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

2020-21 ൽ ഹോസ്റ്റൽ മെയിന്റനൻസ്, ഹോസ്റ്റലിലെ താഴത്തെ നിലയിലെ 3 മുറികൾ ഷീ ലോഡ്ജാക്കി മാറ്റുന്നതിനും, റീ വയറിംഗിനും പ്രോജ.നം.273/21, 340/21 എന്നിവ പ്രകാരം യഥാക്രമം 9,24,590രൂപയും 32,21,809/- രൂപയും ചേർത്ത് ആകെ ₹41,46,399 വികസനഫണ്ട് ചെലവഴിച്ചിട്ടുണ്ട്. നിലവിൽ ഈ 3 മുറികൾ ഷീ ലോഡ്ജ് ആയി പ്രവർത്തിക്കുന്നില്ല എന്ന് ഓഡിറ്റിന്റെ 11.4.22 ലെ പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. ഷീ ലോഡ്ജ് സംബന്ധിച്ച് അറിയിപ്പോ എപ്രകാരം പ്രവർത്തിക്കണമെന്ന നിർദ്ദേശമോ

വാടകയോ കൗൺസിൽ തീരുമാനിച്ചിട്ടില്ല. കൗൺസിൽ ചർച്ച ചെയ്ത് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളോടെ ഷീ ലോഡ്ജ് പ്രവർത്തിപ്പിക്കേണ്ടതും നഗരത്തിന് പുറത്തുള്ളവർക്ക് അറിവിനായി വിവരങ്ങൾ പ്രസിദ്ധപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

2020-21ൽ ഹോസ്റ്റൽ വാടകയിനത്തിൽ നികുതിയുൾപ്പെടെ ₹1,31,115 ലഭിച്ചതായി മറുപടിയിൽ അറിയിച്ചു. ഇതിൽ നഗരസഭയ്ക്ക് വാടക ഇനത്തിൽ 1,09,372/-രൂപയാണ് ലഭിച്ചത്.

നഗരസഭയുടെ ആസ്തി സംരക്ഷിച്ചുകൊണ്ട് കൃത്യമായ മാനദണ്ഡങ്ങളോടെ ഹോസ്റ്റൽ പ്രവർത്തിപ്പിക്കുവാനും കാലോചിതമായ മാറ്റങ്ങൾ വരുത്താനും കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14-2 നഗരസഭയുടെ അധീനതയിലുള്ള നിരവധി കെട്ടിടങ്ങളിലെ വാടകക്കരാർ പുതുക്കാതെ കുത്തകക്കാർ തുടരുന്നു.കുടിശ്ശിക 34.82 ലക്ഷം ഈടാക്കി.

നഗരസഭയുടെ അധികാര പരിധിയിലുള്ളതും വാടകയ്ക്ക് നൽകിയിട്ടുള്ളതുമായ കെട്ടിടങ്ങളിലെ മുറികളുടെ വാടകയും എഗ്രിമെന്റ് കാലാവധിയും സംബന്ധിച്ച് പൂർണ്ണമായ വിവരങ്ങൾ വാടക രജിസ്റ്ററിൽ രേഖപ്പെടുത്താതെയും വാടകക്കരാർ പ്രകാരമുള്ള കാലാവധി പൂർത്തിയായതിന് ശേഷവും കരാർ പുതുക്കാതെയും കുത്തകക്കാർ തുടരുകയായിരുന്നു. കരാർ പുതുക്കാതെ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ഓഡിറ്റ് എൻക്വയറി നം. 39/2020-21/23.03.22 പ്രകാരം നല്കിയതിന് ലഭ്യമാക്കിയ മറുപടിയിൽ 2021-22 കാലയളവിൽ കുടിശ്ശിക ഭൂരിഭാഗവും ഈടാക്കിയതായി സെക്ഷൻ ബോധ്യപ്പെടുത്തിക്കൊണ്ട് മറുപടി ലഭ്യമാക്കി. നടപടി സ്വീകരിക്കാനുള്ളത് മാത്രമാണ് പരാമർശമായി ഉൾപ്പെടുത്തിയിട്ടുള്ളത്. 2017-18 കാലയളവ് മുതൽ നിരന്തരമായി ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും കൗൺസിലും നടപടി സ്വീകരിച്ചിരുന്നില്ല. കുടിശ്ശിക മാത്രം ഏകദേശം 34,82,609/-രൂപ 2020-21, 2021-22 കാലയളവിൽ പിരിച്ചെടുത്തതിൽ വാടക സെക്ഷൻ, ബിൽ കളക്ടർമാർ, റവന്യൂ ഓഫീസർ, സെക്രട്ടറി, കൗൺസിൽ എന്നിവരുടെ ശ്രമം പ്രത്യേക അഭിനന്ദനം അർഹിക്കുന്നു. തുടർന്നും എഗ്രിമെന്റ് കൃത്യമായി പുതുക്കിയും വാടക കൃത്യമായി ഈടാക്കിയും ബിനാമി ഇടപാടുകാരെ ഒഴിവാക്കിക്കൊണ്ടും വരവിനങ്ങൾ യഥാസമയം ഈടാക്കുന്നതിന് പ്രത്യേക പരിഗണന നല്കണമെന്ന് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. നിലവിൽ എഗ്രിമെന്റ് പുതുക്കാതെയും വാടക അടയ്ക്കാതെയും തുടരുന്ന വാടകക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മുറി നം. | വാടകക്കാരന്റെ പേര് | ഈടാക്കുന്ന വാടക | എഗ്രിമെന്റ് അവസാനിച്ച തീയതി (രജിസ്റ്റർ പ്രകാരം) | റിമാർക്സ് (മറുപടിയുടെ അടിസ്ഥാനത്തിൽ) |
|---|---|---|---|---|---|
| I | ബങ്ക് - നമ്പർ 2 ബസ് സ്റ്റാൻഡ് | | | | |
| 1 | 9 | ഇ.വി.സുബ്രഹ്മണ്യം | 801 | 31.03.2018 | കടമുറി പൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു |
| 2 | 19 | സുഹറ ബീവി | 422 | 31.03.2016 | 2019 വരെ എഗ്രിമെന്റ് പുതുക്കി. തുടർന്ന് പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു |
| II | ഷോപ്പ് കം ഓഫീസ് -വണ്ടിപ്പേട്ട (ഫസ്റ്റ് ഫ്ളോർ) | | | | |
| 1 | 3 | ജിജി തോമസ് | 660 | 28.01.2020 | അപേക്ഷ നല്കിയിട്ടുണ്ട്. നടപടി സ്വീകരിച്ചുവരുന്നു |
| III | ബസ് ടെർമിനൽ, പെരുന്ന | | | | |
| 1 | 1&2 | സജീവ് റഷീദ് | 4976 | 04.03.2017 | കടമുറി പൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു |
| 2 | 3 | ക്രിസ്റ്റി അഗസ്റ്റിൻ | 3260 | 31.03.2019 | കടമുറി പൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു |
| 3 | 6&7 | കെ.സി.ജെയിംസ് | 29617 | 05.07.2015 | കടമുറി ഒഴിഞ്ഞു. ലേലവും പുനർലേലവും നടത്തിയിട്ടും ആരും |

| | | | | | |
|---|---|---|---|---|---|
| | | | | | ഏറ്റെടുത്തില്ല |
| 4 | 9 | വി.എ.അഗസ്റ്റിൻ | 2471 | 04.03.2017 | കടമുറി പൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു |
| IV | ഫിഷ് മാർക്കറ്റ് | | | | |
| 1 | 1 | മാർട്ടിൻ ജോസഫ് | 360 | 31.03.2017 | കടമുറി പൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു |
| V | ന്യൂ വെജിറ്റബിൾ മാർക്കറ്റ് | | | | |
| 1 | 13 | പ്രമോദ് കെ.ജി | 4000 | 18.09.2018 | നോട്ടീസ് നല്കി നടപടി സ്വീകരിച്ചുവരുന്നു |
| VI | ഫിഷ് മാർക്കറ്റ് - റീട്ടെയിൽ ഷോപ്പ് | | | | |
| 6 | 19 | വി.ഡി.ബാബു | 1000 | 21.08.2018 | കടമുറി ഒഴിയാൻ ടിയാൻ അപേക്ഷ നല്കി |
| VII | വേഴയ്ക്കാട്ട് ചിറ -ഷോപ്പിംഗ് സെന്റർ | | | | |
| 1 | 1 | ഹസ്സി ഹസ്സൻ കോയ | 3000 | 20.06.2019 | എഗ്രിമെന്റ് പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു |
| 2 | 2 | " | 3000 | 20.06.2019 | |
| 3 | 4 | ബീന നഷ്റൂർ | 3000 | 20.06.2019 | |

വാടക രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയുടെ അധീനതയിലുള്ള നിരവധി കെട്ടിടങ്ങളിലെ കുത്തക അവകാശം ഏറ്റെടുത്തിട്ടുള്ള കരാറുകാരുടെ എഗ്രിമെന്റ് കാലാവധി 2015 മുതലുള്ള വിവിധ തീയതികളിൽ അവസാനിച്ചിട്ടും നാളിതുവരെ കരാർ പുതുക്കാതെയും വാടക നിരക്കിൽ മാറ്റം വരുത്താതെയും തുടരുന്നതായി കാണുന്നു. നഗരസഭയുടെ ഭാഗത്ത് നിന്നുള്ള മേൽനോട്ട സംവിധാനത്തിലെ പിഴവ് മൂലവും രജിസ്റ്ററുകളും രേഖകളും ശരിയായി സൂക്ഷിക്കാത്തത് മൂലവും ഇപ്രകാരം അനധികൃതമായി കുത്തകാവകാശം തുടരുന്നതായും നഗരസഭയ്ക്ക് നഷ്ടം സംഭവിക്കുന്നതുമായ സാഹചര്യം കർശനമായി ഒഴിവാക്കേണ്ടതാണ്. അനധികൃതമായി കടമുറികൾ കൈവശം വച്ചിരിക്കുന്നവർക്കെതിരെ നിയമാനുസൃത നടപടികൾ കൈക്കൊള്ളേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. അപാകതകൾ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന നഗരസഭയ്ക്ക് വൻ സാമ്പത്തിക ചോർച്ച സൃഷ്ടിക്കുന്ന ഇത്തരം നടപടികൾ യഥാസമയം കണ്ടെത്തി പരിഹരിക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വീഴ്ച വരുത്തി. ലഭ്യമായ സ്രോതസ്സുകളെ പരമാവധി ഉപയോഗപ്പെടുത്തിയും പുതിയ സ്രോതസ്സുകൾ കണ്ടെത്തി സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും, വരുമാനചോർച്ച തടയുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഫലപ്രദമായ നടപടികൾ തുടർച്ചയായി സ്വീകരിക്കേണ്ടതാണ്. വാടക തുകകൾ കാലോചിതമായി പരിഷ്കരിക്കുകയും, പുതുക്കിയ ലേലനടപടികൾ സ്വീകരിക്കുകയും ചെയ്യാത്ത പക്ഷം ബിനാമി ഇടപാടുകൾ ഉൾപ്പെടെയുള്ള ക്രമക്കേടുകൾക്ക് ഇടയാകുന്നതാണ്. ആയതിനാൽ ഈ വിഷയത്തിൽ ഭരണതലത്തിൽ സമഗ്രമായ അന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്യുന്നു. ക്രമക്കേടുകൾ ഇല്ലെന്ന് ഉറപ്പുവരുത്തുവാനും വാടകകൾ കാലോചിതമായി പരിഷ്കരിച്ച് പുനർലേലം നടത്തി വരുമാനം വർദ്ധിപ്പിക്കുന്നതിനും ഉചിതമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ലൈസൻസ് നേടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് നിയമവിരുദ്ധം

2020-21 വർഷത്തെ ലൈസൻസ് ഫീസ് രജിസ്റ്റർ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിച്ചു എന്ന് വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം / കെട്ടിട നം. | സ്ഥാപന ഉടമ | ലൈസൻസ് നേടിയത് ഏത് ആവശ്യത്തിന് |
|---|---|---|---|
| 1. | XXVI/176 | ആനിയമ്മ മാത്യു, ചെറുകര ഹൗസ് | ഫർണ്ണിച്ചർ വില്പന |

| | | | |
|---|---|---|---|
| | | അരമനപ്പടി | |
| 2. | XXVIII/395 | ചെറിയാൻ എം.ഒ<br>മാറാട്ടുകളം കരിശ്ശുംമൂട് | മാറാട്ട് സ്റ്റോഴ്സ് |
| 3. | XXXIV/144 | ജോസ് ജോസഫ്<br>പുത്തൻപ്പറമ്പ് | പുത്തൻപ്പറമ്പിൽ ഫ്ളവേഴ്സ് മാർട്ട് |
| 4. | XXXIV/232 | സഫ്‌വാൻ സി എ<br>കൊച്ചു ചൊട്ടുത്തറ<br>ആലപ്പുഴ | മൊബൈൽ സെയിൽ & സർവ്വീസ് |
| 5. | XXXIV/268 | ജോൺസൺ കെ ജോബ്<br>കല്ലുകളം ഹൗസ് | ഗ്ലാസ്സ് & ഫ്ലൈവുഡ് |
| 6. | XXXIV/287 | സുരേഷ് കുമാർ വി<br>അതിഥി ഭവൻ<br>കാക്കാംതോട് | തിരുപ്പതി ട്രേഡേഴ്സ്<br>(അങ്ങാടി മരുന്നുകൾ) |
| 7. | XXXIV/598(1) | എ ബാലൻ, 8എ, KRG നഗർ, ഗണപതി, കോയമ്പത്തൂർ | KR ബേക്കേഴ്സ് |
| 8. | XI/606 | സിബിച്ചൻ വി ഐ<br>വലിയവീട്ടിൽ ചിറ ഹൗസ്<br>പെരുന്ന | സവാള, ഉള്ളി, കിഴങ്ങ് കച്ചവടം |
| 9. | XIII/492 | ജോസഫ് ചെറിയാൻ,<br>തിരുവാതുക്കൽ<br>അരമനപ്പടി | ബുക്ക്, സ്പോർട്സ്, ഗുഡ്സ് & സ്റ്റേഷനറി |
| 10. | XXIII/195എ | സച്ചിൻ എസ്<br>തെഞ്ചേരി ഇല്ലം<br>പെരുന്ന കിഴക്ക് | കേറ്ററിംഗ് |
| 11. | XIV/18 | വത്സല<br>പെന്നാറ വീട്<br>പെരുന്ന | സ്ഥാപനത്തിന്റെ പേര്, ആവശ്യം ഉൾപ്പെടുത്തിയിട്ടില്ല. |
| 12. | XIV/260 | കെ. ആർ. രാജ ഗോപാൽ<br>അത്തിമറ്റം, വെളിയനാട്, ആലപ്പുഴ | ടൈൽസ്, സിമന്റ്, ഇരുമ്പ് സാധനങ്ങൾ |
| 13. | XIV/441 | സെബാസ്റ്റ്യൻ കുര്യാക്കോസ്<br>കുറുപ്പൻപ്പറമ്പിൽ<br>പനച്ചിക്കാവ് | വീൽ ബാലൻസ് & കാർ വാഷിംഗ് |

മേൽ വിവരിച്ച സ്ഥാപനങ്ങൾ കൂടാതെ നിരവധി സ്ഥാപനങ്ങൾ ലൈസൻസ് ഫീസ് ഒടുക്കാതെ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാണ്.

വാർഡ് 13,30 എന്നിവയുടെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പല സ്ഥാപനങ്ങളും (നഗരസഭ ഓഫീസിന് സമീപം) തൊഴിൽ നികുതിയും ലൈസൻസും ഒടുക്കിയിട്ടില്ല എന്ന് വ്യക്തമാകുന്നു.ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | സ്ഥാപന ഉടമ | ഷോപ്പ് |
|---|---|---|---|
| 1 | 13 | ഹാരിസ് | ഭക്ഷണശാല |

| | | | |
|---|---|---|---|
| 2 | 13 | നജീസ.പി.എം | ജ്യൂസ് സ്റ്റാൾ |
| 3 | 13 | ഇസ്മയിൽ ഇസ്ഹാക്ക് | ഇസ്ഹാക്ക് സ്റ്റോഴ്സ് |
| 4 | 30 | കൈലാസ് റാം | സത്യം ടെക്സ്റ്റയിൽസ് |
| 5 | 30 | ഡിനു ചാക്കോ | ഇലക്ട്രിക്കൽ ഷോപ്പ് |

നഗരസഭയിൽ നിന്നും ലഭ്യമാക്കിയ ഏതാനും വാർഡുകളിലെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ മാത്രമാണ് മുകളിൽ ചേർത്തിട്ടുള്ളത്. വിശദമായ പരിശോധന നടത്തി നഗരസഭയുടെ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കുമെതിരെ 2011-ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 23 ൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരം 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 511(1) എ,ബി,സി, (2) എ,ബി,സി എന്നീ ഉപവകുപ്പുകൾ പ്രകാരമുള്ള കുറ്റം സ്ഥാപനം നടത്തിയതിന്റെ വിശദാംശങ്ങളും, ആയത് ചെയ്തിട്ടില്ലെങ്കിൽ ആയതിന്റെ വിശദീകരണവും അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

### 1-15-1 തിയേറ്ററുകൾ, ഹോസ്റ്റലുകൾ - ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന 5 തിയേറ്ററുകളും 22 ഹോസ്റ്റലുകളിൽ 4 എണ്ണം ഒഴികെ 18 ഹോസ്റ്റലുകളും ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന് ഓഡിറ്റ് എൻക്വയറി നം.55/2020-21 തീയതി 19.05.2022 ന് മറുപടി ലഭ്യമാക്കി. ഹോസ്റ്റലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നം. | ഹോസ്റ്റലുകളുടെ എണ്ണം |
|---|---|
| 4 | 12 |
| 6 | 1 |
| 7 | 2 |
| 8 | 1 |
| 9 | 1 |
| 20 | 2 |
| 29 | 2 |
| 30 | 1 |

8, 9, 20 എന്നീ വാർഡുകളിലെ നാലു ഹോസ്റ്റലുകൾ ലൈസൻസ് എടുത്തിട്ടുള്ളതും ബാക്കി 18 സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു എന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന ടി സ്ഥാപനങ്ങൾക്കെതിരെ 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 23 ൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരം നിയമനടപടി സ്വീകരിക്കാത്തത് നഗരസഭയുടെ ഭാഗത്തെ ഗുരുതരമായ വീഴ്ചയാണ്. സ.ഉ.(സാധാ)നം. 1141/2022/ത.സ.ഭ.വ തീയതി 06.05.2022 പ്രകാരം വ്യാപാര-വ്യവസായ വാണിജ്യ സ്ഥാപനങ്ങളുടെയും സംസ്ഥാനത്തെ തിയേറ്ററുകളുടെയും ലൈസൻസ് പിഴയില്ലാതെ പുതുക്കുന്നതിനുള്ള കാലാവധി 31.08.2022 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങളിൽ നിന്നും നല്കുന്ന ലൈസൻസ് നാളിതുവരെ ലഭ്യമാക്കാതെ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും എതിരെ അടിയന്തിരമായി നിയമനടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 1-16 അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ നടപ്പാക്കിയ പദ്ധതികൾ -അപാകതകൾ

പ്രോജക്ട് നം.എസ്.ഒ-193/21

ബിൽ നം.170130148/18.02.2020- ₹99,900 (ക്യൂ ബിൽ )

അടങ്കൽ - ₹99,900

(1) തെങ്ങുകൃഷി വികസനം (ജനറൽ) -ജൈവവളം വിതരണം

ഈ പ്രോജക്ട് നടപ്പിലാക്കുന്നതിനായി കെയ്‌കോയിൽ നിന്നും 4995കി.ഗ്രാം വേപ്പിൻ പിണ്ണാക്ക് @25രൂപ

പ്രകാരം ആകെ ₹1,24,875 ചെലവഴിച്ച് 88 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതമായി ₹24975 ഈടാക്കി സ്ഥാപനത്തിൽ ഒടുക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) വളം വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 4004 കി.ഗ്രാം വളം മാത്രം വിതരണം ചെയ്തിട്ടുള്ളതായും ആയതിന് ആനുപാതികമായ ഗുണഭോക്തൃ വിഹിതം മാത്രമേ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയിട്ടുള്ളൂ എന്നും വ്യക്തമായി. ആയത് പ്രകാരം അനുവദനീയമായ സബ്സിഡി 75,075/-രൂപയാണ്. (4004x25x75%=75,075) ഇതിന് പകരം 99,900/-രൂപയാണ് വികസനഫണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ളത്. അധികമായി ₹24,825 വികസനഫണ്ടിൽ നിന്നും അനുവദിച്ചു. ഗുണഭോക്തൃ വിഹിതമിനത്തിൽ ഈടാക്കേണ്ട തുക 25,025/-രൂപയാണ്. എന്നാൽ ഈടാക്കിയിട്ടുള്ളത് 24,975/-രൂപയാണ്. (കുറവ് 50/-)

(2) സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി, 14.02.18 പ്രകാരം ജൈവവളത്തിന് (പൊതുവിഭാഗം) അനുവദനീയമായ സബ്സിഡി 75% ആണ്. എന്നാൽ പ്രോജക്ട് പ്രകാരമുള്ള ധനകാര്യ വിശകലനത്തിൽ

വികസനഫണ്ട് -₹99,900/-

ഗുണഭോക്തൃ വിഹിതം -₹24,975/-

(നേരിട്ട് ചെലവഴിക്കുന്നത്)

ആകെ 1,24,875/-രൂപയാണ് കാണിച്ചിട്ടുള്ളത്. (99,900/-രൂപയുടെ 25% എന്നരീതിയിലാണ് ഈ തുക കാണിച്ചിട്ടുള്ളത്) ആകെ ചെലവ് തുകയുടെ 75% മാണ് സബ്സിഡി നൽകുന്നത്. കൂടാതെ ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്ന എന്നാണ് പ്രോജക്ടിൽ നിർദ്ദേശിച്ചിട്ടുള്ളത്. ആയത് പ്രകാരം ഗുണഭോക്താക്കൾ വളം വാങ്ങിയതിന്റെ ബിൽ ഹാജരാക്കുന്ന മുറയ്ക്ക് സബ്സിഡി അവരുടെ അക്കൗണ്ടിലേയ്ക്ക് കൈമാറുകയാണ് ചെയ്യേണ്ടിയിരുന്നത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 28.10.2021 ൽ നല്കിയ എൻക്വയറി നം.1/20-21 ന് മറുപടി ലഭ്യമാക്കിയെങ്കിലും വികസനഫണ്ട് അധികം നല്കിയതിന് മറുപടി ലഭ്യമാക്കിയില്ല. അധികം നല്കിയ ₹24,825 നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-17 സമഗ്രമാലിന്യ നിർമ്മാർജ്ജന പദ്ധതി --എം.ആർ.എഫ് സെന്റർ സ്ഥാപിക്കൽ - പ്രവർത്തനം നടക്കുന്നില്ല. ₹5,67,193 പാഴ്ച്ചെലവ്

ഫയൽ നം.എച്ച് 8/14585/17

പ്രോജക്ട് നം.411/21

ചെലവ്--5,67,193/-

ബിൽ നം. 143/21 തീയതി 20.05.2020

നിർവ്വഹണം- ഹെൽത്ത് സൂപ്പർവൈസർ

2017-18ൽ ആരംഭിച്ച് 2019-20ൽ സ്പിൽ ഓവറായി നടപ്പാക്കിയ സമഗ്രമാലിന്യ നിർമ്മാർജ്ജന പദ്ധതിയിലെ വിവിധ പ്രവൃത്തികളിൽ ഒന്നായ ഫിഷ് മാർക്കറ്റിൽ എം.ആർ.എഫ് (മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ) സ്ഥാപിക്കൽ പ്രവൃത്തി 2019-20ൽ പൂർത്തിയാക്കി ബില്ല് നൽകിയെങ്കിലും 2019-20ൽ ക്യൂബിൽ ആയി 2020-21ലാണ് ചെലവ് നടന്നിട്ടുള്ളത് .

മുനിസിപ്പൽ സ്റ്റേഡിയം, വേഴയ്ക്കാട്ട് ബസ് സ്റ്റാന്റ്, ഫിഷ് മാർക്കറ്റ് എന്നീ 3 സ്ഥലങ്ങളിൽ എം.ആർ.എഫ് സെന്റർ സ്ഥാപിക്കുന്നതിന് ₹37,81,381/-അടങ്കലിൽ തയ്യാറാക്കിയ ടി പ്രോജക്ടിൽ ഫിഷ് മാർക്കറ്റിൽ മാത്രമാണ് എം.ആർ.എഫ് സെന്റർ സ്ഥാപിച്ചത്. (കരാറുകാരൻ -ശ്രീ ജി.രവിശങ്കർ, മാവേലിൽ). മറ്റ് രണ്ട് സ്ഥലങ്ങളിലും എം.ആർ.എഫ് പ്രവൃത്തി നടപ്പാക്കിയില്ല.



എം.ആർ.എഫ് സെന്റർ, ഫിഷ്മാർക്കറ്റ്

12/04/2022ന് നഗരസഭ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ഫിഷ് മാർക്കറ്റിൽ സ്ഥാപിച്ച എം.ആർ.എഫ്.സെന്റർ 07/19-ന് ഉദ്ഘാടനം നടത്തിയതായി ശിലാഫലകം ഉണ്ടെങ്കിലും നാളിതുവരെ പ്രവർത്തിച്ചിട്ടില്ല എന്ന് വ്യക്തമായി. എം.ആർ.എഫ് സെന്ററിന് സമീപം മുൻവർഷം സ്ഥാപിച്ച എയ്റോബിക് ബിൻ നാശോന്മുഖമായ അവസ്ഥയിലും, മാർക്കറ്റിൽ സാധനങ്ങൾ കൊണ്ടുവരുന്ന തെർമോക്കോൾ ഇവയിൽ കുത്തിനിറച്ചിരിക്കുന്നതായും പരിശോധനയിൽ കണ്ടു.

മാലിന്യ നിർമ്മാർജ്ജനത്തിന് പ്രതിവർഷം വൻതുക ചെലവഴിക്കുമ്പോഴും നടപ്പാക്കുന്ന പദ്ധതികളും നിർമ്മിക്കുന്ന ആസ്തികളും തുടർപ്രവർത്തനവും മോണിറ്ററിംഗും ഇല്ലാതെ പരാജയമാകുകയാണ്.

എം.ആർ.എഫ് സെന്ററിന് ചെലവഴിച്ച ₹5,67,193 പാഴ്ച്ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. ഉദ്ഘാടനത്തിൽ മാത്രം പദ്ധതി ഒതുക്കിക്കൊണ്ട്, പ്രവർത്തനം നടത്താതെയും പദ്ധതി ലക്ഷ്യം കൈവരിക്കാതെയും എം.ആർ.എഫ് സെന്റർ നിഷ്ക്രിയാസ്തി ആയതിനാൽ 5,67,193 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 കുടിവെള്ളം വിതരണം - കരാറുകാരന് തുക അധികം നല്കി

ഫയൽ നം. എച്ച്7-5183/19

ചെക്ക് നം.570562/19.02.2021, ₹97,291

ചെക്ക് നം.570586/27.02.2021, ₹1,53,636

ആകെ:- ₹ 2,50,927

ജലസേചന വകുപ്പിന്റെ പൈപ്പ് ലൈനിൽ തകരാറ് സംഭവിച്ചതിനാൽ നഗരസഭ പരിധിയിലെ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് 04.02.2021 ലെ 4-ം നം കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിച്ചതിൽ ശ്രീ സുമേഷ് കെ.എസ്, കനകസദനം, ആഞ്ഞിലിത്താനം, തിരുവല്ല എന്ന വ്യക്തി രേഖപ്പെടുത്തിയ കുറഞ്ഞനിരക്കായ 4000 ലിറ്റർ ടാങ്ക് ഉപയോഗിച്ച് വെള്ളം വിതരണം ചെയ്യുന്നതിന് 590/കി.മീ എന്ന നിരക്ക് ചെയർമാന്റെ മുൻകൂർ അനുമതിയോടെ അംഗീകരിച്ച് നല്കുകയും നഗരസഭ സെക്രട്ടറിയുടെ എച്ച്.7/5783/19 നം.ഉത്തരവ് പ്രകാരം കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള ചുമതല ഹെൽത്ത് സൂപ്പർവൈസർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

കുടിവെള്ളം വിതരണം ചെയ്തതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. കുടിവെള്ളം വിതരണ നിരക്കിന് (590/കി.മീ.) നഗരസഭ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടില്ല.
2. വാഹന വാടക ഒരു കി.മീറ്ററിന് 590/-രൂപ നിരക്ക്( ഇത്രയധികം ഉയർന്ന നിരക്ക് ) അംഗീകരിച്ച് നൽകിയത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. (മുൻവർഷം 5000 ലിറ്റർ സംഭരണശേഷിയുള്ള ജി പി എസ് ഘടിപ്പിച്ച വാഹനത്തിൽ കുടിവെള്ളം എത്തിക്കുന്നതിന് കി.മീ ന് ₹160 നിരക്കാണ് അംഗീകരിച്ചത് (25.03.2019ലെ 5-ം നം.തീരുമാനം.)
3. ശ്രീ സുമേഷ് കെ.എസ് എന്നയാൾ നഗരസഭയുമായി ഏർപ്പെട്ടിട്ടുള്ള കരാറിലെ നിബന്ധനകളിൽ ജി.പി.എസ് ഘടിപ്പിച്ച വാഹനങ്ങളിൽ ആയിരിക്കണം കുടിവെള്ളം വിതരണം നടത്തേണ്ടതെന്നും വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, ജി.പി.എസ് വിവരങ്ങൾ എന്നിവ ഹാജരാക്കണമെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ ജി.പി.എസ് വിവരങ്ങൾ, ഹാജരാക്കിയിട്ടില്ല. കൂടാതെ 27.02.2020 ലെ ജി.ഒ.(ആർ.റ്റി)നം.494/2020 /ത.സ്വ.ഭ.വ ഉത്തരവിലെ നിബന്ധനകൾ പ്രകാരം GPS ഘടിപ്പിച്ച ടാങ്കുകളിൽ കുടിവെള്ള വിതരണം നടത്തേണ്ടതും GPS ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും ക്രോസ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പുവരുത്തിയ ശേഷം സെക്രട്ടറി ചെലവു തുക വിനിയോഗിക്കേണ്ടതുമാണ് എന്നാണ്. ജി.പി.എസ് ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും ഉപയോഗിച്ചതായോ ക്രോസ്സ് ചെക്ക് ചെയ്ത് പരിശോധിച്ചതിനോ രേഖകളില്ല.

ശ്രീ സുമേഷ് സമർപ്പിച്ച നിരക്ക് പ്രാദേശികമായി നിലവിലുള്ള നിരക്കിലും അധികമാണെന്ന് പിന്നീട് കണ്ടെത്തുകയും 17.03.2021, 29.03.2021 തീയതികളിലെ കൗൺസിൽ യോഗത്തിൽ കൗൺസിലർമാർ നിരക്ക് സംബന്ധിച്ചും വെള്ളം കൊടുത്ത വാർഡുകളിൽ തന്നെ വീണ്ടും കൊടുത്തു എന്നുമുള്ള പരാതികളും ഉന്നയിച്ചിരുന്നു. 1000 ലിറ്ററിന് ₹337.50നിരക്കാണ് ഉള്ളതെന്ന് അന്വേഷണത്തിൽ അറിഞ്ഞതായി സെക്രട്ടറി അഭിപ്രായപ്പെട്ടതിനെ തുടർന്ന് 284000 ലിറ്ററിന് (71 ലോഡ് X 4000) തുക ഇപ്രകാരം കണക്കാക്കി

₹1,55,077ശ്രീ സുമേഷ് 25.03.2021 ന് തിരിച്ചടച്ചു. (Rt.No.01/120020112920/, തീയതി, 25.03.2021).

എന്നാൽ ഫയലിൽ 169000 ലിറ്റർ വെള്ളം വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ മാത്രമാണ് ഉള്ളത്. (06.01.21, 28.09.2021 ജെ.എച്ച്.ഐ മാരുടെ റിപ്പോർട്ടുകൾ) ആയതിനാൽ ടിയാന് അധികം തുക അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

അനുവദിക്കേണ്ടത് -169000 ലിറ്റർ X 337.50/1000= ₹57,038

അനുവദിച്ചത് -₹95,850 (₹2,50,927 -₹1,55,077)

അധികം- ₹38,812

115000 ലിറ്റർ (284000 -169000) കുടിവെള്ള വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കുകയോ അല്ലാത്തപക്ഷം അധികമായി അനുവദിച്ച തുക തിരികെ ഈടാക്കുകയോ ചെയ്യാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നം.2/2021/09.11.2021ന് ടി പ്രവൃത്തി വളരെ അടിയന്തിരമായി ചെയ്യേണ്ടതിനാൽ ജി.പി.എസ് ഘടിപ്പിച്ച വാഹനം ലഭ്യമാകാതിരുന്നതിനാലാണ് മറ്റ് വാഹനം ഉപയോഗിച്ചതെന്നും പ്രാദേശിക നിരക്ക് കി.മീറ്ററിന് 337.50/-രൂപയാണെന്ന് അറിഞ്ഞതിനാൽ ടിയാനെക്കൊണ്ട് പിന്നീട് തുക തിരികെ അടപ്പിച്ചു എന്നും 17.03.22ന് മറുപടി നല്കി. എന്നാൽ 115000 ലിറ്റർ (284000 -169000) കുടിവെള്ള വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കുകയോ മറുപടിയിൽ വിശദീകരണം നല്കുകയോ ചെയ്തില്ല. ആയതിനാൽ അധികം നല്കിയ ₹38,812 കരാറുകാരനിൽ നിന്നും തിരികെ ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. 38,812/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 എയ്റോബിക് ബിൻ സ്ഥാപിക്കൽ - തുടർപരിപാലനവും മോണിട്ടറിംഗും ഇല്ലാതെ പദ്ധതി പരാജയം

വികേന്ദ്രീകൃത മാലിന്യ സംസ്കരണം ലക്ഷ്യമാക്കി നഗരസഭ വിവിധ പദ്ധതികൾ 2015-16 മുതൽ നടപ്പാക്കി വരുന്നുണ്ടെങ്കിലും പദ്ധതികൾ അന്തിമ ലക്ഷ്യത്തിലെത്താതെ ഫണ്ട് ചെലവഴിക്കലിൽ മാത്രം ഒതുങ്ങുന്നു. സെക്രട്ടറി, ഹെൽത്ത് ഓഫീസർ, അസി.എഞ്ചിനീയർ എന്നീ ഉദ്യോഗസ്ഥരുടെ നിർവ്വഹണത്തിൽ വിവിധ വർഷങ്ങളിൽ നടപ്പാക്കിയ സമഗ്രമാലിന്യ നിർമ്മാർജ്ജന പദ്ധതി, വികേന്ദ്രീകൃത മാലിന്യ സംസ്കരണം തുടങ്ങിയ പദ്ധതികളിലുൾപ്പെടുത്തി നടപ്പാക്കിയ പദ്ധതികളിൽ ഒന്നായിരുന്ന എയ്റോബിക് ബിൻ സ്ഥാപിക്കൽ. 2015-16 മുതൽ 2019-20 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ നഗരസഭയുടെ വിവിധ സ്ഥലങ്ങളിൽ ജൈവമാലിന്യ സംസ്കരണം ലക്ഷ്യമാക്കി തുമ്പൂർമുഴി മോഡൽ എയ്റോബിക് ബിൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഒരിടത്തും ശരിയായ വിധത്തിൽ ഇവ ഉപയോഗിക്കുന്നില്ല എന്നും പല സ്ഥലങ്ങളിലും ബിന്നുകൾ നശിക്കുന്നതായും ഓഡിറ്റിന്റെ പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.




പെരുന്ന



ഫിഷ് മാർക്കറ്റ്



ടൗൺ ഹാൾ



വേഴയ്ക്കാട്

ഫിഷ് മാർക്കറ്റ്, വേഴയ്ക്കാട്, പെരുന്ന ബസ് സ്റ്റാൻറ്, ടൗൺ ഹാൾ, ഡംപിംഗ് യാർഡ് എന്നിവിടങ്ങളിൽ സ്ഥാപിച്ച എയ്റോബിക് ബിന്നുകൾ എല്ലാം തന്നെ നിലവിൽ ഉപയോഗരഹിതവും വിവിധ പാഴ്'വസ്തുക്കൾ ഡംമ്പ് ചെയ്യുന്ന സ്ഥലവുമായിരിക്കുന്നു. പെരുന്ന ബസ് സ്റ്റാന്റിലെ എയ്റോബിക് ബിൻ (ചങ്ങനാശ്ശേരി ഫ്രണ്ട്സ്, യു.എ.ഇ. ചാപ്റ്റർ ധനസഹായത്തോടെ) ഒഴികെ മറ്റിടങ്ങളിൽ എല്ലാം ധനകാര്യ കമ്മീഷൻ ഗ്രാന്റും

വികസന ഫണ്ടും ചെലവഴിച്ച് നിർമ്മിച്ച ആസ്തികളാണ് നാശോന്മുഖമായ അവസ്ഥയിലുള്ളത്. തുടർ പരിപാലനവും കൃത്യമായ മോണിട്ടറിംഗും നടത്താത്തതിനാലാണ് പദ്ധതി പരാജയപ്പെട്ടത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വിവിധ വർഷങ്ങളിൽ എയ്റോബിക് ബിൻ സ്ഥാപിക്കൽ പ്രവൃത്തിയ്ക്കായി ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ട് നം. | ചെലവഴിച്ച തുക | ഫണ്ട് |
|---|---|---|---|
| 2015-16 | 14/16 | 6,19,211 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 2015-16 | 187/16 | 3,98,256 | വികസനഫണ്ട് |
| 2016-17 | 374/17 | 7,14,325 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 2019-20 | 305/20 | 5,70,871(ഭാഗിക ചെലവ്) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

സർക്കാർ ഫണ്ട് ഏകദേശം ₹23ലക്ഷം ചെലവഴിച്ച് നിർമ്മിച്ച ആസ്തികളും, സ്പോൺസർഷിപ്പിലൂടെ പെരുന്ന ബസ് സ്റ്റാന്റിൽ (ശുചിത്വ നഗരം ലക്ഷ്യമാക്കി നല്ലവരായ നാട്ടുകാരുടെ സഹായത്താൽ) നിർമ്മിച്ച എയ്റോബിക് ബിന്നുകളുമാണ് മാലിന്യ സംസ്കരണ ലക്ഷ്യം അകലെയാക്കിക്കൊണ്ട് നിർജ്ജീവാവസ്ഥയിലായതെന്ന് പ്രത്യേകം ചൂണ്ടിക്കാട്ടുന്നു. 2020-21ൽ നിലവിലുള്ള എയ്റോബിക് ബിന്നുകളുടെ നവീകരണം എന്ന പേരിൽ 455/21 നം.പ്രോജക്ട് ₹7,00,000 അടങ്കലിൽ വച്ചിരുന്നെങ്കിലും നടപ്പിലാക്കിയില്ല. ശരിയായ വിധത്തിൽ ഉപയോഗിക്കാതെയും പരിപാലിക്കുകയും ചെയ്യാതെ മെയിന്റനൻസിനായി വീണ്ടും വൻതുക പദ്ധതി ഫണ്ട് ചെലവഴിക്കേണ്ടി വരുന്നതും ശ്രദ്ധയിൽപ്പെടുത്തുന്നു. കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-20 ഓഡിറ്റ് ഇംപാക്ട്-- വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി --ചെയ്യാത്ത പ്രവൃത്തിക്ക് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ നല്കിയ ആനുകൂല്യം തിരിച്ചടച്ചു.

ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ SO 417/21-നമ്പർ പദ്ധതിയിൽ 5 ഗുണഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം നൽകിയിട്ടുണ്ട്. ഇതിൽ ശ്രീമതി ഷീജ ഷഫീക്ക് എന്ന ഗുണഭോക്താവിന് നഗരസഭയുടെ പദ്ധതി വിഹിതം ഉൾപ്പെടുത്തിയ പ്രോജക്ട് പ്രകാരവും (വികസന ഫണ്ട് വിഹിതം) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലും ആനുകൂല്യം നൽകിയിട്ടുണ്ട്.

കുളം നിർമ്മിക്കൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്നതും തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളുടെ യൂണിറ്റ് തുക അതാത് യൂണിറ്റ് ചെലവിൽ കുറവ് ചെയ്യേണ്ടതും ശേഷിക്കുന്ന പ്രവർത്തനങ്ങളുടെ പദ്ധതിച്ചെലവിൽ നിന്നും ആനുപാതിക സബ്സിഡി നൽകേണ്ടതുമാണ് എന്ന് സ.ഉ.(സാധാ).നം.1009/2020/ത.സ്വ.ഭ.വ/29.05.2020ൽ നിഷ്കർഷിച്ചിട്ടുണ്ട്.

ഷീജ ഷഫീക്കിന് ഈ പദ്ധതിയിൽ വികസന ഫണ്ട് വിഹിതം ആകെ 30,380 രൂപയും (കുളം കുഴിക്കൽ- ₹7,360 സബ്സിഡി) തൊഴിലുറപ്പ് പദ്ധതിയിൽ കുളം കുഴിക്കലിന് ഈ കുടുംബത്തിലെ തന്നെ 4 പേർക്ക് ആകെ 112 തൊഴിൽ ദിനങ്ങൾ നൽകി 32,592രൂപയും (112x291) അനുവദിച്ചിട്ടുണ്ട്.(ചെക്ക് നം.000036/31.03.2021-33344രൂപ- ഉപകരണ വാടക, മറ്റിനങ്ങൾ ഉൾപ്പെടെ)

മസ്റ്റർ റോൾ പ്രകാരം പ്രവൃത്തി 18.02.2021 മുതൽ 17.03.2021 വരെയാണ് (എം.ബുക്ക് നം.237/18/ 18.2.21-17.03.21). എന്നാൽ വികസനഫണ്ട് ആനുകൂല്യം നൽകിയ ഫയലിൽ ജെ.സി.ബി ഉപയോഗിച്ച് 2/01/21നും 03/01/21നും ആകെ 17 മണിക്കൂർ പ്രവൃത്തി ചെയ്തതിന്റെ ബില്ലും ഹാജരാക്കിയിട്ടുണ്ട്. അത് പ്രകാരം യൂണിറ്റ് നിരക്ക് ₹18,400-ൽ ലിമിറ്റ് ചെയ്ത് 40% സബ്സിഡി ₹7,360 നൽകിയിട്ടുണ്ട്. ജെ.സി.ബി ഉപയോഗിച്ച് 02.01.21ന് കുളം കുഴിച്ച സ്ഥലത്ത് 18/02/21 മുതൽ 17/03/21 വരെ തൊഴിലുറപ്പ് പദ്ധതിയിൽ കുളം

നിർമ്മിച്ചതായി വ്യാജ മസ്റ്റർ റോൾ ഉണ്ടാക്കി ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു.

മറുപടി ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 34/2020-21 തീ.21/03/2022 ന് മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നല്കുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്നും നഗരസഭയെ തെറ്റിദ്ധരിപ്പിച്ച് തുക കൈക്കലാക്കിയതിനെതിരെ വിശദീകരണത്തിനും തുക തിരിച്ചടയ്ക്കാനും നോട്ടീസ് നല്കിയിട്ടുണ്ട് എന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. എന്നാൽ നഗരസഭയുടെ തന്നെ നിർവഹണ ഉദ്യോഗസ്ഥൻ മുഖേന നടപ്പാക്കുന്ന പദ്ധതിക്ക് കൗൺസിൽ അംഗീകാരവും പദ്ധതി അംഗീകാരവും ലഭ്യമാക്കുമ്പോൾ മറ്റ് ധനസഹായം ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്ന മറുപടി അംഗീകരിക്കാൻ സാധിക്കുകയില്ല. മാത്രമല്ല, 02.01.21ന് കുളം കുഴിച്ച സ്ഥലത്ത് ഗുണഭോക്താവിന്റെ 10.2.21 ലെ അപേക്ഷ പ്രകാരം തൊഴിൽ കാർഡ് ഇഷ്യൂ ചെയ്ത് മസ്റ്റർ റോൾ നല്കിയത് ഉദ്യോഗസ്ഥരുടെ ഭാഗത്തെ വീഴ്ചയാണ്.

6.6.22 ന് സെക്രട്ടറി രണ്ടാമത് ലഭ്യമാക്കിയ മറുപടിയ്ക്കൊപ്പം ഗുണഭോക്താവിൽ നിന്നും ഈടാക്കിയ 33344/-രൂപ തൊഴിലുറപ്പ് പദ്ധതിയുടെ അക്കൗണ്ടായ യൂക്കോ ബാങ്ക് അക്കൗണ്ടിൽ 6.6.22 ന് തിരിച്ചടച്ചതിന്റെ രേഖകളും ഹാജരാക്കി.

## 1-21 നഗരസഭ ഓഫീസ് കോമ്പൗണ്ടിൽ ട്രാൻസ്ഫോമർ സ്ഥാപിക്കൽ-3.8 ലക്ഷം രൂപ 2018 ൽ കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ചു- പദ്ധതി നടപ്പാക്കിയതിന്റെ വിവരം ലഭ്യമല്ല

ഫയൽ നം.E3/13686/16
നിർവ്വഹണം- സെക്രട്ടറി

നഗരസഭ ഓഫീസിലെ നിലവിലുള്ള 3 ഫേസ് കണക്ഷൻ, ഓഫീസിലുള്ള ഇലക്ട്രിക്ക് സംവിധാനങ്ങളുടെ പ്രവർത്തനത്തിന് പര്യാപ്തമല്ലാതെ വന്നതിനാൽ കെ.എസ്.ഇ.ബി-യുടെ റിപ്പോർട്ട് പ്രകാരം ഓഫീസിന്റെ പ്രവർത്തനത്തിന് മാത്രമായി നഗരസഭ കോമ്പൗണ്ടിൽ ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിനായുള്ള പ്രോജക്ട് 2017-18 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. (പ്രോജക്ട് നം.460/18).

നഗരസഭയുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ എഗ്രിമെന്റ് വെച്ചിട്ടുള്ള DLTCE യുടെ റിപ്പോർട്ട് പ്രകാരം 100KWA ട്രാൻസ്ഫോമർ ആണ് ആവശ്യമെന്നതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി യുടെ 20.11.17ലെ എസ്റ്റിമേറ്റ് ₹3,80,703 അംഗീകരിച്ചുകൊണ്ട് 12/01/18ൽ അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, ചങ്ങനാശ്ശേരിയുടെ കാനറ ബാങ്കിലുള്ള 0705201001510 അക്കൗണ്ടിൽ ടി തുക ക്രെഡിറ്റ് ചെയ്തു. 2 വർഷത്തിനു ശേഷം പ്രവൃത്തി നടപ്പാക്കാതെ 11.02.19-ൽ കെ.എസ്.ഇ.ബി റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ₹54,006 കൂടി ആവശ്യപ്പെട്ടെങ്കിലും പ്രവൃത്തി നടപ്പാക്കാത്തതിനാലും ഓഡിറ്റ് ഒബ്ജക്ഷൻ ഉണ്ടാകുമെന്നതിനാലും തുക നൽകിയില്ല. പ്രവൃത്തി നടപ്പാക്കാത്തതിനാൽ നഗരസഭയിൽ നിന്നും ഓർമ്മക്കുറിപ്പും 10.06.2019ന് നൽകിയിട്ടുണ്ട്.

നഗരസഭയുടെ തെക്ക്പടിഞ്ഞാറ് ഭാഗത്ത് ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് ആവശ്യപ്പെട്ടുകൊണ്ട് 18.06.2020ന് നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി യ്ക്ക് കത്ത് നൽകിയിട്ടുണ്ട്. വീണ്ടും റിവൈസ്ഡ് എസ്റ്റിമേറ്റ് നഗരസഭയിൽ നിന്നും ആവശ്യപ്പെട്ടതിന് കാരണവും വ്യക്തമല്ല. സ്ഥാപനവുമായി കരാർ വച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല. ട്രാൻസ്ഫോമർ സ്ഥാപിക്കാതെ 4 വർഷമായി പദ്ധതി ഫണ്ട് കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റായി കിടന്നിട്ടും, നഗരസഭയുടെ ഇലക്ട്രിക്ക് സംവിധാനങ്ങൾ എപ്രകാരം സുഗമമായി പ്രവർത്തിക്കുന്നു എന്നും വിശദമാക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നം. 11/2020-21/17.01.22 ന് മറുപടി ലഭ്യമാക്കിയില്ല.

പദ്ധതി നാളിതുവരെ നടപ്പാക്കാത്ത സാഹചര്യത്തിൽ 3,80,703/-രൂപ 4 വർഷമായി കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ആയി തുടരുന്നത് പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 1-22 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ-- കെൽട്രോണിന് അധികം തുക നൽകി.

നിർവ്വഹണം-പ്രോജക്ട് ഓഫീസർ, യു.പി.എ.സെൽ

അടങ്കൽ-5,00,000

(വികസന ഫണ്ട്, എസ്.സി.പി)

ബിൽ നം.1258465/18.03.21

ചെലവ് - ₹4,90,122

2020-21ൽ സ്പിൽ ഓവറായി നടപ്പാക്കിയ SO119/21-എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ പദ്ധതിയിൽ 18 വിദ്യാർത്ഥികൾക്ക് CPRCS ( Centralised Procurement And Rate Contract System) പോർട്ടലിൽ നിന്നും കെൽട്രോൺ മുഖേന ഉബുണ്ടു അധിഷ്ഠിത ലാപ്ടോപ്പ് 17.06.2021ന് ലഭ്യമാക്കി വിതരണം നടത്തിയിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകത കാണുന്നു.

കെൽട്രോണിന്റെ 15.03.21ലെ ഇൻവോയ്സ് പ്രകാരം 27,229/- രൂപ നിരക്കിൽ 18 ലാപ്ടോപ്പുകളുടെ തുക ₹4,90,122 കെൽട്രോണിന് 18.03.2021ൽ നൽകിയിട്ടുണ്ട്. എന്നാൽ 11.06.2021ലെ കെൽട്രോണിന്റെ ബില്ലിൽ 26,208/- രൂപ നിരക്കിൽ തുക 4,71,744 രൂപയാണ്. ₹18,378 കെൽട്രോണിന് അധികം നൽകിയത് ക്രമീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നം.3/21 തീയതി.11/11/2021 ന് തുക തിരികെ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കെൽട്രോണിന് കത്ത് നല്കിയതായി അറിയിച്ചു.

2019-20 വർഷം ലാപ്ടോപ്പ് വാങ്ങൽ പദ്ധതിയിലും (പ്രോജക്ട് നം.37/20) കെൽട്രോണിന് ₹15,714 അധികം നൽകിയിരുന്നു. ഇപ്രകാരം അധികം നൽകിയ ₹34,092 കെൽട്രോണിൽ നിന്നും ഈടാക്കുകയോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കിയോ സർക്കാരിലേയ്ക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-23 നഗരസഭ ക്വാർട്ടേഴ്സ് -വാടക റിക്കവറി അടവാക്കാത്തത് മൂലം നഗരസഭ ഫണ്ടിന് നഷ്ടം

സർക്കാർ ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന ജീവനക്കാരൻ 35,700-75,600രൂപ എന്ന ശമ്പള സ്കെയിലിലോ അതിന് മുകളിലോ ശമ്പളം കൈപ്പറ്റുന്നുണ്ടെങ്കിൽ ഇവർക്ക് വീട്ടുവാടക അലവൻസ് നൽകേണ്ടതില്ലായെന്നും കൂടാതെ എല്ലാ മാസവും അടിസ്ഥാന ശമ്പളത്തിന്റെ 2% കൂടി നിർബന്ധമായും ഈടാക്കേണ്ടതാണെന്നും 2014 ശമ്പള പരിഷ്ക്കരണ ഉത്തരവ് ജി.ഒ.(പി) നം.7/2016/ധന,തീയതി 20.01.2016ലെ ഖണ്ഡിക 15(വാടക റിക്കവറി) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ഗവ.ക്വാർട്ടേഴ്സ് അനുവദിക്കുന്നതിന് തുക സർക്കാരിലേയ്ക്ക് ഈടാക്കുന്നതിന് സമാനമായി നഗരസഭ ക്വാർട്ടേഴ്സ് അനുവദിക്കുന്നതിന്റെ തുക (നിശ്ചിത പരിധിയ്ക്ക് മുകളിൽ) നഗരസഭ ഫണ്ടിലേയ്ക്ക് ഈടാക്കേണ്ടതാണ്. എന്നാൽ തൻവർഷം നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ ഷിബു വി.പി, (സ്കെയിൽ 39,500-83,000) നഗരസഭ ക്വാർട്ടേഴ്സിൽ താമസിച്ചതിന്റെ വാടക റിക്കവറി നഗരസഭ ഫണ്ടിൽ അടവാക്കിയിട്ടില്ലായെന്ന് ഫയൽ പരിശോധിച്ചതിൽ നിന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ടിയിനത്തിൽ നഗരസഭ സെക്രട്ടറി ശ്രീ വി.പി.ഷിബു നഗരസഭ ഫണ്ടിലേയ്ക്ക് അടവാക്കേണ്ട വാടക റിക്കവറിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാസം | അടിസ്ഥാന ശമ്പളം | വാടക റിക്കവറി (അടിസ്ഥാന ശമ്പളത്തിന്റെ 2%) |
|---|---|---|---|
| 1 | മാർച്ച് 2020 | 55,350 | 1,107 |
| 2 | ഏപ്രിൽ 2020 | " | 1,107 |
| 3 | മെയ് 2020 | " | 1,107 |
| 4 | ജൂൺ 2020 | " | 1,107 |
| 5 | ജൂലൈ 2020 | " | 1,107 |
| 6 | ആഗസ്റ്റ് 2020 | " | 1,107 |
| 7 | സെപ്റ്റംബർ 2020 | " | 1,107 |

| | | | |
|---|---|---|---|
| 8 | ഒക്ടോബർ 2020 | " | 1,107 |
| 9 | നവംബർ 2020 | " | 1,107 |
| 10 | ഡിസംബർ 2020 | 56,700 | 1,134 |
| 11 | ജനുവരി 2021 | " | 1,134 |
| 12 | ഫെബ്രുവരി 2021 | " | 1,134 |
| | | ആകെ | 13,365 (പതിമൂവായിരത്തി മുന്നൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം |

ടി തുക നഗരസഭ സെക്രട്ടറിയായിരുന്ന ശ്രീ ഷിബു വി.പി യിൽ നിന്ന് ഈടാക്കി നഗരസഭ തനതുഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്. മുൻവർഷങ്ങളിൽ നഗരസഭ ക്വാർട്ടേഴ്സിൽ താമസിച്ച് ജോലി നോക്കിയിരുന്ന സെക്രട്ടറിമാരിൽ നിന്ന് വാടക റിക്കവറി ഇനത്തിൽ തുക ഈടാക്കിയിട്ടുണ്ടോ എന്ന വിവരത്തിനും മേൽ പരാമർശിച്ച അപാകതയ്ക്കും മറുപടി ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.37/2020-21/30/03 /2022ന് മറുപടി ഹാജരാക്കിയില്ല.

## 1-24 നഗരസഭ സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും സർക്കാർ ഫണ്ടിലേയ്ക്ക് തിരികെ അടവാക്കിയിട്ടില്ല.

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3), കേരള സർവ്വീസ് റൂൾ 146 എന്നിവ പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കപ്പെട്ട നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും സംസ്ഥാന ഫണ്ടിൽ നിന്ന് പിൻവലിക്കേണ്ടതും തുടർന്ന് പ്രസ്തുത തുകകളും പെൻഷൻ അംശദാനവും നഗരസഭ തനതുഫണ്ടിൽ നിന്ന് മാസംതോറും സർക്കാർ ഫണ്ടിലേയ്ക്ക് തിരികെ അടവാക്കേണ്ടതുമാണ്. എന്നാൽ വർഷങ്ങളായി ചങ്ങനാശ്ശേരി നഗരസഭയിലെ സെക്രട്ടറിമാർ ട്രഷറിയിൽ നിന്നും പിൻവലിക്കുന്ന തുകകൾ സർക്കാർ ഫണ്ടിലേയ്ക്ക് തിരികെ അടവാക്കുന്നില്ല. ഓഡിറ്റ് വർഷം ചുമതലയുണ്ടായിരുന്ന സെക്രട്ടറി ട്രഷറിയിൽ നിന്ന് മാറിയെടുത്തിട്ടുള്ള ശമ്പളത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ശ്രീ ഷിബു വി.പി - നഗരസഭ സെക്രട്ടറി , ഗ്രേഡ് I

| മാസം | തുക | എൻകാഷ് ചെയ്ത തീയതി |
|---|---|---|
| 03/20 | 17,141 | 26.08.2020 |
| 04/20 | Nil | --- |
| 05/20 | 34,020 | 20.09.2021 |
| 06/20 | 51,365 | 26.08.2020 |
| 07/20 | 53564 | 26.08.2020 |
| 08/20 | 53,564 | 26.08.2020 |
| 09/20 | 66,420 | 9.10.2020 |
| 10/20 | 28,532 | 23.12.2020 |
| 11/20 | 49,896 | 23.12.2020 |

| | | |
|---|---|---|
| 12/20 | 68,040 | 05.01.2021 |
| 01/21 | 68,040 | 03.02.2021 |
| 02/21 | 68,040 | 04.03.2021 |
| ആകെ | 5,58,622 (അഞ്ചു ലക്ഷത്തി അമ്പത്തിയെണ്ണായിരത്തി അറുനൂറ്റി ഇരുപത്തി രണ്ട് രൂപ മാത്രം) | |

ചങ്ങനാശ്ശേരി സബ്ട്രഷറിയിൽ നിന്ന് തൻവർഷം മാറിയെടുത്തിട്ടുള്ള മേൽ പ്രതിപാദിച്ച തുകകൾ നാളിതുവരെ സർക്കാർ ഫണ്ടിലേയ്ക്ക് തിരികെ അടവാക്കിയിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ചുവടെ ചേർക്കുന്ന അപാകതകളും ശ്രദ്ധയിൽപ്പെട്ടു.

1. സെക്രട്ടറിമാരുടെ ശമ്പളവും മറ്റ് ബത്തകളും സംസ്ഥാന ഫണ്ടിലേയ്ക്ക് തിരിച്ച് അടവാക്കിയത് ഏത് വർഷം വരെയെന്ന് വ്യക്തതയില്ല.

2. മേൽപ്പറഞ്ഞ തുകകൾ യഥാസമയം അടവ് വരുത്താത്തതിനാൽ ടി തുകകൾ നഗരസഭയുടെ ബാദ്ധ്യതയാണ്. എന്നാൽ നഗരസഭയുടെ ബാലൻസ് ഷീറ്റിൽ ടി തുകകൾ ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

മേൽപ്പറഞ്ഞ തുകകൾ യഥാസമയം സർക്കാരിലേയ്ക്ക് അടവ് വരുത്താതിരുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 38/2020-21/30/03/2022 ന് മറുപടി ലഭ്യമാക്കിയില്ല.

ടി ₹5,58,622 അടിയന്തിരമായി സർക്കാർ ഫണ്ടിൽ അടവാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷവും പെൻഷൻ ആനുകൂല്യം വിതരണം ചെയ്തത് അംഗീകരിക്കുന്നില്ല

നഗരസഭയിലെ മരണ രജിസ്റ്റർ, സേവന സോഫ്റ്റ്‌വെയർ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും അവരുടെ അക്കൗണ്ടുകളിലേയ്ക്ക് പെൻഷൻ തുക അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി | അനർഹമായി കൈപ്പറ്റിയ തുക | കാലയളവ് |
|---|---|---|---|---|---|---|
| 1. | വി വാസു | വാർദ്ധക്യകാല പെൻഷൻ | 101880200286 | 31/12/2019 | 33,700 | 01/2020 – 10/2021 |
| 2. | ഹലീമ ബീവി | വിധവ പെൻഷൻ | 101880601376 | 23/02/2020 | 29,000 | 03/2020– 10/2021 |
| 3. | സരസമ്മ | വാർദ്ധക്യകാല പെൻഷൻ | 101880201746 | 18/05/2020 | 1,800 | 06/2020 – 08/2020 |
| 4. | വാവ നാരായണൻ | വാർദ്ധക്യകാല പെൻഷൻ | 101880203055 | 28/07/2020 | 1,300 | 08/2020 |
| 5. | ഹമീദമ്മ | വാർദ്ധക്യകാല പെൻഷൻ | 101880200429 | 26/07/2020 | 23,200 | 08/2020 – 10/2021 |
| 6. | തോമസ് മാത്യു | വാർദ്ധക്യകാല പെൻഷൻ | 101880201702 | 01/04/2020 | 27,700 | 05/2020 – 10/2021 |
| 7. | കൃഷ്ണൻകുട്ടി ജി | വാർദ്ധക്യകാല പെൻഷൻ | 101880203511 | 05/05/2020 | 26,200 | 06/2020 – 10/2021 |

| | | | | | | |
|---|---|---|---|---|---|---|
| 8. | റോസമ്മ ഇഗ്നേഷ്യസ് | 50 വയസ്സ് കഴിഞ്ഞ അവിവാഹിത | 101880500002 | 15/03/2020 | 27,900 | 04/2020 – 10/2021 |
| 9. | കോമളം | വാർദ്ധക്യകാല പെൻഷൻ | 101880200200 | 14/06/2020 | 24,700 | 07/2020 – 10/2021 |
| 10. | ബാബു ജെ | വാർദ്ധക്യകാല പെൻഷൻ | 101880201522 | 13/10/2020 | 18,500 | 11/2020 – 10/2021 |
| 11. | വിശ്വനാഥൻ | വാർദ്ധക്യകാല പെൻഷൻ | 101880201194 | 31/10/2020 | 18,700 | 11/2020 – 10/2021 |
| 12. | എം.ജെ.സേവ്യർ | വാർദ്ധക്യകാല പെൻഷൻ | 101880201147 | 29/11/2020 | 4,500 | 12/2020 – 02/2021 |
| 13. | നാരായണൻ നമ്പൂതിരി | വാർദ്ധക്യകാല പെൻഷൻ | 101880201756 | 16/12/2020 | 15,700 | 01/2021 – 10/2021 |
| ആകെ | | | | | 2,52,900 | |

ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് മുകളിൽ കൊടുത്തിട്ടുള്ളത്. വിശദമായ പരിശോധന നടത്തി നഗരസഭയിലെ മരണപ്പെട്ട മറ്റു ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് പെൻഷൻ അനുവദിച്ചിട്ടില്ലെന്ന് ഉറപ്പു വരുത്തേണ്ടതും അധികമായി അനുവദിച്ച തുകകൾ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അനർഹമായി തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി-5/2020-21, തീയതി-15.11.2021 ന് കൃത്യമായ അന്വേഷണം നടത്തി തുടർന്ന് പെൻഷൻ അനുവദിക്കുന്നതാണ് എന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി.

## 1-26 ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച നഗരസഭ ആസ്തികൾ തുടർപ്രവർത്തനമില്ലാതെ നിർജ്ജീവാവസ്ഥയിൽ

2014-15, 2015-16 വർഷങ്ങൾ മുതൽ ബഹുവർഷ പ്രോജക്ടുകളായി നടപ്പാക്കിവരുന്ന പദ്ധതികളിൽ ഉൾപ്പെടുത്തി പദ്ധതി ഫണ്ടിൽ നിന്നും ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച നഗരസഭ ആസ്തികൾ തുടർപരിപാലനവും മോണിറ്ററിംഗും ഇല്ലാതെ നിഷ്ക്രിയാസ്തികൾ ആയി മാറിക്കൊണ്ടിരിക്കുന്നു. ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച ആസ്തികൾ പ്രവർത്തനം ആരംഭിക്കാതെ തന്നെ വർഷങ്ങൾ കഴിഞ്ഞ് മെയിന്റനൻസിനായും വൻതുക പദ്ധതി വിഹിതം ചെലവഴിക്കുന്നു. ഈ പ്രവണത ആശാസ്യകരമല്ല.

നഗരസഭയ്ക്ക് വരവിനത്തിൽ നേട്ടങ്ങളുണ്ടാക്കാവുന്ന നിരവധി ആസ്തികളാണ് നിർജ്ജീവാവസ്ഥയിൽ തുടരുന്നത്.

2017-18 ഓഡിറ്റ് റിപ്പോർട്ട് ഖ.3-32, 2019-20 ഓഡിറ്റ് റിപ്പോർട്ട് ഖ. 1-33 എന്നിവയിൽ നഗരസഭയിലെ ഉപയോഗിക്കപ്പെടാത്തതും വരുമാനമില്ലാതെയും കിടക്കുന്ന ആസ്തികൾ സംബന്ധിച്ച് വിശദമായി പരാമർശിച്ചിരുന്നുവെങ്കിലും തുടർനടപടികളില്ലാതെ പദ്ധതി ഫണ്ട് പാഴാകുകയാണ്. നഗരസഭ ആസ്തികൾ ശരിയായ വിധത്തിൽ മാർക്കറ്റ് ചെയ്യപ്പെടുന്നില്ല എന്നതാണ് നിർജ്ജീവാവസ്ഥയുടെ പ്രധാന കാരണം. നഗരത്തിനുള്ളിലും പുറത്തും ഇവ മാർക്കറ്റ് ചെയ്യപ്പെടാനും അറിയിപ്പ് നൽകാനും നഗരത്തിന്റെ പ്രമുഖ സ്ഥലങ്ങളിലുള്ള നിരവധി ആസ്തികൾ സംരക്ഷിക്കാനും വരുമാനദായകമാക്കാനുമുള്ള നടപടികൾ കൗൺസിൽ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.



ഡേ കെയർ സെന്റർ



പകൽ വീട്



ടൗൺ ഹാൾ



റസ്റ്റ് ഹൗസ്



എസ് സി സാംസ്കാരിക നിലയം



ഇ എം എസ് ഓഡിറ്റോറിയം

ആസ്തികൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | ചെലവഴിച്ച തുക | ഫണ്ട് | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | ഇ.എം.എസ് ഓഡിറ്റോറിയം നിർമ്മാണം (എ.സി.ഓഡിറ്റോറിയം) | 76,14,611 | വികസന ഫണ്ട് | വർഷങ്ങളായി അടച്ചിട്ടിരിക്കുന്നു. കൃത്യമായ ആസൂത്രണമില്ലാതെ പെരുന്ന ബസ് സ്റ്റാന്റിൽ പദ്ധതി നടപ്പാക്കിയതിനാൽ വാഹന പാർക്കിംഗ് സൗകര്യം സജ്ജമാക്കാൻ പ്രയാസം. |
| 2 | മുനിസിപ്പൽ പാർക്ക് | 34,57,763 (2015-16-3,43,480 2016-17-31,14,283) | -ടി - | ലേലത്തിൽ പോയിരുന്നു. പ്രളയം, കോവിഡിനെ തുടർന്ന് അടച്ചുപൂട്ടൽ എന്നിവ കാരണം വൃത്തിഹീനവും ഉപകരണങ്ങൾ നശിച്ചും കിടക്കുന്നു. 20-21,21-22 വർഷങ്ങളിൽ ലേലത്തിൽ പോയില്ല. |
| 3 | ഡേ കെയർ സെന്റർ നിർമ്മാണം | 25,38,575 (2015-16- 19,53,097) 2019-20- 90,042(എസ്.ഒ-185/20)-വയറിംഗ് 2020-21 - 4,95,436 (എസ്.ഒ.158/21) മെയിന്റനൻസ്) | -ടി - | തുറന്ന് പ്രവർത്തിക്കാതെ കാടുകയറി കിടക്കുന്നു. 2020-21ൽ ചെയ്ത പെയിന്റിംഗ് വർക്കുകൾ(മതിൽ) ഇളകിപോകുന്ന സ്ഥിതിയിൽ ആണ്. 7 സാമ്പത്തിക വർഷം കഴിഞ്ഞിട്ടും സ്ഥാപനം പ്രവർത്തിക്കുന്നില്ല. |
| 4 | പകൽ വീട് നിർമ്മാണം | 26,21,646 (2018-19 =7,62,903 2019-20=1,06,815(SO-325/20) (വയറിംഗ്) 2020-21-17,51,928) | -ടി - | പ്ലംബിംഗ്, വയറിംഗ്, വൈദ്യുത കണക്ഷൻ എല്ലാം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും കെട്ടിടം പൊടിയും മാറാലയും പിടിച്ച് ഉപയോഗിക്കാതെ കിടക്കുകയാണ്. കെട്ടിടത്തിന്റെ കോമ്പൗണ്ടിൽ 3 ചാരുബെഞ്ചുകൾ വെയിലും മഴയും ഏറ്റ് വള്ളിപടർപ്പുകൾക്കിടയിൽ കിടക്കുന്നതും സ്ഥല പരിശോധനയിൽ കണ്ടു. പകൽവീട് നിലവിൽ പ്രവർത്തിക്കുന്നില്ല. പകൽവീടിന്റെ പരിസരമാകെ വൃത്തിഹീനമായി കിടക്കുകയാണ്. |
| 5 | കുട്ടികളുടെ തീയേറ്റർ | 78,26,859/- 2014-15- 3,88,346 2015-16- 9, 81,035 2016-17- 8,30,081 2017-18- 11, 69,919 | -ടി - | ഒരു പ്രവർത്തനവും നടന്നിട്ടില്ല. പദ്ധതി ലക്ഷ്യവും വ്യക്തമല്ല |

| | | | | |
|---|---|---|---|---|
| | | 2019-20- 6,33,320<br>2020-21- 38,24,158 | | |
| 6 | മുനിസിപ്പൽ റെസ്റ്റ് ഹൗസ് | 60 ലക്ഷം ആസ്തി മൂല്യം<br>(2017-18 ബജറ്റിലെ വിവരത്തിന്റെ അടിസ്ഥാനത്തിൽ.) 2020-21ലെ ബജറ്റിൽ ടി സ്ഥലവും കെട്ടിടവും ഉൾപ്പെട്ടിട്ടില്ല. | | ഉപയോഗശൂന്യം. . കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കാൻ തീരുമാനമെടുത്തെങ്കിലും പ്രവൃത്തി നടപ്പാക്കിയിട്ടില്ല. |
| 7 | ടൗൺ ഹാൾ | വർഷാവർഷം വിവിധ മെയിന്റനൻസ് പ്രവർത്തികൾക്കായി തുക ചെലവഴിക്കുന്നു. തൻ വർഷം ടൗൺഹാൾ റൂഫ് ചെയ്ഞ്ചിംഗ്, കസേര വാങ്ങൽ,ടൗൺഹാൾ നവീകരണം എന്നീ പ്രവൃത്തികൾക്കായി 46,00,250/-രൂപ ചെലവഴിച്ചിട്ടുണ്ട്. (പ്രോജക്റ്റ് നം.290/21, 354/21, 317/21) | | ടൗൺഹാളിന്റെ മുൻവശത്തുള്ള ചില്ലുകൾ തകർന്നിട്ടുണ്ട്. രണ്ട് വശങ്ങളിലുമുള്ള ഗേറ്റുകൾ പൂട്ടാതെ തുറന്ന് കിടക്കുന്നതിനാൽ പ്രദേശവാസികളും അല്ലാത്തവരും കയറുന്നതിനാൽ കെട്ടിടവും പരിസരവും സുരക്ഷിതമല്ല. അപൂർവ്വമായി മാത്രം വാടകയ്ക്ക് പോകുന്നു. വരുമാനം തീരെ കുറവ് |
| 8 | എസ്.സി.സാംസ്കാരിക നിലയം(എസ്.ഒ.405/21) | 14,24,929 | വികസന ഫണ്ട്(എസ്.സി.പി) | പ്രവർത്തനം ആരംഭിച്ചിട്ടില്ല |

## 1-27 പുതിയ കൗൺസിൽ ഹാളിൽ സൗണ്ട് സിസ്റ്റം, എ.സി, സീലിംഗ്, മറ്റ് പ്രവൃത്തികൾ- പ്രോജക്റ്റ് നിർവഹണത്തിൽ അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി .എഞ്ചിനീയർ |
| ഫയൽ നം. | ഇ4-12259/18വോള്യം III, |
| പ്രോജക്റ്റ് നം. | SO 354/21 |
| ബിൽ നം. | 97/20-21/27-3-21-₹4,79,894 |
| അടങ്കൽ | ₹23,00,000 |

നഗരസഭ പുതിയ കൗൺസിൽ ഹാളിൽ സൗണ്ട് സിസ്റ്റം സ്ഥാപിക്കുന്നതിനായി SILK, KEL എന്നീ സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ വാങ്ങി കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത SILK ന്റെ ക്വട്ടേഷൻ അംഗീകരിച്ചു. (തീരുമാനം നം.19, തീയതി,14/10/2020) ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നഗരസഭയുടെ പുതിയ കൗൺസിൽ ഹാളിലേക്കുള്ള അനുബന്ധ സൗകര്യങ്ങളായ സൗണ്ട് സിസ്റ്റം, എ.സി, സീലിംഗ്, മറ്റ് പ്രവൃത്തികൾ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയ പ്രോജക്റ്റിന് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.
2. മേൽ പ്രവൃത്തിയുടെ ബില്ലിൽ നിന്നും നിയമാനുസൃത കിഴിവായ ക്ഷേമനിധി വിഹിതം 1% ഈടാക്കിയിട്ടില്ല.
3. സൗണ്ട് സിസ്റ്റവുമായി ബന്ധപ്പെട്ട് സ്ഥാപിച്ച സാധനങ്ങൾ സ്റ്റോക്കിൽ ചേർത്ത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
4. സൗണ്ട് സിസ്റ്റവുമായി ബന്ധപ്പെട്ട 21 എണ്ണം Delegate Unit കൾ (Studio Master VAK 10D @ 13590 + 8%

സെന്റേജ് ചാർജ്ജ് +18% GST On Centage Charge=14873/-) ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. തുടർന്ന് 2021-22 വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി 3 ഡെലിഗേറ്റ് യൂണിറ്റുകൾ കൂടി വാങ്ങിയതിനുള്ള SILK ന്റെ ബിൽ ഫയലിനൊപ്പമുണ്ട്. ബിൽ പരിശോധിച്ച് തുക അനുവദിക്കാവുന്നതാണെന്ന് ഫയലിൽ രേഖപ്പെടുത്തലുകൾ ഉണ്ട്. എന്നാൽ 12.04.2022 ൽ അസി.എഞ്ചിനീയരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ മേൽ 2 പ്രോജക്ടുകൾ പ്രകാരമുള്ള 24 ഡെലിഗേറ്റ് യൂണിറ്റുകൾക്ക് പകരം Studio Master, VAK 10D സ്പെസിഫിക്കേഷനോട് കൂടിയ 23 ഡെലിഗേറ്റ് യൂണിറ്റ് മാത്രമേ സ്ഥാപിച്ചതായി കാണുന്നുള്ളൂ. 2021-22 വർഷത്തെ പ്രോജക്ട് നം.264/22 പ്രകാരമുള്ള പ്രവൃത്തിയ്ക്ക് തുക അനുവദിച്ചിട്ടില്ലെങ്കിൽ ഒരു ഡെലിഗേറ്റ് യൂണിറ്റിന്റെ തുക 14,873/-രൂപ ക്രമീകരിച്ചതിന് ശേഷം മാത്രമെ തുക നൽകുവാൻ പാടുള്ളൂ. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതും കൃത്യമായ രേഖപ്പെടുത്തലുകൾ നടത്താത്തതും മൂലവുമാണ് ഇത്തരത്തിലുള്ള അപാകതകൾ സംഭവിക്കുന്നത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (41/2020-21/18-04-2022) മറുപടി ലഭിച്ചിട്ടില്ല. ക്രമനംപർ 4 പ്രകാരം 14,873രൂപ അധികം നൽകിയിട്ടുണ്ടെങ്കിൽ ആയത് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-28 വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-പ്രോജക്ട് നിർവഹണത്തിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം./പേര് | 422/21/ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ |
| ഫയൽ നം. | ഇ3/16203/19 |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ബിൽ നം./തീയതി/ചെലവ് തുക | 84/2020-21/തീയതി, 06/03/2021-₹6,00,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

നഗരസഭയിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി സിൽക്കുമായി (SILK) കരാറിൽ ഏർപ്പെട്ട് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.മിനിമാസ്റ്റ് ലൈറ്റുകൾ (6എണ്ണം) സ്റ്റോക്കിൽ ചേർത്ത് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2.മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള കെ.എസ്.ഇ.ബി കണക്ഷൻ ചാർജ്ജ് 13,200/-(2200x6)രൂപയും, കൂടി ഉൾപ്പെടുത്തിയിട്ടാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ കെ.എസ്.ഇ.ബി യിൽ തുക അടച്ചതിന്റെ യഥാർത്ഥ ബിൽ ഹാജരാക്കിയിട്ടില്ല. കെ.എസ്.ഇ.ബിയിൽ നിന്നുള്ള യഥാർത്ഥ ബിൽ ഹാജരാക്കാതെ തുക അനുവദിച്ചതിനാൽ 13200/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3.സെക്രട്ടറിയുടെ 06/01/2020ലെ ഇ3-16203/19 കത്ത് പ്രകാരം 14 ദിവസത്തിനകം കരാർ വയ്ക്കുന്നതിന് ആവശ്യമായ ₹600/-മുദ്രപ്പത്രത്തിൽ ടെണ്ടർ ഡോക്യുമെന്റടക്കം ഹാജരാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനം ₹200/- മുദ്രപ്പത്രത്തിൽ 01/02/2020-ൽ മാത്രമാണ് കരാർ ചമച്ചിട്ടുള്ളത്. നിശ്ചിത സമയപരിധിക്കകം കരാർ ചമയ്ക്കാതിരുന്നതിനാൽ പി എ സിയുടെ 1% പിഴ 6,000/- രൂപ ഈടാക്കേണ്ടതും മതിയായ മൂല്യത്തിലുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കാതിരുന്നതു മൂലം സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം ഈടാക്കേണ്ടതുമാണ്.

4.നഗരസഭ പരിധിയിലുള്ള സ്ഥലങ്ങളിൽ 6 മിനിമാസ്റ്റ് ലൈറ്റുകൾ (3x100w)സ്ഥാപിക്കൽ പ്രവൃത്തി 'സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്' (SILK) മുഖേന 2020-21ൽ നടപ്പാക്കി. (8mമിനിമാസ്റ്റ് ലൈറ്റ്-3x100w LED Flood Light) 6 മിനി മാസ്റ്റ് ലൈറ്റുകളും സ്ഥാപിച്ചതായും പ്രവർത്തനക്ഷമമാണെന്നും 15/04/2021 ന് സെക്രട്ടറിയുടെ സാക്ഷ്യപത്രം ഫയലിൽ ഉണ്ട്. എന്നാൽ മുനിസിപ്പൽ പാർക്കിലെ പോസ്റ്റിൽ സ്ഥാപിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള 3 ലൈറ്റുകളും ഓഡിറ്റിന്റെ ഭൗതിക പരിശോധനയിൽ കാണാൻ സാധിച്ചില്ല. 3 വർഷ വാറന്റിയുള്ള ഈ ലൈറ്റുകൾക്ക് ഒരു എൽ.ഇ.ഡി ഫ്ളഡ് ലൈറ്റിന് SILKന്റെ ബില്ല് പ്രകാരം ₹10,370.17 രൂപയാണ്. അപ്രകാരം 3 ലൈറ്റിന്റെ വില 31,110/-രൂപയാണ്. ലൈറ്റ് നഷ്ടപ്പെട്ടത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലൈറ്റുകൾ മോഷണം പോയതാണെന്ന് അസി.എഞ്ചിനീയർ വാക്കാൽ അറിയിച്ചെങ്കിലും ലൈറ്റുകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച് രേഖപ്പെടുത്തലുകളും മോഷണം റിപ്പോർട്ട് ചെയ്തതിന്റെ

വിശദാംശങ്ങളും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും അന്വേഷണമോ കൗൺസിൽ തീരുമാനമോ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ലൈറ്റ് നഷ്ടപ്പെട്ടത് എപ്രകാരമെന്ന് അന്വേഷണം നടത്തി അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്. നഗരസഭ ആസ്തികൾ ശരിയായ രീതിയിൽ സംരക്ഷിക്കാനും തുടർപരിപാലനം നടത്തി പ്രയോജനപ്രദമാക്കാനും കൗൺസിൽ നടപടികൾ സ്വീകരിക്കണമെന്ന്ശുപാർശ ചെയ്യുന്നു.

5. SILK നെ അക്രെഡിറ്റഡ് ഏജൻസിയായി പ്രവൃത്തി ഏൽപ്പിക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരുന്നത്. SILK ന് പി.എം.സി ആയി പ്രവൃത്തി ഏറ്റെടുക്കുന്നതിനാണ് നിലവിൽ അനുമതിയുള്ളത്. സുതാര്യമായ ടെണ്ടർ നടപടികളിലൂടെയല്ലാതെ SILK നെ പ്രവൃത്തി ഏൽപ്പിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (42/2020-21/20-04-2022) 6.6.22 ൽ ലഭ്യമാക്കിയ മറുപടിയിൽ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുന്നതാണെന്നും കാണാതായ ലൈറ്റുകൾ സംബന്ധിച്ച് സമഗ്രമായ അന്വേഷണവും തുടർനടപടികളും സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു. പൊതുമാർക്കറ്റിൽ മുദ്രപ്പത്രത്തിന്റെ കുറവ് മൂലമാണ് യഥാസമയം എഗ്രിമെന്റ് വയ്ക്കാൻ സാധിക്കാതിരുന്നത് എന്നുള്ള മറുപടി അംഗീകരിക്കുന്നില്ല. സ്ഥാപനം ഈ കാരണങ്ങൾ കാണിച്ച് സമയം നീട്ടിത്തരണമെന്ന് ആവശ്യപ്പെട്ടിട്ടുമില്ല. ക്രമ നംപർ 2 പ്രകാരമുള്ള 13,200/-രൂപയുടെയും ക്രമനം.4 പ്രകാരമുള്ള 31,110 രൂപയുടേയും ചെലവ് തടസ്സം ഒഴിവാക്കുന്നതിനും ക്രമ നംപർ 3 പ്രകാരമുള്ള 6,400 രൂപയുടെ നഷ്ടം സ്ഥാപനത്തിൽ നിന്നും ഈടാക്കാൻ സാധിക്കാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ് .

## 1-29 എൽ.ഇ.ഡി തെരുവ് വിളക്കുകൾ വാങ്ങൽ -സ്ഥാപനത്തെ ടെർമിനേറ്റ് ചെയ്തു. 2020-21 ൽ സ്ഥാപിച്ച ലൈറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് 2021-22 ൽ മറ്റൊരു സ്ഥാപനത്തിന് കരാർ നല്കി.

| | |
|---|---|
| ഫയൽ നം. | ഇ3/14145/19 |
| നിർഹണം | സെക്രട്ടറി |
| പ്രോജക്ട് നം. | SO248/21 |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| അടങ്കൽ | 26,50,000/- |
| ചെലവ് | 25,63,710 |

ചെലവ് വിവരം

| തുക | ബിൽ നം./തീയതി |
|---|---|
| 4,38,425 | 137061/11.4.2020 |
| 2,00,000 | 804293/7.12.20 |
| 3,91,311 | 201242585/15.03.2021 |
| 4,41,572 | 1304820/24.03.2021 |
| 10,92,402 | 1427805/30.03.2021 |
| ആകെ | 25,63,710 |

നഗരസഭയുടെ 37 വാർഡുകളിലും LEDലൈറ്റുകൾ സ്ഥാപിച്ച് പ്രകാശിപ്പിക്കുക, നിലവിലുള്ള CFL ലൈറ്റുകൾ റിപ്പയറിംഗ്/മാറ്റി സ്ഥാപിക്കൽ എന്ന ലക്ഷ്യത്തിനായി 2019-20ൽ നടപ്പാക്കിയ പദ്ധതി 2020-21 ൽ സ്പിൽ ഓവറായി പൂർത്തിയാക്കി. DLTC ഇലക്ട്രിക്കൽ കോട്ടയം ഡിവിഷൻ ലഭ്യമാക്കിയ സ്പെസിഫിക്കേഷൻ പ്രകാരമുള്ള 18 വാട്ട് LED ലൈറ്റുകൾ (3650 എണ്ണം) സപ്ലൈയും സ്ഥാപിക്കലിനും 28.12.2019 ൽ ഇ ടെണ്ടർ ക്ഷണിച്ചു. ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (26,20,700/-@718 എല്ലാ നികുതികളും ഉൾപ്പെടെ) സോൾമേറ്റ് എനർജി സിസ്റ്റംസ് എന്ന സ്ഥാപനത്തിന് ടെണ്ടർ അംഗീകരിച്ച് നല്കുകയും 03.02.2020 ൽ സ്ഥാപനവും നഗരസഭയും തമ്മിൽ കരാർ ഒപ്പുവയ്ക്കുകയും ചെയ്തു. കരാർ പ്രകാരം 28.03.2020 നുള്ളിൽ പ്രവൃത്തി പൂർത്തിയാക്കണം എന്നായിരുന്നു വ്യവസ്ഥ എങ്കിലും കോവിഡ് പ്രതിസന്ധി എല്ലാ മേഖലയിലും ബാധിച്ചതിനാൽ 31.08.2020 വരെ കാലാവധി നീട്ടിനല്കാൻ സ്ഥാപനം സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുകയും നഗരസഭ അംഗീകരിക്കുകയും ചെയ്തു.

സ്ഥാപനം ഹാജരാക്കിയ ലൈറ്റുകളുടെ സാമ്പിൾ ടെസ്റ്റ് DLTC, കോട്ടയവും കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരവും നടത്തി ടെസ്റ്റ് റിസൾട്ട് 09/01/2020ൽ നല്കിയിരുന്നു. പദ്ധതി സംബന്ധിച്ച അപാകതകൾ/ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. 3/20 കാലയളവിനുള്ളിൽ സ്ഥാപിച്ച ഏകദേശം 700 ലൈറ്റുകളിൽ പലതും പ്രവർത്തനക്ഷമമല്ലാത്തതിനാൽ മാറ്റിയിടാൻ അറിയിച്ചിട്ടും കരാറുകാരൻ വീഴ്ച വരുത്തിയതായും (2 വർഷം റിപ്ലേസ്മെന്റ് ഗ്യാരണ്ടി കരാർ വ്യവസ്ഥയിലുണ്ട്) സപ്ലിമെന്ററി എഗ്രിമെന്റ് വച്ചതിന് ശേഷവും സ്ഥാപിച്ച ലൈറ്റുകളിൽ പലതും പ്രവർത്തിക്കുന്നില്ല എന്നും 20/04/2020 ൽ അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ അപാകത ശ്രദ്ധയിൽപ്പെട്ടപ്പോൾ സാമ്പിൾ ടെസ്റ്റിന് ലഭ്യമാക്കിയ ലൈറ്റുകൾ തന്നെയാണോ തുടർന്ന് വിതരണം ചെയ്ത് സ്ഥാപിച്ചത് എന്ന കാര്യത്തിൽ പിന്നീട് നഗരസഭ ഉറപ്പുവരുത്തിയതായി കാണുന്നില്ല. സപ്ളൈ ചെയ്ത ലൈറ്റുകളുടെ ടെസ്റ്റ് റിസൾട്ട് കരാറുകാരൻ ലഭ്യമാക്കിയില്ല എന്നും അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. സ്ഥാപിച്ച ലൈറ്റുകളുടെ പ്രവർത്തനത്തിൽ അപാകത ഉണ്ടായ സാഹചര്യത്തിൽ അവയുടെ ടെസ്റ്റ് റിസൾട്ട് നഗരസഭയുടെ ഉത്തരവാദിത്തത്തിൽ നടപ്പാക്കാവുന്നതായിരുന്നു. എസ്റ്റിമേറ്റിൽ 18വാട്ട് എന്നും ടെസ്റ്റ് റിസൾട്ടിലും കരാറുകാരന്റെ ബില്ലിലും 20വാട്ട് എന്നും രേഖപ്പെടുത്തിയിരിക്കുന്നു. 20 വാട്ട് ലൈറ്റുകൾ ആണോ വിതരണം ചെയ്ത് സ്ഥാപിച്ചത് എന്ന് വ്യക്തമല്ല. 18 വാട്ടിന് ക്വാട്ട് ചെയ്ത തുകയാണ് ബിൽ പ്രകാരം സ്ഥാപനം കൈപ്പറ്റിയിരിക്കുന്നത്.

2. 31/08/2020 വരെ പ്രവൃത്തി പൂർത്തീകരണ കാലാവധി നീട്ടിക്കിട്ടിയിട്ടും എഗ്രിമെന്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തിയാക്കാത്തതിനാലും സ്ഥാപിച്ച ലൈറ്റുകളിൽ പലതും പ്രവർത്തനക്ഷമമല്ല എന്ന കൗൺസിലർമാരുടെ പരാതിയുടെ അടിസ്ഥാനത്തിലും 03/11/2020ലെ കൗൺസിൽ തീരുമാനം നം.31 പ്രകാരം കരാറുകാരനുമായുള്ള എഗ്രിമെന്റ് റദ്ദ് ചെയ്യാൻ തീരുമാനിച്ചു. എന്നാൽ 04/02/2021, 11/02/2021 തീയതികളിലെ കൗൺസിൽ തീരുമാനങ്ങൾ പ്രകാരം കേടായ ലൈറ്റുകൾ മാറ്റിയിടാനും പ്രവൃത്തി പൂർത്തീകരിക്കാനും അവസരം നീട്ടിക്കൊടുത്തിട്ടും പ്രവൃത്തി പൂർത്തിയാക്കിയില്ല എന്ന കാരണത്താൽ സ്ഥാപനത്തെ ടെർമിനേറ്റ് ചെയ്യുവാൻ 02/06/2021ലെ 1-ം നമ്പർ കൗൺസിൽ തീരുമാനത്തിൽ അംഗീകരിക്കുകയുണ്ടായി.

എന്നാൽ 3650 ലൈറ്റുകൾ സ്ഥാപിച്ചതായും (ഭൂരിഭാഗവും പ്രവർത്തിച്ചിരുന്നില്ല) ₹25,63,710 ചെലവഴിച്ചതായും ഫയലിൽ കാണുന്നു. (3650x718=26,20,700-56,990) ആദ്യ പാർട്ട് ബില്ലിൽ 690 ലൈറ്റിന്റെ തുക ക്ളെയിം ചെയ്തിരുന്നെങ്കിലും 610 എണ്ണത്തിനുള്ള തുകയാണ് അനുവദിച്ചിരുന്നത്.

3. സ്ഥാപിച്ച് ഒരു മാസത്തിനുള്ളിൽ തന്നെ ലൈറ്റുകളുടെ പ്രവർത്തനക്ഷമതയിൽ അപാകത ഉണ്ടായ സാഹചര്യത്തിൽ സ്ഥാപനം സമർപ്പിച്ച ഫൈനൽ ബില്ല് മാറി നല്കാതെ നടപടി സ്വീകരിക്കാമായിരുന്നു.

ഫൈനൽ ബിൽ പാസ്സാക്കി നൽകുമ്പോൾ ₹12.5ലക്ഷം എങ്കിലും റീടെൻഷൻ നഗരസഭയുടെ കൈവശം ഉണ്ടാകണം എന്ന് 27/07/2020ൽ നഗരസഭ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്തിരുന്നു. എന്നാൽ ₹6,45,182 മാത്രമാണ് റീടെൻഷൻ തുകയായി ഉണ്ടായിരുന്നത്. സോൾമേറ്റ് സ്ഥാപിച്ച ലൈറ്റുകളുടെ മെയിന്റനൻസിന് ജയ്ഹിന്ദ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന് ഒരു ലൈറ്റിന് 247.50/- നിരക്കിൽ 6 മാസത്തേക്ക് 2021-22 ൽ കരാർ നല്കിയിട്ടുണ്ട്. റീടെൻഷൻ തുക ഇതിന് പര്യാപ്തമായിരുന്നോ എന്ന് വ്യക്തമല്ല. 2 വർഷം റീപ്ളേസ്മെന്റ് വാറണ്ടി ഉറപ്പിച്ച സ്ഥാപനത്തെ നീക്കി പുതിയ പദ്ധതി നടപ്പിലാക്കിയപ്പോൾ (സോൾമേറ്റ് സ്ഥാപിച്ച ലൈറ്റുകൾ മാറ്റിയിടൽ) അധികച്ചെലവുകൾ ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ട്. 2021-22 ഓഡിറ്റിൽ ഇത് പരിശോധനാവിധേയമാക്കുന്നതാണ്. കൂടാതെ നിലാവ് പദ്ധതിയും 21-22 ൽ നടപ്പാക്കിയിട്ടുണ്ട്.

4.സോൾമേറ്റിന് ഫൈനൽ ബില്ല് പാസ്സാക്കി നൽകിയത് 2022 മെയ് വരെ പരിപാലന ചുമതല നൽകിക്കൊണ്ടാണ്. എന്നാൽ സ്ഥാപനത്തിന്റെ നിരന്തര വീഴ്ച വരുത്തൽ മൂലം സ്ഥാപനത്തെ ടെർമിനേറ്റ് ചെയ്തുകൊണ്ട് 28/06/2021ന് കത്ത് നൽകി. സ്ഥാപനത്തിന്റെ ബാങ്ക് ഗ്യാരണ്ടി/സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ലഭ്യമാക്കിയതായും കാണുന്നില്ല. സെക്രട്ടറിയുടെ 29/01/2020ലെ കത്ത് പ്രകാരം ₹1,31,035 പെർഫോമൻസ് ഗ്യാരന്റിയായി ഹാജരാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. പെർഫോമൻസ് ഗ്യാരന്റി ഹാജരാക്കാതെ കരാറിൽ ഏർപ്പെട്ടതിനും പ്രവൃത്തി നടപ്പാക്കിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പെർഫോമൻസ് ഗ്യാരന്റി ഉണ്ടായിരുന്നെങ്കിൽ നിലവിൽ സ്ഥാപനം വരുത്തിയ വീഴ്ചയ്ക്ക് ഇതും മുതൽക്കൂട്ടാമായിരുന്നു.

5. നഗരസഭയുടെ ടെർമിനേഷൻ കത്തിന് മറുപടിയായി സ്ഥാപനം അയച്ച മെയിലിൽ 3650 ലൈറ്റുകൾ

സ്ഥാപിച്ചതു കൂടാതെ (20W LED ലൈറ്റാണ് സ്ഥാപിച്ചത് എന്ന് സൂചിപ്പിച്ചിരിക്കുന്നു.) അഡീഷണൽ ചാർജ്ജ് ഒന്നും ഈടാക്കാതെ ഏകദേശം 1500 സി.എഫ്.എൽ ന് പകരം എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്തതായി പരാമർശിച്ചിട്ടുണ്ട്. മാറ്റിയ സി.എഫ്.എൽ പ്രവർത്തനക്ഷമം/പ്രവർത്തനരഹിതം എന്ന് വ്യക്തമല്ല. ഇവ സ്റ്റോക്കിൽ എടുത്തതിന്റെ വിവരവും തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരവും ഫയലിൽ ലഭ്യമല്ല.

6. 21.05.21 ൽ നഗരസഭയിൽ ലഭിച്ച സ്ഥാപനത്തിന്റെ കത്തിൽ നഗരസഭാ പ്രദേശത്തെ കെ.എസ്.ഇ.ബി ലൈനിൽ അടിക്കടി ഉണ്ടാകുന്ന അനിയന്ത്രിതമായ വോൾട്ടേജ് ഫ്ലോ കാരണമാണ് ലൈറ്റുകൾ കേടാകുന്നതെന്ന് പലതവണ അറിയിച്ചുവെന്നും പ്രശ്നം പരിഹരിക്കാൻ കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരെ അറിയിക്കണമെന്നും അഭ്യർത്ഥിച്ചതായി പരാമർശിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ ഈ വാദം ശരിയാണോ എന്ന് ഉറപ്പുവരുത്തിയതായ വിവരം ലഭ്യമല്ല. മറ്റ് പദ്ധതികളിൽ ഉൾപ്പെടുത്തി സ്ഥാപിച്ച ലൈറ്റുകളുടെ പ്രവർത്തന ക്ഷമത താരതമ്യം ചെയ്തും ഈ വാദം വിലയിരുത്താവുന്നതായിരുന്നു. നിലവിൽ മെയിന്റനൻസ് ചെയ്ത ലൈറ്റുകൾ പ്രവർത്തനക്ഷമമാണോ എന്നതും റിപ്പേർട്ട് ചെയ്യേണ്ടതാണ്.

7. നഗരസഭയിൽ എല്ലാ ലൈറ്റുകളുടെയും പൊതുവായ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല. എല്ലാ സാമ്പത്തിക വർഷവും എൽ.ഇ.ഡി തെരുവുവിളക്കുകൾ, മിനിമാസ്റ്റ്/ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ഫണ്ട് ചെലവഴിക്കുന്നുണ്ട്. നഗരസഭയിലെ ആകെ ലൈറ്റുകൾ,വൈദ്യുതചാർജ് അടവാക്കുന്ന ലൈറ്റുകളുടെ എണ്ണം, തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച കൃത്യമായ വിവരം നഗരസഭയിൽ ഇല്ല. ഈ പദ്ധതിയുടെ സ്റ്റോക്ക് രജിസ്റ്റർ സെക്ഷൻ തയ്യാറാക്കിയത് ഹാജരാക്കിയെങ്കിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 37 വാർഡുകളിൽ ആകെ 3340 ലൈറ്റുകൾ സ്ഥാപിച്ചതായാണ് രേഖപ്പെടുത്തൽ ഉള്ളത്. ഫയൽ പ്രകാരവും ബില്ല് മാറി നല്കിയതും 3650 ലൈറ്റുകളുടെയാണ്. 310 ലൈറ്റുകളുടെ വ്യത്യാസം കാണുന്നു. കൂടാതെ 1500 CFL ലൈറ്റുകൾ മാറ്റി LED ലൈറ്റുകൾ ഇട്ടതായും സ്ഥാപനം അവകാശപ്പെടുന്നു. അവയുടെ സ്റ്റോക്ക് വിവരം ലഭ്യമല്ല. 310 ലൈറ്റുകളുടെയും, മാറ്റിയ സി.എഫ്.എൽ, സി.എഫ്.എൽ മാറ്റി സ്ഥാപിച്ച എൽ.ഇ.ഡി എന്നിവയ്ക്ക് മതിയായ വിശദീകരണം ലഭ്യമാക്കാത്ത പക്ഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

8. പ്രവൃത്തി നടത്തിയതിന്റെ രണ്ടാമത്തെ പാർട്ട് ബിൽ തുക അനുവദിക്കുന്നതിന് ധനകാര്യകമ്മീഷൻ ഗ്രാന്റ് അക്കൗണ്ടിൽ നെഗറ്റീവ് ബാലൻസായിരുന്നതിനാൽ ബഹു.ചെയർമാന്റെ 13/08/2020ലെ മുൻകൂർ അനുമതിയോടെ തനത് ഫണ്ടിൽ നിന്നും ₹2,00,000 അനുവദിച്ച് നൽകിയിരുന്നു. എന്നാൽ ബില്ലിൽ നിന്നും നിയമാനുസൃത നികുതി കുറവു വരുത്താതെയാണ് തുക അനുവദിച്ചത്. (ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ടി തുക തനത് ഫണ്ടിലേയ്ക്ക് റീക്കൂപ്പ് ചെയ്തിട്ടുണ്ട്.) നികുതി തുക ഈടാക്കി ബന്ധപ്പെട്ട വകുപ്പിലേക്ക് അടവാക്കേണ്ടതാണ്.

ഈ പദ്ധതി നടത്തിപ്പിലൂടെ നഗരസഭയ്ക്ക് വലിയ സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ട്. സ്ഥാപനം വിതരണം ചെയ്ത ലൈറ്റുകളുടെ പ്രവർത്തനക്ഷമതയിൽ ആദ്യം മുതൽ തന്നെ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടും എഗ്രിമെന്റ് നീട്ടി നല്കിയതും സ്ഥാപനത്തിന് മുഴുവൻ ബില്ലുകളും (റീടെൻഷൻ ഒഴികെ) മാറി നല്കിയതും കൗൺസിലിന്റെയും നിർവഹണ ഉദ്യോഗസ്ഥന്റെയും ഭാഗത്തെ ഗുരുതരമായ വീഴ്ചയാണ്. കരാറുകാരനെ ടെർമിനേറ്റ് ചെയ്ത് കത്ത് നല്കിയതല്ലാതെ സ്ഥാപനത്തെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തുന്നതുൾപ്പെടെയുള്ള നിയമനടപടികൾ നഗരസഭ സ്വീകരിച്ചിട്ടുമില്ല. 25.63 ലക്ഷം രൂപ പദ്ധതി വിഹിതം ചെലവഴിക്കുകയും എന്നാൽ പദ്ധതി നിഷ്ഫലമാകുകയും ചെയ്തു എന്ന് മാത്രമല്ല സ്ഥാപനം 2 വർഷ ഗ്യാരണ്ടി കരാറിൽ വ്യവസ്ഥ ചെയ്തിട്ട് സ്ഥാപിച്ച ലൈറ്റുകളുടെ മെയിന്റനൻസിനായി മറ്റൊരു സ്ഥാപനത്തിന് കരാർ നല്കുകയും ചെയ്തു. അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.56/2021-22/തീയതി-23.05.2022 ന് മറുപടി ലഭ്യമാക്കിയില്ല.

പദ്ധതി സംബന്ധിച്ച വിശദമായ അന്വേഷണത്തിനും നഷ്ടം ഉണ്ടാകുന്ന പക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുന്നതിന് ഭരണതലനടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-30 എൽ.ഇ.ഡി ലൈറ്റ് വാങ്ങൽ -ടെണ്ടർ അംഗീകരിച്ച നടപടിക്രമത്തിൽ അപാകതകൾ

| | |
|---|---|
| അടങ്കൽ | 15,94,200 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| പ്രോജക്ട് നം. | എസ്.ഒ.373/2021 |
| ബിൽ നം.തുക | 358/27.01.2021/15,94,200 |

| | |
|---|---|
| ഫയൽ നം. | ഇ3/19005/17 |

നഗരസഭയിലെ വിവിധ വാർഡുകളിൽ തെരുവുവിളക്ക് സ്ഥാപിക്കുന്നതിനായുള്ള എൽ.ഇ.ഡി ലൈറ്റ് വാങ്ങൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

നഗരസഭയുടെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 600 എണ്ണം എൽ.ഇ.ഡി ലൈറ്റ് വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ലഭിച്ച ടെണ്ടറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.(2020-21 ലാണ് തുക ചെലവഴിച്ചത്)

1. ഉഷ ഇലക്ട്രോണിക്സ് -8,98,800
2. അമ്മിണി എനർജി പ്രൈവറ്റ് ലിമിറ്റഡ്-9,81,000
3. നിമാ ലൈറ്റിംഗ്-9,95,400
4. ഉഷസ് എനർജി പ്രൈവറ്റ് ലിമിറ്റഡ്-10,98,000
5. എനർജി സോൺ, കോട്ടയം-11,37,600
6. സെഞ്ചുറി ഇലക്ട്രോണിക്സ്-11,70,000
7. ഹന്നാ ഇലക്ട്രിക്കൽസ്, ചങ്ങനാശ്ശേരി-15,94,200
8. ബ്ലൂ റേഡിയന്റ് -17,94,000

1. ഇതിൽ ക്രമ നം.1 മുതൽ 6 വരെയുള്ള ടെണ്ടറുകൾ 25% അധികം താഴ്ന്ന ക്വോട്ട് ചെയ്തിരിക്കുന്നതെന്നും ആയത് ഒഴിവാക്കാവുന്നതാണെന്ന് DLTCE അസി.എഞ്ചിനീയർ സാങ്കേതിക ഉപദേശം നൽകിയിട്ടുള്ളതിനാൽ ടി ആറ് ടെണ്ടറുകളും ഒഴിവാക്കി ബാക്കി രണ്ട് ടെണ്ടറുകൾ പരിഗണിക്കുകയും അതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ഹന്നാ ഇലക്ട്രിക്കൽസ്, ചങ്ങനാശ്ശേരി-യുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. (നഗരസഭയുടെ 30/05/2019ലെ 2-ം നം.തീരുമാനം). 2012ലെ റിവൈസ്ഡ് പി.ഡബ്ള്യ.ഡി മാനവൽ 2009(4) പ്രകാരം എസ്റ്റിമേറ്റിനേക്കാൾ 75% കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടെണ്ടർ നിരസിക്കാമെന്ന് നിർദ്ദേശിക്കുന്നുണ്ടെന്നും DLTCE യുടെ സാങ്കേതിക ഉപദേശത്തിൽ ഇതുതന്നെയാണ് ചൂണ്ടിക്കാട്ടിയിട്ടുള്ളതെന്നും അസിസ്റ്റന്റ് എഞ്ചിനീയർ നോട്ടിൽ എഴുതിയിട്ടുണ്ട്. എന്നാൽ മേൽ പ്രത്യേക വകുപ്പ് പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് ബാധകമായിട്ടുള്ളത്. എൽ.ഇ.ഡി വാങ്ങലുമായി ബന്ധപ്പെട്ട് സ്റ്റോർ പർച്ചേസ് മാനവൽ ആണ് ബാധകമാക്കേണ്ടിയിരുന്നത്.
2. എസ്റ്റിമേറ്റ് പ്രകാരം 3 വർഷ റീപ്ളേസ്മെന്റ് വാറന്റിയോടു കൂടിയുള്ള Supply Of 30W LED Street Light ------Of Havells Make Endura Pearl 30W MP Or Wipro Make LR -------- 600 എണ്ണം എൽ.ഇ.ഡി ലൈറ്റ് വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ടെണ്ടർ സമർപ്പിച്ചവർ ഹാജരാക്കിയ ടെണ്ടർ ഷെഡ്യൂളിൽ മേൽ ഇനം തന്നെയായിരുന്നു ക്വോട്ട് ചെയ്തിരുന്നത്. ഇത്രയധികം വില വ്യത്യാസം വന്ന സാഹചര്യത്തിൽ ടെണ്ടർ അംഗീകരിക്കുന്നതിന് മുമ്പ് നിലവിലുള്ള മാർക്കറ്റ് നിരക്ക് കൂടി പരിഗണിച്ച് ഉറപ്പാക്കേണ്ടതായിരുന്നു. നഗരസഭയ്ക്ക് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടെണ്ടർ നിരസിക്കാനുള്ള അധികാരമുണ്ടെങ്കിലും ഗുണനിലവാര പരിശോധന നടത്താതെ മേൽ കാരണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം മറ്റ് ടെണ്ടറുകൾ നിരസിച്ചത് അംഗീകരിക്കാവുന്നതല്ല.
3. 28.01.2019 ൽ കൂടിയ പർച്ചേസ് കമ്മിറ്റിയുടെ 2 ാം നം തീരുമാനപ്രകാരം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ഉഷ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്നും ഒരു ശതമാനം എൽ.ഇ.ഡി ലൈറ്റുകളുടെ ടെസ്റ്റ് സർട്ടിഫിക്കറ്റ് വാങ്ങുന്നതിനും ആയത് കൂടി പരിഗണിച്ച് കൗൺസിൽ അംഗീകാരം വാങ്ങുന്നതിനും സമർപ്പിക്കപ്പെട്ട ടെണ്ടറുകൾ DLTC യെ കൊണ്ട് പരിശോധിപ്പിക്കുന്നതിനും തീരുമാനിച്ചിരുന്നു. തുടർന്ന് ഉഷ ഇലക്ട്രോണിക്സ് എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടർ അംഗീകരിക്കുന്നതിലേയ്ക്ക് ടെസ്റ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണെന്നും ആയത് ഹാജരാക്കുന്ന മുറയ്ക്ക് കൗൺസിൽ അംഗീകാരത്തിന് വിധേയമായി ടെണ്ടർ അംഗീകരിക്കുന്നതായിരിക്കും എന്നറിയിച്ചുകൊണ്ട് 28/01/2019ൽ അസിസ്റ്റന്റ് എഞ്ചിനീയർ കത്ത് നൽകുകയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക്സ് & ഇൻഫോർമേഷൻ ടെക്നോളജി (NIELIT) കോഴിക്കോട് എന്ന സ്ഥാപനം 05/02/2019ൽ സാമ്പിൾ പരിശോധന നടത്തിയതിന്റെ പരിശോധന ഫലം ഹാജരാക്കുകയും ചെയ്തിരുന്നു. എന്നാൽ നഗരസഭയിൽ നിന്നും ഉഷ ഇലക്ട്രോണിക്സ് ഹാജരാക്കിയ ലൈറ്റുകളുടെ സാമ്പിൾ പരിശോധന നടത്തി ടെസ്റ്റ് റിപ്പോർട്ട് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.
4. ഹന്ന ഇലക്ട്രിക്കൽസ് സ്ഥാപിച്ച 600 എൽ.ഇ.ഡി ലൈറ്റുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
5. വൈദ്യുതി ബോർഡിന്റെ സൂപ്പർവിഷനിലാണ് ലൈറ്റുകൾ സ്ഥാപിച്ചത് എന്ന് വ്യക്തമാക്കുന്ന രേഖകൾ

ലഭ്യമാക്കിയിട്ടില്ല.

6. തെരുവുവിളക്കുകളുടെ എണ്ണം, അവയിൽ പ്രവർത്തനരഹിതമായത് എന്നീ വിവരങ്ങൾ കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തിയിട്ടാണോ എൽ ഇ ഡി ലൈറ്റ് വാങ്ങൽ നടത്തിയിട്ടുള്ളതെന്ന് വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 48/2020-21, തീയതി:-27/04/2022 മറുപടി ലഭിച്ചില്ല. മേൽ വിഷയം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനും നഗരസഭയ്ക്ക് നഷ്ടമുണ്ടാകുന്ന പക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുന്നതിനുമായി ഭരണതല നടപടികൾക്ക് ശുപാർശ ചെയ്യുന്നു.

## 1-31 കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ - വാട്ടർ അതോറിറ്റിയിൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.

ഫയൽ നം.ഇ3.14134/17

നഗരസഭയിലെ വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കലിന്റെ ഭാഗമായി 2017-18, 2018-19 വർഷങ്ങളിലായി ആകെ ₹27,46,000 വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നു. ടി തുകയിൽ പൊതുമരാമത്ത് റോഡ് ഉൾപ്പെടുന്ന ഹിദായത്ത് മുസ്ളീം പള്ളി മുതൽ കുറ്റത്തങ്ങൾ മുസ്ളീം പള്ളി വരെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി 12,70,000രൂപയുടെ എസ്റ്റിമേറ്റ് കണക്കാക്കിയിരുന്നു. തുടർന്ന് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 08/03/2019ലെ എ4.4833/2017 പ്രകാരം ടി തുക 2017ലെ അടങ്കൽ തുകയാണെന്നും നിലവിലെ പൊതു പുനരുദ്ധാരണ നിരക്കിൽ റോഡിന് മാത്രമായി 26,13,710 രൂപയും തൊഴിൽക്കൂലി ഇനത്തിൽ വന്ന വ്യത്യാസം മൂലമുള്ള 4,79,095രൂപയും ചേർത്ത് ടി പ്രവൃത്തി നടപ്പിലാക്കുവാൻ നിലവിൽ ₹30,92,805 വേണ്ടിവരും എന്നും പ്രവൃത്തി ഏറ്റെടുത്ത് നടപ്പിൽ വരുത്തുവാൻ സാധ്യമല്ല എന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പ്രവൃത്തിക്ക് അധികരിച്ച് റോഡ് പുനരുദ്ധാരണ തുക നേരിട്ട് പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിക്കുവാൻ സാധിക്കുമോയെന്നും നിലവിൽ അടച്ച തുക തിരികെ നൽകണമോയെന്ന കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ തുടർനടപടികൾ സ്വീകരിച്ചതിന്റെ യാതൊരു വിവരങ്ങളും ഫയലിൽ ഇല്ല. ഇതുമായി ബന്ധപ്പെട്ട് ടി പ്രവൃത്തിയുടെ നിലവിലെ അവസ്ഥ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/20-21, തീയതി,07/03/2022) മറുപടി ലഭിച്ചിട്ടില്ല. പദ്ധതി നടപ്പിലാക്കിയിട്ടില്ലെങ്കിൽ തുക തിരികെ ലഭ്യമാക്കി സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടാതെ, ഇ3-7545/20 നം. ഫയലിൽ 2017-18 വർഷം നടപ്പാക്കിയ "Replacement Of 100mm Pipeline With 110 Mm PVC Near Marthoma Church, Ward -6" എന്ന പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചതിൽ ടി പ്രവൃത്തിയുടെ ബാലൻസായി ₹1,22,985 അവശേഷിക്കുന്നുണ്ട്.ടി തുക തിരികെ ലഭിക്കുകയോ ക്രമീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം07/2020-21, തീയതി-16.11.2021) ലഭിച്ച മറുപടിയിൽ തൻവർഷം തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക ക്രമീകരിക്കാത്ത പക്ഷം തിരികെ ലഭ്യമാക്കി സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

## 1-32 ക്യാൻ കോട്ടയം ,ഫിറ്റ് കോട്ടയം --വിഹിതം നൽകൽ --വിനിയോഗ വിവരം ലഭ്യമല്ല.

പ്രോജക്ട് നം.137/21

ബിൽ നം.1276862/23.03.2021/₹2,50,000

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21ൽ നടപ്പാക്കിയ ക്യാൻ കോട്ടയം -ഫിറ്റ് കോട്ടയം വിഹിതം നൽകൽ പദ്ധതിയുടെ ഭാഗമായി ₹2,50,000 (വികസന ഫണ്ട്) കോട്ടയം ജില്ല പഞ്ചായത്തിന്റെ പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ടിൽ ട്രാൻഫർ ചെയ്ത് നൽകിയിട്ടുണ്ട്. ജി.ഒ. (സാധാ) 631/2021/തസ്വഭവ. 26.2.21 ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 3/21 ലെ കത്ത് പ്രകാരമാണ് പദ്ധതി തുക അനുവദിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം സ്വരൂപിച്ച് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ ഡെപ്പോസിറ്റ് ചെയ്ത് ക്യാൻസർ രോഗികൾക്ക് റേഡിയേഷൻ ചികിത്സ നല്കുന്നതിന് പാല ജനറൽ ആശുപത്രിയിൽ കോബാൾട്ട് മെഷീൻ വാങ്ങി പ്രവർത്തന സജ്ജമാക്കുക

എന്ന ലക്ഷ്യത്തിനാണ് പദ്ധതി വിഹിതം അനുവദിച്ചത്. എന്നാൽ പദ്ധതി നടപ്പാക്കിയതിന്റെയും തുകയുടെ വിനിയോഗ വിവരവും ലഭിച്ചിട്ടില്ല. വിശദാംശം ആവശ്യപ്പെട്ട് നല്കിയ എൻക്വയറി.നം. 12/21 തീ.17.1.2022 ന് വിനിയോഗ വിവരം ലഭിക്കുന്ന മുറയ്ക്ക് സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ ₹2,50,000 ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 സെൽഫ് ഡിക്ളറേഷൻ ഫോം ലഭ്യമാക്കാതെ ജി.എസ്.റ്റി കോമ്പൻസേഷൻ അനുവദിച്ചു.

2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ എല്ലാ മരാമത്ത് പ്രവൃത്തികളിലും 12% തുക ജി.എസ്.റ്റി കോമ്പൻസേഷൻ ആയി പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി കരാറുകാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

സ.ഉ.(അച്ചടി) 87/2017/എൽ.എസ്.ജി.ഡി/01/11/2017 നം.ഉത്തരവ് പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് എല്ലാ കരാറുകാരും നിർബന്ധമായും ജി.എസ്.റ്റി രജിസ്ട്രേഷൻ എടുക്കേണ്ടതും ടെൻണ്ടറിനൊപ്പം ഹാജരാക്കേണ്ടതുമാണ്. കൂടാതെ 29/09/2018ലെ സ.ഉ.(സാധാ.)2532/18/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ജി.എസ്.റ്റി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പൂർണ്ണമായ മേൽവിലാസം ജി.എസ്.റ്റി നമ്പർ എന്നിവ ഉൾപ്പെടുത്തി സെൽഫ് ഡിക്ലറേഷൻ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സെൽഫ് ഡിക്ലറേഷന്റെ മാതൃകയും ഈ ഉത്തരവിനൊപ്പം പുറപ്പെടുവിച്ചിട്ടുണ്ട്.

എന്നാൽ നഗരസഭയിലെ 2020-21 വർഷം പ്രവൃത്തി ചെയ്ത കരാറുകാരിൽ നിന്നും ജി.എസ്.റ്റി രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റ്, സെൽഫ് ഡിക്ലറേഷൻ ഫോം എന്നിവ വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-34 മുൻകൂർ തുകകൾ യഥാസമയം ക്രമീകരിക്കുന്നില്ല.

2020-21 വർഷം നഗരസഭ വിവിധയിനങ്ങൾക്കായി മുൻകൂർ നൽകിയ തുകകളിൽ ചുവടെ ചേർക്കുന്ന പ്രകാരമുള്ള തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ലാത്തതായി അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തീയതി | അഡ്വാൻസ് തുക കൈപ്പറ്റിയ ജീവനക്കാരന്റെ പേര് /ഉദ്യോഗപ്പേര് | തുക | ഫയൽ നം./ഉദ്ദേശ്യം |
|---|---|---|---|---|
| 1 | 32/9.06.20 | നിസ്സാം എ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ Ist | 8000 | ഇ3-8837/02/മിനി ടിപ്പർ ലോറി ടെസ്റ്റിംഗ് |
| 2 | 30/13.10.20 | സ്റ്റാൻലി എസ്, സീനിയർ ക്ളാർക്ക് | 70,000 | ജി1-1287/20/ ഇലക്ഷൻ 2020 |
| 3 | 17/4.12.20 | " " | 50,000 | " " |
| 4 | 18/4.12.20 | നിസ്സാം എ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ Ist | 30,000 | എച്ച് 7-15490/ മരം മുറിക്കൽ |
| 5 | 21/4.12.20 | ഷെജി കെ.എസ്, ഹെൽത്ത്ഇൻസ്പെക്ടർ IInd | 20,000 | ജി1-1287/20/ ഇലക്ഷൻ 2020 |
| 6 | 29/8.12.20 | സ്റ്റാൻലി എസ്, സീനിയർ ക്ളാർക്ക് | 3,60,900 | ജി1-15652/20പോളിംഗ് ഓഫീസർമാർക്ക് വേതനം നൽകൽ |
| 7 | 30/8.12.20 | " " | 2,00,000 | ഇലക്ഷൻ 2020 |
| 8 | 33/15.12.20 | " " | 3,00,000 | " |
| 9 | 37/15.12.20 | " " | 4,00,000 | " |
| 10 | 53/22.12.20 | സന്തോഷ് കുമാർ എൻ, ലോവർ ഡിവിഷൻ ക്ളാർക്ക് | 2,750 | ജി4-15885/20/ ചന്ദനക്കുടം വരവേൽപ്പ് |
| 11 | 61/28.12.20 | സുനിൽകുമാർ എസ്, സീനിയർ | 6,000 | ജി4-16001/20-കലണ്ടർ, ഹാജർ |

| | | | | |
|---|---|---|---|---|
| | | ക്ളാർക്ക് | | പുസ്തകം മുതലായവ വാങ്ങൽ |
| 12 | 3/06.01.21 | സുനിൽകുമാർ എസ്, സീനിയർ ക്ളാർക്ക് | 9,000 | ജി4-15885/20-സ്റ്റേഷനറി വാങ്ങൽ |
| 13 | 61/23.01.21 | കൃഷ്ണകുമാർ സി, ഹെൽത്ത് ഇൻസ്പെക്ടർ Ist | 25,000 | ജി9-1269/21ലൈഫ് മിഷൻ മീറ്റിംഗ് അനൗൺസ്മെന്റ് |
| 14 | 70/27.01.21 | സുനിൽകുമാർ എസ്, സീനിയർ ക്ളാർക്ക് | 6,000 | ജി4-302/21തൈപ്പൂയക്കാവടി 2021 |
| 15 | 24/06.02.21 | ഷൈനി എസ്, PWO II | 15,000 | ഇ2-3243/20അനധികൃത നിർമ്മാണം പൊളിക്കൽ |
| 16 | 194/29.03.21 | രമ്യ രവീന്ദ്രൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ IInd | 7,500 | എച്ച് 1-7599/21<br>പുല്ലുവെട്ടി യന്ത്രത്തിന് ഡീസൽ വാങ്ങൽ |
| | | ആകെ | 15,10,150 ( പതിനഞ്ച് ലക്ഷത്തി പതിനായിരത്തി നൂറ്റിയമ്പത് മാത്രം ) | |

മുൻകൂർ രജിസ്റ്റർ പ്രകാരം തൻവർഷം നൽകിയ 17,32,150 രൂപയിൽ ₹15,10,150 കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 99, 04.10.2011ലെ ജി.ഒ.(പി) നം.419/2011/ധന. എന്നിവ പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ (3 മാസം) ക്രമീകരിച്ചിട്ടില്ല. 1973-74 മുതലുള്ള അഡ്വാൻസ് തുക ക്രമീകരിക്കാൻ ശേഷിക്കുന്നുണ്ടെന്ന് രജിസ്റ്റർ പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. മുൻവർഷ റിപ്പോർട്ടുകളിൽ അഡ്വാൻസ് തുക കൈപ്പറ്റിയ ഓരോ ജീവനക്കാരന്റെയും പേരിലുള്ള ക്രമീകരിക്കാത്ത മുൻകൂർ തുകകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. ടി തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം 2020-21 അവസാനം ₹36.24 ലക്ഷം ക്രമീകരിക്കുവാൻ അവശേഷിക്കുന്നു.

2) <u>മറ്റ് അപാകതകൾ</u>

1) അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തുന്നില്ല.

2) ആകെ ചെലവ് തുകയുടെ 75% തുക മാത്രമേ മുൻകൂറായി അനുവദിക്കാൻ പാടുള്ളൂ എന്ന നിബന്ധന പാലിക്കുന്നില്ല.

3) സർക്കുലർ നം.21384/എ.സി.3/ത.സ്വ.ഭ.വ, തീയതി, 04.06.2011 പ്രകാരം നേരത്തേ കൈപ്പറ്റിയ മുൻകൂർ തുക ക്രമീകരിച്ചതായി സാക്ഷ്യപത്രം വാങ്ങിയ ശേഷമേ അടുത്ത മുൻകൂർ നൽകാവൂ എന്ന നിബന്ധന പാലിക്കപ്പെടുന്നില്ല. ഒരേ വ്യക്തികൾക്ക് തന്നെ ആദ്യം വാങ്ങിയ മുൻകൂർ തുക ക്രമീകരിക്കാതെ തുടർന്നും മുൻകൂർ തുകകൾ അനുവദിച്ച് നൽകുന്നത് ശരിയായ നടപടിയല്ല.

ജി.ഒ.(പി)നം.419/2011/ധന, തീയതി, 4/10/2011 പ്രകാരം 3 മാസത്തിനുള്ളിൽ ക്രമീകരിക്കാത്ത മുൻകൂറുകൾ, സമയപരിധി തീരുന്ന മുറയ്ക്ക് ഒന്നായി 18% പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി- 31/2020-21/24/03/2022 ന് മറുപടി ലഭ്യമാക്കിയില്ല. മുൻകൂറുകൾ ക്രമീകരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കാത്ത പക്ഷം 18% പിഴപ്പലിശ സഹിതം തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. തൻവർഷം ക്രമീകരിക്കാത്ത മുൻകൂർ തുകയായ ₹15,10,150 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 പ്രളയ ഫണ്ട് ഫലപ്രദമായി വിനിയോഗിച്ചില്ല

2018 ലെ പ്രളയം ബാധിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രളയ ധനസഹായമായി പ്രത്യേക വിഹിതം (സ.ഉ.(ആർ.റ്റി) 9823/19/ധന/12/12/2019) അനുവദിച്ചതിൽ നഗരസഭയ്ക്ക് ലഭിച്ച 80,34,000രൂപയിൽ 2019-20 വർഷം ഒരു രൂപ പോലും ചെലവഴിച്ചില്ല. ഇതിനായി ആവിഷ്കരിച്ച പ്രോജക്ടുകൾ സ്പിൽഓവർ ആക്കി 2020-21 വർഷം ₹45,45,371 ചെലവഴിച്ചിരുന്നു. പ്രളയ ഫണ്ടിനത്തിൽ നഗരസഭയ്ക്ക് ലഭ്യമായ തുകയും ആയതിന്റെ ചെലവ് വിവരവും ചുവടെ ചേർക്കുന്നു.

| അനുവദിച്ച | ഫണ്ടിനം | തുക | ചെലവഴിച്ച | ലാപ്സായ |
|---|---|---|---|---|

| ഉത്തരവ് നം./തീയതി | | | തുക | തുക |
|---|---|---|---|---|
| (സ.ഉ.(ആർ.റ്റി) 9823/19 /ധന/12 /12/2019) | വികസന ഫണ്ട്(ജനറൽ) | 60,99,000 | 45,45,371 | 15,53,629 |
| | (എസ്.സി.പി) | 19,35,000 | ---- | 19,35,000 |
| ആകെ | | 80,34,000 | 45,45,371 | 34,88,629 |

ഇതുമായി ബന്ധപ്പെട്ട ന്യൂനതകൾ ചുവടെ കൊടുക്കുന്നു.

സ.ഉ.(എം.എസ്) 170/2019/ത.സ്വ.ഭ.വകുപ്പ്/23.12.2019 നം. ഉത്തരവിനോടനുബന്ധിച്ചുള്ള മാർഗ്ഗരേഖയിൽ പ്രോജക്റ്റ് തയ്യാറാക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കിയിരുന്നു. പ്രകൃതി ദുരന്തത്താൽ ജീവനോപാധി മാർഗ്ഗം ഇല്ലാതായ കുടുംബങ്ങൾക്കും വ്യക്തികൾക്കും തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനു വേണ്ടി ജീവനോപാധി പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നതായിരുന്നു സർക്കാർ ഉത്തരവ്. എന്നാൽ വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള പ്രോജക്റ്റ് ഒഴിവാക്കി ജീവനോപാധി ഇതര പരിപാടിയിൽ കൃഷി മേഖലയിൽ പെട്ടി, പറ എന്നിവയും ജില്ലാ ദുരന്തനിവാരണ അതോറിറ്റി വിജ്ഞാപനം ചെയ്തിട്ടുള്ള ദുരിതാശ്വാസ കേന്ദ്രങ്ങളുടെ നവീകരണം എന്നിവയിൽ നഗരസഭ പരിധിയിലുള്ള വിവിധ സ്കൂളുകളുടെ അറ്റകുറ്റപ്പണിയുമാണ് നടപ്പാക്കിയത്. എസ്.സി.പി ഫണ്ട് ചെലവഴിക്കാതെ ലാപ്സാകുകയും ചെയ്തു. പരമാവധി ജീവനോപാധി പരിപാടികൾ നടപ്പാക്കിയ ശേഷം അവശേഷിക്കുന്ന തുക ഇതരപരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കാമെന്ന് മാർഗ്ഗരേഖയിൽ പറയുന്നുണ്ട്. എന്നാൽ പ്രകൃതി ദുരന്തത്താൽ ജീവനോപാധി മാർഗ്ഗങ്ങൾ നഷ്ടമായാലുള്ള വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് പദ്ധതികൾ ഒന്നും തന്നെ നടപ്പാക്കിയില്ല. മാർഗ്ഗരേഖ നിർദ്ദേശം പാലിക്കാതെ ജീവനോപാധി പ്രോജക്ടുകൾ തയ്യാറാക്കിയതും പ്രോജക്ടുകളിൽ ഉൾപ്പെടുത്താതെ ഫണ്ട് വിനിയോഗം നടത്തിയിട്ടുള്ളതും ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രളയ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുവാൻ സാധിക്കാതിരുന്നതിനാൽ ഫണ്ട് ലാപ്സാകുന്നതിനും തുടർവർഷത്തെ വികസന ഫണ്ടിൽ നിന്നും അധികച്ചെലവ് ഉണ്ടാകുന്നതിനും ഇടയായി.

പ്രളയ ഫണ്ട് വിനിയോഗത്തിലെ വീഴ്ച കൗൺസിലിന്റെയും സെക്രട്ടറിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-36 ചിറത്തറ കോളനി സമഗ്ര വികസനം - ഫീസിബിലിറ്റി കിട്ടാതെ പദ്ധതി ഉപേക്ഷിച്ചു - പ്രളയ ഫണ്ട് നഷ്ടമായി

2019-20 ൽ ₹12,00,000 അടങ്കലിൽ അംഗീകാരം വാങ്ങിയ 507/20 നം. പ്രോജക്റ്റ് 2019-20ൽ നടപ്പാക്കിയില്ല. 2020-21ൽ സ്പിൽ ഓവർ പ്രോജക്ടായി (161/21) ₹15,55,000 അടങ്കലിൽ പ്രളയ ഫണ്ട് (എസ്.സി.പി) വകയിരുത്തിയ പദ്ധതിയുടെ ടെണ്ടർ നടപടികളും പൂർത്തിയാക്കി കോൺട്രാക്ടർ ശ്രീ ജി.രവിശങ്കറിന് 10,36,931 രൂപയ്ക്ക് ടെണ്ടർ അംഗീകരിച്ചു നൽകി. (എസ്റ്റിമേറ്റ് -₹10,68,811) 02/06/2020ന് ടിയാൻ പ്രവൃത്തി തുടങ്ങാൻ എഗ്രിമെന്റും ഒപ്പ് വെച്ചു. എന്നാൽ മാടപ്പള്ളി ബ്ളോക്കിൽ സമർപ്പിച്ച സൈറ്റ് പ്ളാൻ പ്രകാരം 50% പട്ടിക ജാതിക്കാർ ഈ പ്രദേശത്തില്ല എന്ന കാരണത്താൽ ടി പദ്ധതിയ്ക്ക് ഫീസിബിലിറ്റി ലഭ്യമായില്ല. അതിനാൽ 03/11/2020ലെ 63-ാം നം.കൗൺസിൽ തീരുമാനപ്രകാരം പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിച്ചു.

2019-20 ൽ പ്രോജക്റ്റ് വച്ച് നടപ്പാക്കാതെ 2020-21ലും പദ്ധതിയ്ക്ക് തുക വകയിരുത്തി കരാറുകാരനുമായി എഗ്രിമെന്റ് വച്ചതിനു ശേഷം പദ്ധതിയുടെ പ്രാരംഭഘട്ടമായ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ പദ്ധതി ഉപേക്ഷിച്ചതിനാൽ ടി പദ്ധതിയ്ക്ക് വകയിരുത്തിയ പ്രളയ ഫണ്ട് (എസ്.സി.പി) നഷ്ടമായി. (എഗ്രിമെന്റ് രജിസ്റ്റർ, മിനിട്ട്സ് എന്നിവയിൽ നിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് പരാമർശം) ഫയൽ നം. ഇ4/6453/20 ലഭ്യമായില്ല. കൃത്യമായ ആസൂത്രണമില്ലായ്മയും പദ്ധതി നടത്തിപ്പിന്റെ ആരംഭഘട്ടത്തിൽ ഉറപ്പാക്കേണ്ട ഫീസിബിലിറ്റി 2 വർഷമായിട്ടും ഉറപ്പാക്കാതെ പദ്ധതിക്ക് ഫണ്ട് വകയിരുത്തി തുടർപ്രവർത്തനത്തിലേക്ക് പോയതിനാലാണ് ഫണ്ട് നഷ്ടമാകാനിടയായത്. സമൂഹത്തിലെ ദുർബ്ബല ജനവിഭാഗങ്ങളുടെ ഉന്നമനത്തിന് ഉതകുമായിരുന്ന 15.55 ലക്ഷം രൂപ പാഴായിപ്പോയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ, മോണിട്ടറിംഗ് സമിതി,

സ്റ്റാൻഡിംഗ് കമ്മിറ്റി, ഭരണസമിതി അംഗങ്ങൾ, ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവർ ഫണ്ട് നഷ്ടമായതിന് ഉത്തരവാദികളാണ്. ഇപ്രകാരമുള്ള അലംഭാവം ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ കൗൺസിലും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-37 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

മരാമത്ത് പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് 13-ാം പഞ്ചവത്സര പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ (സ.ഉ(കൈ) നം.17/2018/ത.സ്വ.ഭ.വ, തീയതി, 02/02/2018) ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല എന്ന് കാണുന്നു.

1) നിർമ്മാണ പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നതിന് ഓരോ പ്രവൃത്തിയ്ക്കു വേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതികൾ രൂപീകരിക്കണമെന്നും ഈ സമിതികൾ ഗുണഭോക്തൃ സമിതികളുടെ എക്സിക്യൂട്ടീവുകളുടെ മാതൃകയിലായിരിക്കണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല.(11.2.ഇ6)

2) നിർമ്മിച്ച ആസ്തികളുടെ വിവരങ്ങൾ യഥാസമയം ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല. ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്യുന്നില്ല.

3) നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെ പേര്, ഫോൺ നം. അടങ്കൽ എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണമെന്നും ഡിസ്പ്ളേ ബോർഡിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണം എന്നുമുള്ള നിർദ്ദേശം പാലിച്ചിട്ടില്ല.

4) സ്പിൽ ഓവർ പ്രവൃത്തികൾ സ്പിൽ ഓവറായ വർഷം തന്നെ പൂർത്തിയാക്കണമെന്ന നിബന്ധന.

5) റോഡ്/റോഡിതര ആസ്തികളുടെ പരിപാലനത്തിന് ആസ്തിസംരക്ഷണ പദ്ധതി തയ്യാറാക്കണമെന്നും അതിനായി കൈമാറി കിട്ടിയ സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർക്കണമെന്നുള്ള നിർദ്ദേശം.

6) ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ളാനും തയ്യാറാക്കണമെന്ന നിർദ്ദേശം.

7) തദ്ദേശ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകൾ മാത്രമേ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടുള്ളൂ എന്ന നിർദ്ദേശം

8) റോഡ് നിർമ്മാണം, പുനരുദ്ധാരണം എന്നീ പ്രവൃത്തികളിൽ കോൺക്രീറ്റ് പണികൾ, ഇന്റർലോക്കിംഗ് എന്നിവ ചെയ്യുന്നത് ഇത് സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം എന്ന നിബന്ധന.

മേൽ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 നിക്ഷേപ പ്രവൃത്തികൾ - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല -21,15,394/-രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ നിക്ഷേപ പ്രവൃത്തികൾക്കായി താഴെപ്പറയുന്ന നിർവ്വഹണ ഏജൻസികൾക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി കരാർ ചമച്ചതിന്റെയോ നിക്ഷേപത്തുകയുടെ വിനിയോഗ വിവരങ്ങളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | ബിൽ നം(എസിആർ) /തുക | | നിർവ്വഹണ ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|
| 1 | 07/21 വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റിയിടലും പുതിയ പോസ്റ്റ് സ്ഥാപിക്കലും ലൈൻ വലിക്കലും | 367/28.01.21 | 1,29,176 | കെ.എസ്.ഇ.ബി, | ---- |
| | | 368/28.01.21 | 1,86,214 | | |
| | | 449/13.03.21 | 1,84,610 | | |
| | | 450/13.03.21 | 2,50,700 | | |

| | | | | | |
|---|---|---|---|---|---|
| 2 | 203/21 വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റിയിടലും പുതിയ പോസ്റ്റ് സ്ഥാപിക്കലും ലൈൻ വലിക്കലും | 07/11-04-2020<br>452/13-03-2021 | 4,52,903<br>27,892 | കെ.എസ്.ഇ.ബി, | |
| 3 | SO 205/21 – വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 05/11-04-2020 | 7,53,899 | വാട്ടർ അതോറിറ്റി | |
| 4 | 36/21 – വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 321/04-12-2020<br>464/19-03-2021<br>465/19-03-2021 | 85,000<br>2,71,000<br>45,000 | വാട്ടർ അതോറിറ്റി | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 54/20-21) ലഭിച്ച മറുപടിയിൽ 36/21 പ്രോജക്ട് പ്രകാരമുള്ള 2,71,000/- രൂപയുടെ വിനിയോഗ വിവരങ്ങൾ ലഭിച്ചതായും ശേഷിക്കുന്ന പ്രവർത്തികളുടെ വിനിയോഗ വിവരങ്ങൾ ഹാജരാക്കുന്നതിന് കത്ത് നൽകിയതായും അറിയിച്ചിട്ടുണ്ട്. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 21,15,394/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-39 ABC പദ്ധതിക്ക് വികസനഫണ്ട് വിഹിതം നല്കി വരുന്നു. - പദ്ധതി നടപ്പാക്കുന്നില്ല.

അടങ്കൽ-₹5,00,000

നിർവഹണം--ഹെൽത്ത് ഓഫീസർ

ABC പദ്ധതിയുലുൾപ്പെടുത്തി (പ്രോജക്ട് നം.265/21) 2020-21ൽ ₹5,00,000 ബിൽ നം.762989/30.11.2020 പ്രകാരം കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് മുൻകൂർ നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. മുൻവർഷങ്ങളിലും ഈ പദ്ധതിയ്ക്കായി നൽകിയ തുകകൾ ഉപയോഗിച്ച് കുടുംബശ്രീ ജില്ലാ മിഷൻ പദ്ധതി നടപ്പാക്കാതെ തുക ഡെപ്പോസിറ്റായി തുടരുകയാണ്. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നം. 15/2020-21, തീയതി-31.01.2022 ന് ഏകദേശം 238 നായ്ക്കളുടെ വന്ധ്യകരണം നടത്തുന്നതിനുള്ള തുക കണക്കാക്കിയാണ് 5,00,000/-രൂപ അടച്ചതെന്നും 2017-18 ൽ 3,00,200/- രൂപയും 2019-20 ൽ 2,00,000/-രൂപയും കുടുംബശ്രീ ജില്ലാമിഷനിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. നാളിതുവരെ ഈ പദ്ധതിക്കായി നല്കിയ തുക വിനിയോഗിക്കാത്ത സാഹചര്യത്തിൽ തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി വിഹിതം അനുവദിക്കുന്നത് പുനരാലോചിക്കണമെന്ന് ശുപാർശ ചെയ്യുന്നു. നിലവിൽ പദ്ധതി നടപ്പാക്കിയാലും വിവിധ വർഷങ്ങളിൽ നല്കിയ വികസനഫണ്ട് വിഹിതം അധികമായിരിക്കുകയാണ്. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി വ്യക്തമായ നിർദ്ദേശം ഈ വിഷയത്തിൽ ലഭ്യമാക്കി നടപടികൾ സ്വീകരിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 5,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മുൻ വർഷങ്ങളിൽ ഡെപ്പോസിറ്റ് നല്കിയ തുകകളുടെ വിനിയോഗ വിവരവും കൃത്യമായി ഉറപ്പാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-40 വേഴക്കാട്ട് ബസ് സ്റ്റാൻഡ് നവീകരണം ഫൈൻ ഈടാക്കിയില്ല.

| | |
|---|---|
| ഫയൽ നം. | ഇ4-14862/19 |
| ബിൽ നം. | 8/11.04.2020<br>10/11.04.2020<br>12/11.04.2020<br>375/04.02.2021 |
| കരാറുകാരന്റെ പേര് | സൈമൺ പി.ജെ |
| അടങ്കൽ തുക | 13,91,200/- |

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ടി പ്രോജക്ടിനായി (പ്രോജക്ട് നം.320/21) തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി ₹13,90,956 ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ അംഗീകരിച്ച് 15.10.2019ൽ നൽകിയ അറിയിപ്പ് പ്രകാരം കരാറുകാരൻ 30/10/2019നകം കരാർ ചമയ്ക്കേണ്ടിയിരുന്നു. എന്നാൽ 16/11/2019ലാണ് കരാർ ചമച്ചിട്ടുള്ളത്. കരാർ വയ്ക്കുന്നതിന് കാലതാമസം വരുത്തിയതിന് കരാർ തുകയുടെ 1% ആയ ₹12,421 ഫൈൻ ഈടാക്കിയില്ല. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.50/2020-21, തീയതി, 28/04/2022 ന് "കരാറുകാരൻ കരാർ വെച്ചപ്പോൾ കാലതാമസം വരുത്തിയത് ഫയലിൽ രേഖപ്പെടുത്താത്തതുകൊണ്ടാണ് ബില്ലിൽ ഫൈൻ ഈടാക്കാതിരുന്നത്"" എന്ന വിശദീകരണം ലഭ്യമാക്കി. ഫൈൻ ₹12,421 കരാറുകാരനിൽ നിന്നും ഈടാക്കി തനതുഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-41 അഗതിരഹിത കേരളം - ചലഞ്ച് ഫണ്ടുപയോഗിച്ചുള്ള സേവനങ്ങൾക്ക് വികസന ഫണ്ട് വിഹിതം ചെലവഴിച്ചു - റീക്രൂപ്പ് ചെയ്യേണ്ടതാണ്

2020-21 വർഷങ്ങളിൽ അഗതിരഹിത കേരളം പദ്ധതിയ്ക്കായി SO200/21, SO120/21 പ്രോജക്ടുകളിൽ ഉൾപ്പെടുത്തി യഥാക്രമം 5,00,000/- (ബിൽ നം.11649 /20.04.2020) (2019-20 ലെ ക്യൂബിൽ) 1,00,000/- രൂപ വീതം (ബിൽ നം.1127500/20.02.2021) വികസനഫണ്ട് പിൻവലിച്ച് ആശ്രയ അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വികസനഫണ്ട് മുൻബാക്കി 10,62,500 ഉൾപ്പെടെ 16,62,500/- രൂപ അക്കൗണ്ടിൽ ഉള്ളപ്പോൾ 1,40,000/- രൂപ മാത്രമാണ് 5 ഗുണഭോക്താക്കൾക്ക് വീട് മെയിന്റനൻസ്, ഒരു ടോയ്‌ലറ്റ് നിർമ്മാണം എന്നിവയ്ക്കായി 2020-21 ൽ ചെലവഴിച്ചിട്ടുള്ളത്.

കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ 16.10.2019 ലെ സർക്കുലർ നം. 60/B/2016/KSKTM ലെ നിർദ്ദേശ പ്രകാരം ചലഞ്ച് ഫണ്ടിന്റെ അപര്യാപ്തതയിൽ മുൻ ആശ്രയ പദ്ധതികളിലെ ചെലവഴിക്കാത്ത തുകയോ, അഗതിരഹിത കേരളം പദ്ധതിയ്ക്കായുള്ള വികസനഫണ്ട് തുകയോ ഉപയോഗിച്ച് പദ്ധതിയിലെ അവശ്യസേവനങ്ങൾക്ക് തുക ചെലവഴിക്കാം എന്നതിന്റെ അടിസ്ഥാനത്തിൽ ₹15,73,097/- 2020-21 ൽ വികസനഫണ്ടിൽ നിന്നും അവശ്യസേവനങ്ങൾക്കായി എടുത്തിട്ടുണ്ട്. (ചലഞ്ച് ഫണ്ട് മുൻബാക്കി ₹5,66,390/- ഉൾപ്പെടെ ₹21,39,487/- ചെലവഴിച്ചു)

കുടുംബശ്രീ മിഷനിൽ നിന്ന് ചലഞ്ച് ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് വികസന ഫണ്ട് തുക ക്രമീകരിച്ച് വികസനഫണ്ട് സേവനങ്ങൾക്ക് നല്കണം എന്ന വ്യവസ്ഥയിലാണ് വികസന ഫണ്ട് വിഹിതം എടുക്കാൻ അനുവാദം നല്കിയിട്ടുള്ളത്.

2020-21 ൽ വികസന ഫണ്ട് വിഹിതത്തിൽ നിന്നും എടുത്ത 15,73,097/- രൂപ ക്രമീകരിച്ചതിന്റെ വിശദാംശം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം 28/2020-21 ന് ലഭ്യമാക്കിയ മറുപടിയിൽ ₹13,33,333/- 03/03/2022ൽ ക്രമീകരിച്ചതായി പ്രോജക്ട് ഓഫീസർ അറിയിച്ചിട്ടുണ്ട്. ബാലൻസ് തുക ₹2,39,764 കൂടി റീക്രൂപ്പ് ചെയ്ത് വികസനഫണ്ടുപയോഗിച്ച് തയ്യാറാക്കിയ പ്രോജക്ട് പ്രകാരമുള്ള സേവനങ്ങൾ ഗുണഭോക്താക്കൾക്ക് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

തുടർ നിരീക്ഷണം നടത്തി പദ്ധതി പൂർത്തീകരണം നടത്തുന്നതിന് കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-42 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കൽ -അപാകതകൾ

ഫയൽ നം. ഇ5-3571/01

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കുന്നതുമായി ബന്ധപ്പെട്ട മേൽ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) നഗരസഭയിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകളുടെ എണ്ണം, ഇനം, തുക അടവാക്കൽ എന്നിവ രേഖപ്പെടുത്തുന്ന രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കുന്നില്ല.

2) 2020-21 വർഷം വൈദ്യുതി വകുപ്പിൽ നിന്നും ലഭിച്ച മാസ/ദ്വൈമാസ ഡിമാന്റ് നോട്ടീസ്, തുക അടച്ചതിന്റെ വിശദാംശങ്ങൾ എന്നിവ കൃത്യമായി ഫയലിൽ സൂക്ഷിക്കുന്നില്ല.

3) അൺമീറ്റേഡ് സ്ട്രീറ്റ് ലൈറ്റുകളുടെ (കൺസ്യൂമർ നം.1146365002245) കറന്റ് ചാർജ്ജിനത്തിൽ ഓരോ മാസവും ഏകദേശം 2,45,000 രൂപയുടെ ബില്ല് ലഭിക്കുന്നുണ്ട്. സർക്കുലർ നം.65529/ഡി.സി.3/12/ത.സ്വ.ഭ.വ/തീയതി,

12.03.2013 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സമ്പ്രദായത്തോട് കൂടിയുള്ള തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു.എന്നാൽ നഗരസഭയും വൈദ്യുതി വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയാണെങ്കിൽ കറന്റ് ചാർജ്ജിനത്തിലെ ചെലവുതുക ഒരു പരിധിവരെ കുറയ്ക്കാനാകും.

4) നഗരസഭ വർഷാവർഷങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ്, മിനിമാസ്റ്റ്, എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് എന്നിവ സ്ഥാപിക്കുമ്പോൾ കറന്റ് ചാർജ്ജിനത്തിൽ തുക വർദ്ധിക്കുന്നുണ്ട്. എന്നാൽ, കത്താത്ത ലൈറ്റുകളുടെ ചാർജ്ജ് കെ.എസ്.ഇ.ബി ഈടാക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല. ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന മാസങ്ങളിലെ ഡിമാന്റ് നോട്ടീസ് പ്രകാരം ഇനിഷ്യൽ ആന്റ് ഫൈനൽ ഒരേ റീഡിംഗ് ആയിരുന്നിട്ടും തുക ഡിമാന്റ് ചെയ്തതായി കാണുന്നു.(ചില ഉദാഹരണങ്ങൾ മാത്രം)

| ക്രമ നം. | ബിൽ നം./തീയതി | ഇനീഷ്യൽ & ഫൈനൽ റീഡിംഗ് | തുക |
|---|---|---|---|
| 1 | 114632027602/01/12/2020 | 1388 | 230 |
| 2 | 1146360028104/01/01/2021 | 324 | 3271 |
| 3 | 114639027871/15/04/2021 | 537 | 432 |
| 4 | 1146360028183/15/04/2021 | 500 | 3704 |

വിശദമായ പരിശോധന നടത്തി മീറ്ററുകൾ പ്രവർത്തനക്ഷമമല്ലെങ്കിൽ പരിഹരിച്ച് പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5) മുനിസിപ്പൽ ആർക്കേഡ് എന്ന പേരിൽ കൺസ്യൂമർ നം.1146365009043 പ്രകാരം ഡിമാന്റ് നോട്ടീസ് ലഭിക്കുന്നുണ്ട്. നഗരസഭ വാടകയ്ക്ക് നൽകിയ കെട്ടിടത്തിന്റെ കറന്റ് ചാർജ്ജ് ആണോയെന്ന് വ്യക്തവുമല്ല. അങ്ങനെങ്കിൽ വാടകക്കാരനിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) നിലവിലുള്ള രജിസ്റ്റർ പ്രകാരം കുടിവെള്ളം എന്ന ഉദ്ദേശത്തിൽ കൺസ്യൂമർ നം.1146360027195, 1146360027194 എന്നിവയുടെ കറന്റ് ചാർജ്ജിനത്തിൽ തുക ഡിമാന്റ് ചെയ്തതായി കാണുന്നു. കുടിവെള്ള പദ്ധതികൾ ആണെങ്കിൽ ഗുണഭോക്തൃ സമിതിയ്ക്ക് കൈമാറേണ്ടതാണ്.

7) അസി.എഞ്ചിനീയർ, ഇലക്ട്രിക്ക് സെക്ഷൻ, ചങ്ങനാശ്ശേരിയുടെ 24/02/2021ലെ വിവിധ കത്തുകൾ പ്രകാരം വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന പദ്ധതിയുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന കൺസ്യൂമർ നമ്പർ പ്രകാരം കുടിശ്ശികയുള്ളതായി അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| 1146360024222 | 265+2703 (PI) |
| 114631002498 | 9607+15996 (PI) |
| 1146367023824 | 3965+200 (PI) |
| 1146366020758 | 2500+900 (PI) |
| 1146365024140 | 1453+13332(PI) |

ടി കൺസ്യൂമർ നമ്പരുകൾ നഗരസഭയുമായി ബന്ധപ്പെട്ടിട്ടുള്ളതാണോയെന്ന് വ്യക്തമല്ല. ഒറ്റത്തവണത്തീർപ്പാക്കൽ പദ്ധതി പ്രകാരം തുക അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. കൂടാതെ സർചാർജ്ജ് ഇനത്തിൽ നിരവധി തുകകൾ കെ.എസ്.ഇ.ബി യിൽ ഒടുക്കിയിട്ടുള്ളതായും കാണുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (45/2020-21/22/04/2022) ലഭിച്ച മറുപടിയിൽ അപാകതകൾ പരിഹരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. മേൽ അപാകതകൾ പരിഹരിക്കേണ്ടതും നഗരസഭയുടെ ഉടമസ്ഥതയിൽ കെ.എസ്.ഇ.ബി യുടെ വിവിധ സെക്ഷനുകളിൽ നിലവിലുള്ള എല്ലാ കൺസ്യൂമർ

നമ്പരുകളുടെയും വിശദാംശം ലഭ്യമാക്കി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ എണ്ണത്തിന് ആനുപാതികമായി വൈദ്യുതി ചാർജ്ജ് ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-43 ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം ആവിഷ്ക്കരിച്ച പദ്ധതികൾ ഒന്നും നടപ്പാക്കിയില്ല.

ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം ആവിഷ്ക്കരിച്ച 28,10,000 രൂപ അടങ്കലുള്ള 6 പ്രോജക്ടുകളും നടപ്പാക്കിയില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ട് | അടങ്കൽ | ഫണ്ട് | മറ്റുള്ളവ (ലോൺ/ നേരിട്ട്) |
|---|---|---|---|---|
| 94/21 | പൊതുവിഭാഗത്തിൽപ്പെട്ട സ്ത്രീ പുരുഷൻമാർക്ക് പാസഞ്ചർ, പിക്കപ്പ്, ഓട്ടോറിക്ഷ | 2,00,000 | വികസന ഫണ്ട് | 72,000 |
| 100/21 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ത്രീ പുരുഷൻമാർക്ക് പാസഞ്ചർ, പിക്കപ്പ്, ഓട്ടോറിക്ഷ | 1,80,000 | വികസന ഫണ്ട്(എസ്.സി.പി) | 5,10,000 |
| 105/21 | വനിതകൾക്ക് തുണിസഞ്ചി നിർമ്മാണ യൂണിറ്റ് | 1,00,000 | വികസന ഫണ്ട്(ജനറൽ) | 1,00,000 |
| 106/21 | പൊതുവിഭാഗത്തിൽപ്പെട്ട വനിതകൾക്ക് പേപ്പർ ക്യാരി ബാഗ് യൂണിറ്റ് | 3,00,000 | വികസന ഫണ്ട്(ജനറൽ) | 3,00,000 |
| 107/21 | പട്ടികജാതി വിഭാഗം -വനിതകൾക്ക് തുണിസഞ്ചി നിർമ്മാണ യൂണിറ്റ് | 1,00,000 | വികസന ഫണ്ട്(എസ്.സി.പി) | 1,00,000 |
| 108/21 | പട്ടികജാതി വിഭാഗം -വനിതകൾക്ക് പേപ്പർ ക്യാരി ബാഗ് യൂണിറ്റ് | 3,00,000 | വികസന ഫണ്ട്(എസ്.സി.പി) | 3,00,000 |

തൻവർഷം ഒരു പദ്ധതി പോലും നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കിയത് ഗൗരവതരമായ വീഴ്ചയാണ്. പദ്ധതികൾ നടപ്പാക്കാത്തതിന് സെക്രട്ടറി വിശദീകരണം തേടേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ഇത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും കൗൺസിലിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-44 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി--അവലോകനം

| | |
|---|---|
| മുന്നിരിപ്പ് | 5,683 |
| പലിശ | 51,479 |
| ഫണ്ട് വരവ് | 1,00,00,000 |
| ആകെ | 1,00,57,162 |
| ചെലവ്<br>തൊഴിലാളികളുടെ | 6251039 |

| | |
|---|---|
| കൂലി | |
| പണിആയുധങ്ങളുടെ വാടക | 2,12,566 |
| മറ്റുള്ളവ | 1,780 |
| ഭരണച്ചെലവ് | 4,84,000 |
| നീക്കിയിരിപ്പ് | 3,107,777 |

നഗരമേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ ഉള്ള കുടുംബത്തിന് ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതായിരുന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

പ്രകൃതി വിഭവ പരിപാലന പ്രവർത്തനങ്ങളുടെ ഭാഗമായി മണ്ണ് - ജല സംരക്ഷണം, മഴവെള്ള സംരക്ഷണം, കൊയ്ത്ത്, ഭൂഗർഭ ജല പോഷണം, ഭൂവികസനം, വനവൽക്കരണം തുടങ്ങിയ പൊതു ലക്ഷ്യങ്ങളോടെ തുടങ്ങിയ ഈ പദ്ധതിയിൽ നേരിട്ട് കാണാവുന്നതും അളന്ന് തിട്ടപ്പെടുത്താവുന്നതും ആവർത്തനസ്വഭാവം ഇല്ലാത്തതുമായ ആസ്തികൾ സൃഷ്ടിക്കുക എന്നതാണ് തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതൊടൊപ്പം തൊഴിൽ ഉറപ്പ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

പദ്ധതി നടത്തിപ്പ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിന്റെ വിശദാംശം

2020-21 വർഷം പുതുതായി 286 പേർ ഉൾപ്പെടെ 1414 പേർ രജിസ്റ്റർ ചെയ്തതിൽ 856 പേർക്ക് (പുതിയ 194 ഉൾപ്പെടെ) തൊഴിൽ നല്കിയിട്ടുണ്ട്.

20 സ്പിൽ ഓവർ പ്രവൃത്തികൾക്കും 247 പുതിയ പ്രവൃത്തികൾക്കുമായി 4,17,54,500/- രൂപ അടങ്കലിലുള്ള ആക്ഷൻപ്ലാൻ തയ്യാറാക്കിയിരുന്നു. (2019-20 വർഷത്തെ ആക്ഷൻപ്ലാൻ പ്രകാരമാണ് പദ്ധതികൾ നടപ്പിലാക്കിയത്.) 2020-21 വർഷം 129 പദ്ധതികൾ ഏറ്റെടുത്തതിൽ 128 എണ്ണം പൂർത്തിയാക്കി. സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികൾ നടപ്പാക്കിയില്ല. 100 തൊഴിൽദിനം പൂർത്തിയാക്കിയ 71 കുടുംബങ്ങൾക്കും 75 തൊഴിൽദിനം പൂർത്തിയാക്കിയ 18 കുടുംബങ്ങൾക്കും 1000 രൂപ ഉൽസവബത്തയായി നൽകിയിട്ടുണ്ട്. തൊഴിൽ ആവശ്യപ്പെട്ടവർക്കെല്ലാം തൊഴിൽ നല്കിയിട്ടുണ്ട്.

2 കിണർ, 1 കുളം, 1പടുതാക്കുളം എന്നിവ സ്വകാര്യ ഭൂമിയിൽ നിർമ്മിച്ച് നൽകിയിട്ടുണ്ട്. സുഭിക്ഷ കേരളം പദ്ധതി പ്രകാരം താഴെ പറയും പ്രകാരം തൊഴിൽ ദിനം സൃഷ്ടിച്ചിട്ടുണ്ട്.

| പ്രവൃത്തിയിനം | സൃഷ്ടിച്ച മനുഷ്യദിനം | ചെലവഴിച്ച തുക |
|---|---|---|
| തരിശുഭൂമി കൃഷിയോഗ്യമാക്കൽ | 5700 | 16,74,309 |
| മത്സ്യകുളം | 293 | 87,066 |
| പടുതാക്കുളം | 112 | 33,344 |

PMAY പദ്ധതിയിൽ രണ്ട് വ്യക്തികൾക്ക് കിണർ നിർമ്മിച്ചതിനായി 14,404/- രൂപയും ഓട, തോട് വൃത്തിയാക്കലിനായി 2599 മനുഷ്യദിനം ഉപയോഗിച്ചതിന് 3,46,072/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

2020-21 വർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | തൊഴിൽ ദിനം | ചെലവ് |
|---|---|---|---|
| 1. | തോട് നവീകരണം | 1510 | 4,55,557 |
| 2. | കുളം നിർമ്മാണം | 256 | 70,523 |
| 3. | കിണർ നിർമ്മാണം | 52 | 14,404 |
| 4. | മരം വച്ച് പിടിപ്പിക്കൽ | 42 | 11,634 |
| 5. | മാലിന്യസംസ്കരണം | 1089 | 3,12,728 |

| | | | |
|---|---|---|---|
| 6. | മൃഗപരിപാലനം/ക്ഷീരകർഷകർ | 844 | 2,75,657 |
| 7. | തരിശുഭൂമി കൃഷിയോഗ്യമാക്കൽ | 5700 | 16,74,309 |
| 8. | PMAY ഭവനം | 2582 | 9,16,112 |
| 9. | മറ്റുള്ളവ | 6877 | 27,34,461 |
| | ആകെ | 18952 | 64,65,385 |

ആക്ഷൻ പ്ലാൻ പ്രകാരം ചെലവഴിക്കുവാൻ ഉദ്ദേശിച്ച 4,17,54,500/- രൂപയുടെ 15% മാത്രമാണ് ചെലവഴിക്കുവാൻ കഴിഞ്ഞത്. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം പൂർണ്ണമായും പ്രാവർത്തികമാക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ നടപ്പാക്കിയ പദ്ധതികൾ -അപാകതകൾ

പ്രോജക്ട് നം.എസ്.ഒ-193/21

ബിൽ നം.170130148/18.02.2020- ₹99,900 (ക്യൂ ബിൽ )

അടങ്കൽ - ₹99,900

(1) തെങ്ങുകൃഷി വികസനം (ജനറൽ) -ജൈവവളം വിതരണം

ഈ പ്രോജക്ട് നടപ്പിലാക്കുന്നതിനായി കെയ്കോയിൽ നിന്നും 4995കി.ഗ്രാം വേപ്പിൻ പിണ്ണാക്ക് @25രൂപ പ്രകാരം ആകെ ₹1,24,875 ചെലവഴിച്ച് 88 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതമായി ₹24,975 ഈടാക്കി സ്ഥാപനത്തിൽ ഒടുക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) വളം വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 4004 കി.ഗ്രാം വളം മാത്രം വിതരണം ചെയ്തിട്ടുള്ളതായും ആയതിന് ആനുപാതികമായ ഗുണഭോക്തൃ വിഹിതം മാത്രമേ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയിട്ടുള്ളൂ എന്നും വ്യക്തമായി. ആയത് പ്രകാരം അനുവദനീയമായ സബ്സിഡി 75,075/-രൂപയാണ്. (4004x25x75%=75,075) ഇതിന് പകരം 99,900/-രൂപയാണ് വികസനഫണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ളത്. അധികമായി ₹24,825വികസനഫണ്ടിൽ നിന്നും അനുവദിച്ചു. ഗുണഭോക്തൃ വിഹിതമിനത്തിൽ ഈടാക്കേണ്ട തുക 25,025/-രൂപയാണ്. എന്നാൽ ഈടാക്കിയിട്ടുള്ളത് 24,975/-രൂപയാണ്. (കുറവ് 50/-)

(2) സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി, 14.02.18 പ്രകാരം ജൈവവളത്തിന് (പൊതുവിഭാഗം) അനുവദനീയമായ സബ്സിഡി 75% ആണ്. എന്നാൽ പ്രോജക്ട് പ്രകാരമുള്ള ധനകാര്യ വിശകലനത്തിൽ

വികസനഫണ്ട് -₹99,900/-

ഗുണഭോക്തൃ വിഹിതം -₹24,975/-

(നേരിട്ട് ചെലവഴിക്കുന്നത് )

ആകെ 1,24,875/-രൂപയാണ് കാണിച്ചിട്ടുള്ളത്. (99,900/-രൂപയുടെ 25% എന്ന രീതിയിലാണ് ഈ തുക കാണിച്ചിട്ടുള്ളത് ) ആകെ ചെലവ് തുകയുടെ 75% മാണ് സബ്സിഡി നൽകുന്നത്. കൂടാതെ ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നു എന്നാണ് പ്രോജക്ടിൽ നിർദ്ദേശിച്ചിട്ടുള്ളത്. ആയത് പ്രകാരം ഗുണഭോക്താക്കൾ വളം വാങ്ങിയതിന്റെ ബിൽ ഹാജരാക്കുന്ന മുറയ്ക്ക് സബ്സിഡി അവരുടെ അക്കൗണ്ടിലേയ്ക്ക് കൈമാറുകയാണ് ചെയ്യേണ്ടിയിരുന്നത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 28.10.2021 ൽ നല്കിയ എൻക്വയറി നം.1/20-21 ന് മറുപടി ലഭ്യമാക്കിയെങ്കിലും വികസനഫണ്ട് അധികം നല്കിയതിന് മറുപടി ലഭ്യമാക്കിയില്ല. അധികം നല്കിയ ₹24,825 നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

### 3-2 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ - അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

നിർവ്വഹണം-പ്രോജക്ട് ഓഫീസർ, യു.പി.എ.സെൽ

അടങ്കൽ-5,00,000

(വികസന ഫണ്ട്, എസ്.സി.പി)

ബിൽ നം.1258465/18.03.21

ചെലവ് - ₹4,90,122

2020-21ൽ സ്പിൽ ഓവറായി നടപ്പാക്കിയ SO119/21-എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ പദ്ധതിയിൽ 18 വിദ്യാർത്ഥികൾക്ക് CPRCS പോർട്ടലിൽ നിന്നും കെൽട്രോൺ മുഖേന ഉബുണ്ടു അധിഷ്ഠിത ലാപ്ടോപ്പ് 17.06.2021ന് ലഭ്യമാക്കി വിതരണം നടത്തിയിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകത കാണുന്നു.

കെൽട്രോണിന്റെ 15.03.21ലെ ഇൻവോയ്സ് പ്രകാരം @27,229 പ്രകാരം 18 ലാപ്ടോപ്പുകളുടെ തുക ₹4,90,122 കെൽട്രോണിന് 18.03.2021ൽ നൽകിയിട്ടുണ്ട്. എന്നാൽ 11.06.2021ലെ കെൽട്രോണിന്റെ ബില്ലിൽ @26,208 പ്രകാരം തുക 4,71,744 രൂപയാണ്. ₹18,378 കെൽട്രോണിന് അധികം നൽകിയത് ക്രമീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നം.3/21 തീയതി.11/11/2021 ന് തുക തിരികെ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കെൽട്രോണിന് കത്ത് നല്കിയതായി അറിയിച്ചു.

2019-20 വർഷം ലാപ്ടോപ്പ് വാങ്ങൽ പദ്ധതിയിലും (പ്രോജക്ട് നം.37/20) കെൽട്രോണിന് ₹15,714 അധികം നൽകിയിരുന്നു. ഇപ്രകാരം അധികം നൽകിയ ₹34,092 കെൽട്രോണിൽ നിന്നും ഈടാക്കുകയോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കിയോ സർക്കാരിലേയ്ക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ബിൽനം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | 07/21 വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റിയിടലും പുതിയ പോസ്റ്റ് സ്ഥാപിക്കലും ലൈൻ വലിക്കലും | 367/28.01.21<br>368/28.01.21<br>449/13.03.21<br>450/13.03.21 | 1,29,176<br>1,86,214<br>1,84,610<br>2,50,700 | - | 1,29,176<br>1,86,214<br>1,84,610<br>2,50,700 |
| 2 | So 203/21 വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റിയിടലും പുതിയ പോസ്റ്റ് സ്ഥാപിക്കലും ലൈൻ വലിക്കലും | 07/11-04-2020<br>452/13-03-2021 | 4,52,903<br>27,892 | - | 4,52,903<br>27,892 |
| 3 | SO 205/21 – വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ | 05/11-04-2020 | 7,53,899 | - | 7,53,899 |

| | | | | | |
|---|---|---|---|---|---|
| | നീട്ടൽ | | | | |
| 4 | 36/21 – വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 321/04-12-2020<br>464/19-03-2021<br>465/19-03-2021 | 85,000<br>2,71,000<br>45,000 | 2,71,000 | 1,30,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

തൻവർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ വരവില്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന നിക്ഷേപം | 1,70,51,864 |
| തൻവർഷം നിക്ഷേപിച്ച തുക -പലിശ | 7,80,388 |
| ആകെ:- | 1,78,32,252 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 5,61,278 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,72,70,974 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| സ്ഥിരനിക്ഷേപ വിശദാംശങ്ങൾ | സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക |
|---|---|
| കെയുആർഡിഎഫ് സി ഷെയർ (100 രൂപ നിരക്കിലുള്ള 1500 ഷെയറുകൾ) | 1,50,000 |
| ഇൻഡ്യൻ ബാങ്ക് FD No.6193608446ആധുനിക അറവ് ശാല ഗ്രാന്റ് | 75,28,188 |
| ഇൻഡ്യൻ ബാങ്കിലെ FD No.945548907 ആധുനിക അറവ് ശാല ഗ്രാന്റ് | 79,40,485 |
| എസ്.ബി.ഐ,എസ്.ബി കോളേജ് ചങ്ങനാശ്ശേരി | 16,52,301 |
| ആകെ | 1,72,70,974 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിവിധ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ നഗരസഭയെ സംബന്ധിച്ച് ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 2(6),4 (കെ) | 1998 | 2(1)2 | ധനസഹായം/ വായ്പാവിനിയോഗം ലക്ഷ്യം കൈവരിച്ചില്ല. | ബഹു ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2004-06)യുടെ 19-ാമത് റിപ്പോർട്ട് ആയതിന്മേലുള്ള ആക്ഷൻ ടേക്കൻ റിപ്പോർട്ട് (45 -ാമത് റിപ്പോർട്ട് 2014-16)എന്നിവ പ്രകാരമുള്ള ശുപാർശയുടെ അടിസ്ഥാനത്തിലുള്ള തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്{ഖണ്ഡിക 62(1.6.18) ഖണ്ഡിക 66 (1.7.18),ഖണ്ഡിക 71(1.8.9) ഖണ്ഡിക 75(1.9.9),ഖണ്ഡിക 80(1.10.9)} |
| | 72 | | 2(1)3 | കരാറുകാർ കാണിക്കുന്ന അലംഭാവവും അവർക്ക നൽകുന്ന അനർഹമായ ആനുകൂല്യങ്ങളും. | |
| 1997-98 | 38 | 2000-01 | 5-5(ബി) | വാഴപ്പള്ളി ക്ഷേത്രം – കുറ്റിശ്ശേരിക്കടവ് റോഡ് പുനരുദ്ധാരണത്തിലെ ക്രമക്കേടുകൾ – | |
| 1997-98 | 45 | 2000-01 | 5-5(സി) | റോഡ് മണ്ണിട്ട് നികത്തലിൽ നിയമാനുസൃത കുറവ് കണക്കാക്കാത്തതിൽ വന്ന കുറവ് – 18,061/-രൂപ | |
| 1998-99 | 30 | 2001-02 | 6-2-5(ii) | കൊട്ടാരംചിറ റോഡിൽ നിന്ന് ആരംഭിക്കുന്ന റോഡ് – മണ്ണിട്ട് നികത്തുന്നതിൽ അധിക നിരക്ക് നൽകി – 47,505 | |
| 1999-2000 | 40-J | 2001-02 | 6-2-5(vii) | നേർച്ചപ്പാറകോളനി – കുടിവെള്ളം – ഭൂനിരപ്പ് ടാങ്ക് നിർമ്മാണം – ലക്ഷ്യം കൈവരിക്കാത്ത പദ്ധതി | ബഹു ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2004-06)യുടെ 19-ാമത് റിപ്പോർട്ട് ആയതിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് (45 -ാമത് റിപ്പോർട്ട് 2014-16)എന്നിവ പ്രകാരമുള്ള ശുപാർശയുടെ അടിസ്ഥാനത്തിലുള്ള തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്{ഖണ്ഡിക 98 (1.11.18) } |
| 1998-99 | 49(14) | 2001-02 | 6-5(iii) | അന്തർദേശീയ സ്പോർട്സ് കൗൺസിൽ - ലക്ഷ്യം കൈവരിക്കാത്ത പദ്ധതി | നിയമസഭാ സമിതിപരിഗണിച്ചുവരുന്നു |
| 2000-01 | 32 | 2003-04 | അദ്ധ്യായം 6 ഖ.13 | മറ്റ പരാമർശങ്ങൾ വനിതാ വ്യവസായ യൂണിറ്റ് 40,000 | നിയമസഭാ സമിതിപരിഗണിച്ചുവരുന്നു |
| 1998-99 | 49(14) | 2004-05 | 2-1 | തുടർപ്രവർത്തനമില്ല പദ്ധതികൾക്കേറ്റെടുത്ത 4.01 കോടി രൂപയുടെ ഭൂമി പാഴാകുന്നു | " |
| 2001-02 | 2001-02 ഡി.സി.ബി ഓഡിറ്റ് ഖണ്ഡിക 2-14, 2-15, 2-18, 2-27 | 2005-06 | 3-14.1 | കാര്യക്ഷമതയില്ല. തനതുവരുമാനം ലക്ഷങ്ങൾ ചോരുന്നു. | നിയമസഭാ സമിതി പരിഗണിച്ചു വരുന്നു |

| | | | | | |
|---|---|---|---|---|---|
| 2002-03 | ചെലവ് ഓഡിറ്റ് 2-11 | 2006-07 | 4.13.2 | വൈദ്യുതി ഉപകരണങ്ങളുടെ വാങ്ങലും വിതരണവും അപാകതകൾ | ” |
| 2003-04 | ചെലവ് ഓഡിറ്റ് 3-2 | 2006-07 | 4.13.1 | മുനി.റസ്റ്റ് ഹൗസ് ലേലം-മുനിസിപ്പൽ ഫണ്ടിനു നഷ്ടം | ” |
| 2004-05 | ഖ.2-25 ചെലവ് | 2007-08 | 4.5.1 | ഐ.എസ്സ്.യു.ഐ- കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചു-30 ലക്ഷം രൂപ | ” |
| 2006-07 | ഖ-2-14 | 2009-10 | 2.3(1) | ഗ്രാമ/വാർഡ് സഭകളിലും കമ്മറ്റികളിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നില്ല. | " |
| 2006-07 | ഖ.2-4(3) | 2009-10 | 2.4 | തനത് വരുമാനം- സ്റ്റേഡിയം കടമുറികൾ- ₹1,93,010 | " |
| 2006-07 | ഖ.2-4(4) | 2009-10 | 2.4 | വാടകക്കുടിശ്ശിക ഡിമാന്റ് ചെയ്യിട്ടില്ല -₹3,03,373 | " |
| 2006-07 | ഖ.2.12 | 2009-10 | 2.7 | ദേശീയ ചേരിവികസന പദ്ധതി മുനിസിപ്പൽ ദൈനംദിന ചെലവുകൾക്ക് വകമാറ്റി- ₹10,00,000 | " |
| 2006-07 | ഖ-3-12 | 2009-10 | 2.7 | വകമാറ്റി ചെലവഴിക്കൽ - സംയോജിത ഖരമാലിന്യ നിർമ്മാർജ്ജനം - (ക്ളീൻ കേരള മിഷൻ നൽകിയ തുക) വിവിധ പ്രവൃത്തികൾക്ക്. -14,87,509 | " |
| 2008-09 | | 2011-12 | 2.1-(പൊതുഅവലോകനം) | ഗ്രാമസഭ/വാർഡ് സഭ -മൂന്നു മാസത്തിലൊരിക്കൽ സഭ ചേരണമെന്ന വ്യവസ്ഥ പാലിക്കുന്നില്ല. മിനിട്ട്സ് ബുക്കുകൾ യഥാവിധി സൂക്ഷിക്കുന്നില്ല. വാർഡ് കോ-ഓർഡിനേറ്റർമാരും, കൗൺസിലർമാരും സഭാ തീരുമാനങ്ങൾ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. | നിയമസഭാ സമിതിപരിഗണിച്ചുവരുന്നു |
| 2008-09 | | 2011-12 | 2.3 -(പൊതുഅവലോകനം) | നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച - | നിയമസഭാ സമിതിപരിഗണിച്ചുവരുന്നു |
| | | 2011-12 | 2.9(5) (പൊതുഅവലോകനം) | മുനിസിപ്പൽ കണ്ടിജന്റ് പെൻഷൻ ഫണ്ട് ആരംഭിച്ചിട്ടില്ല. | നിയമസഭാ സമിതിപരിഗണിച്ചുവരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ടിൽ നിന്നാണ് പെൻഷൻ വിതരണം നടത്തുന്നത് | |
| | | 2012-13 | 2.6 - അദ്ധ്യായം-2 (ലഘു അവലോകനങ്ങൾ) | ലൈബ്രറികളുടെയും സാംസ്കാരിക നിലയങ്ങളുടെയും നടത്തിപ്പ്. ഉള്ളൂർ സ്മാരക മുനിസിപ്പൽ ലൈബ്രറി | നിയമസഭാ സമിതിപരിഗണിച്ചുവരുന്നു |
| 2014-15 | ഖ. 3-16 | 2015-16 | 9.4 (ഓഡിറ്റ് ഇംപാക്ട്) | ടാർ നൽകിയതിൽ കുറവ്. 9.31 ലക്ഷം രൂപ സിഡ്കോയിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് തിരിച്ചടച്ചു | സമാനമായ അപാകതകൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ് |

കുറിപ്പ്: മേൽ സൂചിപ്പിച്ച ഖണ്ഡികകൾ കൂടാതെ വിവിധ സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള പൊതുഅവലോകനം, പ്രവർത്തനാവലോകന റിപ്പോർട്ടുകൾ, ലഘു അവലോകനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള പൊതു പരാമർശങ്ങൾ (സമാഹൃത റിപ്പോർട്ട് വർഷം 2011-12 ഖ. 2.1(2), 2.3, 2.9(5), 3.1.6, 3.2.13, 3.3.6 2012-13 ഖ.2.6, 3.1,3.3.19 2013-14 ഖ. 5.1.5,5.2.4,6.1.2 2014-15 ഖ. 4.1.6,4.1.7, 4.1.8,5.7.5 2015-16 ഖ. 3.6.2,3.7.8,4.2.8 2017-18 ഖ. 2.2).

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 41,49,19,971 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 34,54,19,909 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 43,203 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 50,25,859 |

(ബി). നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-16/3-1 | | 24,825 | ശ്രീ ജേക്കബ് കെ മത്തായി അഗ്രികൾച്ചർ |

| | | | |
|---|---|---|---|
| | | | ഫീൽഡ് ഓഫീസർ |
| 1-22/3-2 | | 18,378 | ശ്രീ തൗഫീക്ക് പി ഇസ്മയിൽ പ്രോജക്ട് ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 5,67,193 | ശ്രീ കെ കെ ബാബു ഹെൽത്ത് സൂപ്പർവൈസർ |
| 1-18 | 38,812 | 1. ശ്രീ കെ കെ ബാബു ഹെൽത്ത് സൂപ്പർവൈസർ 2. ശ്രീ ഷിബു വി പി സെക്രട്ടറി |
| 1-28 | 13,200, 31,110 | ശ്രീ ഷിബു വി പി സെക്രട്ടറി |
| 1-32 | 2,50,000 | ശ്രീ ഷിബു വി പി സെക്രട്ടറി |
| 1-34 | 15,10,150 | ശ്രീ ഷിബു വി പി സെക്രട്ടറി |
| 1-38 | 21,15,394 | ശ്രീ ഷിബു വി പി സെക്രട്ടറി |
| 1-39 | 5,00,000 | ശ്രീ കെ കെ ബാബു ഹെൽത്ത് സൂപ്പർവൈസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം:

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 400 | ശ്രീ ഷിബു വി പി സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ:

1-11(1), 1-25, 1-29

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|
| ശ്രീ ഷിബു വി പി<br>സെക്രട്ടറി<br>തിരുവല്ല നഗരസഭ | ശ്രീ ഷിബു വി പി<br>വട്ടക്കുന്നേൽ<br>ഇളങ്ങവം, വാരപ്പെട്ടി<br>എറണാകുളം |

| | |
|---|---|
| ശ്രീ ജേക്കബ് കെ മത്തായി<br>അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ<br>ചങ്ങനാശ്ശേരി നഗരസഭ | ശ്രീ ജേക്കബ് കെ മത്തായി<br>കുമരംക്കോട് ഹൗസ്<br>കോഴ പി ഒ<br>കുറവിലങ്ങാട് |
| ശ്രീ തൗഫീക്ക് പി ഇസ്മയിൽ,<br>ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്2/<br>പ്രോജക്ട് ഓഫീസർ<br>ചങ്ങനാശ്ശേരി നഗരസഭ | മക്കൽ ഹൗസ്<br>കങ്ങഴ പി.ഒ<br>കോട്ടയം |
| ശ്രീ കെ കെ ബാബു<br>ഹെൽത്ത് സൂപ്പർവൈസർ<br>വിരമിച്ചു | ശ്രീ കെ കെ ബാബു<br>നികുഞ്ചം<br>വൈക്കം പി ഒ<br>പുളിഞ്ചുവട്,<br>കോട്ടയം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1990-91 | എൽ.എഫ്.സി2-343/95, തീയതി, 30.10.95/12.1.96 | 49 | ഓഡിറ്റ് അദാലത്തുമായി ബന്ധപ്പെട്ട് ശേഖരിച്ച വിവരങ്ങൾ പ്രകാരം |
| 1991-92 | എൽ.എഫ്.സി2-246/97, തീയതി, 07.12.98 | 17 | ” |
| 1992-93 | എൽ.എഫ്.സി2-83/96, തീയതി, 18.7.96 | 33 | ” |
| 1993-94 | എൽ.എഫ്.സി2-347/96, തീയതി, 28.4.97 | 80 | ” |
| 1995-96 | എൽ.എഫ്.സി2-78/07,തീയതി, 18.4.07/7.5.07 | 7 | ” |
| 1996-97 | എൽ.എഫ്.സി2-233/01, തീയതി, 11.12.01 | 28 | ” |
| 1997-98 | എൽ.എഫ്.സി2-223/01, തീയതി, 01.07.02 | 38 | ” |
| 1998-99 | എൽ.എഫ്.സി2-22/01, തീയതി, 21.10.02 | 24 | ” |
| 1999-2000 | എൽ.എഫ്.സി2-60/03, തീയതി, 29.08.03 | 5 | ” |
| 2000-01 | എൽ.എഫ്.സി2-216/04, തീയതി, 29.08.05 | 33 | ” |
| 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.സി2-189/05, തീയതി, 3.10.05 | 25 | ” |
| 2001-02 (ചെലവ്) | എൽ.എഫ്.സി2-252/09,തീയതി, 07.12.09 | 31 | ” |
| 2001-02 (വരവ്) | എൽ.എഫ്.സി2-300/09,തീയതി, 02.01.10 | 11 | ” |
| 2002-03 (ചെലവ്) | എൽ.എഫ്.സി2-345/07,തീയതി, 31.10.08 | 50 | ” |
| 2002-03 (വരവ്) | എൽ.എഫ്.സി2-244/08,തീയതി, 02.03.09 | 10 | ” |
| 2003-04 (ചെലവ്) | എൽ.എഫ്.സി2-187//08, തീയതി, 07.12.09 | 21 | ” |
| 2003-04 (വരവ്) | എൽ.എഫ്.സി2-221/08, തീയതി, 03.03.09 | 3 | ” |

| | | | |
|---|---|---|---|
| 2004-05 (ചെലവ്) | എൽ.എഫ്.സി2-213/07/31.08.2007 /18.09.2007 | 14 | ” |
| 2004-05 (വരവ്) | എൽ.എഫ്.സി2-57എ /08, തീയതി, 13.03.09 | 8 | ” |
| 2005-06 | എൽ.എഫ്.സി2-197/09, തീയതി, 27.03.09 | 14 | ” |
| 2006-07 | എൽ.എഫ്.സി2-33/09, തീയതി, 22.05.10 | 19 | ” |
| 2007-08 | എൽ.എഫ്.സി2-416/10, തീയതി, 31.05.2011 | 17 | ” |
| 2008-09 | എൽ.എഫ്.സി2-227/09,തീയതി, 29.11.2012 | 45 | ” |
| 2009-10 | എൽ.എഫ്.സി2-400/12, തീയതി, 19.04.2013 | 21 | ” |
| 2010-11 | എൽ.എഫ്.സി2-270/2011,തീയതി, 08.11.2013 | 16 | ” |
| 2011-12 | എൽ.എഫ്.സി2-146/13,തീയതി, 28.05.14 | 24 | ” |
| 2012-13 | എൽ.എഫ്.സി2-88/2014, തീയതി, 12.03.15 | 37 | ” |
| 2013-14 | കെ.എസ്.എ.സി.വൈ.എം2-81/2015,തീയതി, 15.01.2016 | 35 | ” |
| 2014-15 | നം.കെ.എസ്.സി.വൈ.എം.3-140/2016, തീയതി, 27.07.2016 | 44 | ” |
| 2015-16 | നം.കെ.എസ്.എ.സി.വൈ.എം.3-34/2017 തീയതി 31.01.2017 | 32 | ” |
| 2016-17 | നം.കെ.എസ്.എ.സി.വൈ.എം.3-394/2017 തീയതി 30.12.2017 | 36 | ” |
| 2017-18 | നം.കെ.എസ്.എ.സി.വൈ.എം.3-46/2019 തീയതി 10.4.2019 | 57 | |
| 2018-19 | നം.കെ.എസ്.എ.-സി.വൈ.എം3-89/2020 തീയതി:- 24/04/2020 | | |
| 2019-20 | നം.കെ.എസ്.എ.-സി.വൈ.എം3-362/2020 1 തീയതി:- 20/12/2021 | | |

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, ചങ്ങനാശ്ശേരി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, ചങ്ങനാശ്ശേരി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്